# ദി ഡിഫെൻഡർ

Vol. No. 15 Issue No. 2 RNI Reg. No. 68089 / 97 Published From Perumbavoor 2012 January 16 Price: Rs.100/- P.A.

## എ.ജിയിലും ഗ്രൂപ്പുകളി



പി.എസ്.ഫിലിപ്പ്



ടി.ജെ.ശാമുവൽ

അടുത്ത എ.ജി തെരഞ്ഞെടുപ്പു ലക്ഷ്യമാക്കി പി.എസ്.ഫിലിപ്പ് പക്ഷവും ടി.ജെ.ശാമുവൽ പക്ഷവും ഗ്രൂപ്പ് യോഗങ്ങൾ തകൃതിയായി നടത്തുകയാണ്. കസേര നിലനിർത്താനാണു പി.എസ്.ഫിലിപ്പിന്റെ ശ്രമം. കസേര പിടിച്ചടക്കാൻ ടി.ജെ.ശാമുവൽ ശ്രമിക്കുകയും ചെയ്യുന്നു. ഇരുപക്ഷവും ജീവൻമരണ പോരാട്ടമാണു നടത്തുന്നത്. പ്രകൃതിവിരുദ്ധനായ മത്തായിക്കുട്ടിക്ക് ഓർഡിനേഷൻ കൊടുത്ത് വോട്ടു നേടാൻപോലും പി.എസ്.ഫിലിപ്പ് തയ്യാറായിക്കഴിഞ്ഞു.

എന്തു തന്ത്രം പ്രയോഗിച്ചിട്ടായാലും വേണ്ടില്ല, ഇത്തവണ ടി.ജെ.ശാമുവലിനെ സൂപ്രണ്ടാക്കിയേ അടങ്ങു എന്ന വാശിയിലാണ് എ.ജിയിലെ പ്രമുഖ വ്യഭിചാരികൾ. ഇവരിൽ ചിലരുടെ നേതൃത്വത്തിൽ ജനുവരി 11ന് പെരുമ്പാവൂരിൽ ഗ്രൂപ്പ് യോഗം നടത്തി. ആകെ മൊത്തം ടോട്ടൽ 22 വിശുദ്ധർ പങ്കെടുത്തു. പി.എസ്.ഫിലിപ്പിനെ തോൽപിക്കണമെന്നും ടി.ജെ.ശാമുവലിനെ ജയിപ്പിച്ചു സൂപ്രണ്ടാക്കണമെന്നും ഇവർ തീരുമാനിച്ചു. എ.ഷാജി, എൻ.ജി.രാജു, ബനാൻ സോസ്, രാജൻ ഏബ്രഹാം, റ്റി.റ്റി.ജേക്കബ്, കെ.എം.സാബു തുടങ്ങിയവർ നേതൃത്വം നൽകി. മറ്റു സ്ഥലങ്ങളിലും ഗ്രൂപ്പ് യോഗങ്ങൾ നടത്താനും ഫോണിലൂടെ വോട്ടുകൾ ഉറപ്പിക്കാനും തീരുമാനമായി.

കസേരയില്ലെങ്കിൽ ഈ സർപ്പസന്തതികൾക്ക് ജീവിക്കാൻ വയ്യ എന്നായിരിക്കുന്നു. അങ്ങാടിയിലും അമേരിക്കയിലും വന്ദനവും കൈമടക്കും ലഭിക്കാനും കൺവൻഷനുകളിൽ മുഖ്യാസനം തരപ്പെടുത്താനും സ്ഥാനമാനങ്ങൾ കൂടിയേ കഴിയൂ.

## ഐ.പി.സി കൺവൻഷനിൽ മാർ ക്രിസോസ്റ്റം പ്രസംഗിച്ചു

ഐ.പി.സിയുടെ 88-ാമത് ജനറൽ കൺവൻഷനിൽ മാർതോമ്മാ സഭയുടെ വലിയ മെത്രാപ്പോലീത്ത ഫിലിപ്പോസ് മാർ ക്രിസോസ്റ്റം പ്രസംഗിച്ചു. ജനുവരി 10ന് വൈകിട്ടു നടന്ന പൊതുയോഗത്തിലാണ് ഐ.പി.സി. നേതാക്കൻമാർ ക്രിസോസ്റ്റത്തിനു വേദി ഒരുക്കിയത്. മഹതിയാം ബാബിലോൺ എഴുതിയ പാസ്റ്റർ കെ.ഇ.ഏബ്രഹാമിന്റെ കൊച്ചുമകനായ വൽസൻ ഏബ്രഹാം ക്രിസോസ്റ്റത്തിനു സ്വാഗതം പറഞ്ഞു. കെ.ഇ.ഏബ്രഹാമിന്റെ മകനായ ടി.എസ്.ഏബ്രഹാം തിരുമേനിയുടെ മഹത്വം വാഴ്ത്തിപ്പാടി. തിരുമേനിയുടെ കുടുംബവും തങ്ങളുടെ കുടുംബവും തമ്മിലുള്ള ബന്ധത്തെക്കുറിച്ചും വിവരിച്ചു. (ജനം ഏങ്ങലടിച്ചു.) എല്ലാം കഴിഞ്ഞ് ക്രിസോസ്റ്റം പ്രസംഗിച്ചു. ഐ.പി.സി പ്രസിഡന്റായ കെ.സി.ജോൺ ഒടുവിൽ ഉപസംഹാരവും പറഞ്ഞു. അങ്ങനെ ഐ.പി.സിയും മഹതിയാം ബാബിലോണിന്റെ ഭാഗമായി.




സന്തോഷം കൊണ്ടു ഞങ്ങൾക്കിരിക്കാൻ വയ്യേ......

ഐ.പി.സിയിലെ അംഗങ്ങളിൽ മൂന്നിലൊന്നെങ്കിലും മാർതോമ്മാ സഭ വിട്ടു വന്നവരാണ്. മാർതോമ്മാ സഭയിൽ നിന്നുകൊണ്ടു രക്ഷ പ്രാപിക്കാൻ കഴിയുമായിരുന്നെങ്കിൽ അവർ കഷ്ടനഷ്ടങ്ങൾ സഹിച്ച് പെന്തക്കോസ്തിൽ വരേണ്ടിയിരുന്നില്ല. കെ.ഇ.ഏബ്രഹാമും ടി.എസ്.ഏബ്രഹാമും കെ.സി.ജോണും മറ്റും കഴിഞ്ഞ കാലങ്ങളിൽ മാർതോമ്മാ സഭ ഉൾപ്പെടെയുള്ള സമുദായങ്ങളിലെ ദുരുപദേശങ്ങൾക്കെതിരെ പ്രസംഗിക്കുകയും സമുദായക്കാരെ സ്നാനപ്പെടുത്തി ഐ.പി.സിയിൽ ചേർക്കുകയും ചെയ്തിരുന്നതാണ്. ഇവരുടെ കൈക്കീഴിൽ സ്നാനപ്പെട്ട മാർതോമ്മാക്കാർ ശ്രോതാക്കളായിരിക്കുന്ന സദസ്സിലാണ് മാർതോമ്മായിലെ വലിയ തിരുമേനിയെ കയറ്റി പ്രസംഗിപ്പിച്ചത്. ഈ തിരുമേനി ഉൾപ്പെടെയുള്ള മാർതോമ്മാ തിരുമേനിമാർ ഒപ്പിട്ട മുടക്കു കല്പനകൾ ശ്രോതാക്കളിൽ പലരുടെയും വീട്ടിൽ ഇരിക്കുന്നുണ്ടാകും എന്നു തീർച്ച.

കെ.ഇ.ഏബ്രഹാം മഹതിയാം ബാബിലോൺ എഴുതിയിട്ട് ഒരു നൂറ്റാണ്ടു തികഞ്ഞില്ല. ഈ പുസ്തകം നൂറു വർഷം തികയ്ക്കുമ്പോൾ കുമ്പനാട് കൺവൻഷനിൽ കർദ്ദിനാളും മൗലവിയും തന്ത്രിയും പ്രധാന പ്രസംഗകരായുണ്ടാകും. മൂക്കോളം മുങ്ങിയാൽപ്പിന്നെ മൂവാളോ നാലാളോ എന്നു നോക്കുന്നതെന്തിന്?

## 'മരിച്ചവർ എവിടെ' സ്റ്റോക്കില്ല

'മരിച്ചവർ എവിടെ' എന്ന പുസ്തകം വിറ്റുതീർന്നെന്നും അതുകൊണ്ട് ഇനി ഒരു അറിയിപ്പുണ്ടാകുന്നതുവരെ ഈ പുസ്തകത്തിനുവേണ്ടി പണം അയയ്ക്കരുതെന്നും കഴിഞ്ഞ ലക്കത്തിൽ അറിയിച്ചിരുന്നല്ലോ. എങ്കിലും ചിലർ ഈ പുസ്തകം ലഭിക്കുന്നതിനായി വീണ്ടും പണമയച്ചു. അതുകൊണ്ട് ഈ അറിയിപ്പ് ഒന്നാം പേജിൽ പ്രസിദ്ധീകരിക്കുകയാണ്. നാല് എഡിഷനുകളിലായി ഈ പുസ്തകത്തിന്റെ 10,000 (പതിനായിരം) കോപ്പികൾ അടിച്ചെങ്കിലും ആവശ്യക്കാർക്കെല്ലാം കൊടുക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അഞ്ചാം പതിപ്പ് കഴിയുന്നത്ര വേഗം പുറത്തിറക്കുന്നതാണ്. ഈ പുസ്തകത്തിന്റെ പി.ഡി.എഫ്. ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ നിന്നു ഡൗൺലോഡ് ചെയ്യാം. 'അടിസ്ഥാന വേദോപദേശങ്ങൾ' എന്ന പുസ്തകം തുടർന്നും ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾ അഞ്ചാം പേജിൽ.

### പകൽക്കാലം




ജയ്മോഹൻ ഒമാനിൽ – വാർത്ത

## രക്ഷിക്കപ്പെട്ടവൻ പറയുന്നതിങ്ങനെ

കുമ്പനാട് കൺവൻഷനിൽ തിരുമേനിയെ കയറ്റി പ്രസംഗിപ്പിച്ച വാർത്ത ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ വായിച്ച നിരവധി ആളുകൾ ശക്തമായ ഭാഷയിൽ പ്രതികരിക്കുകയുണ്ടായി. അമേരിക്കയിൽ നിന്നു ലഭിച്ച ഒരു കത്ത് ഇങ്ങനെ:

"മാർതോമ്മാ സഭയുടെ തിരുമേനി പെന്തക്കോസ്ത് സഭയുടെ കൺവൻഷനിൽ പ്രസംഗിച്ചു എന്ന വാർത്തയാണ് ഈ കുറിപ്പിന് ആധാരം: പരിശുദ്ധാത്മാവിൽ നിറഞ്ഞ് അന്യഭാഷയിൽ സംസാരിച്ച എന്റെ വല്യമ്മച്ചിയുടെ കണ്ണിൽ കാന്താരിമുളക് തേയ്ക്കുവാൻ കൂട്ടുനിന്നതു മാർതോമ്മാ സഭയാണ്. വേദപുസ്തകസത്യത്തിനുവേണ്ടി നിലകൊണ്ട് വിശ്വാസസ്നാനം സ്വീകരിച്ച എന്റെ അമ്മയെ ചാണകം പൂശി റോഡിലൂടെ നടത്തുവാൻ ആഹ്വാനം ചെയ്തതും മാർതോമ്മാ സഭതന്നെ. ആ സഭയുടെ വക്താക്കൾ മാനസാന്തരം കൂടാതെ പെന്തക്കോസ്ത് സഭാകൺവൻഷനുകളിൽ പ്രസംഗിക്കുന്നെങ്കിൽ കാന്താരിമുളകും ചാണകവും പൂശേണ്ടത് ഇന്നത്തെ പെന്തക്കോസ്ത് സഭാ നേതാക്കൻമാരുടെ കണ്ണിലും മുഖത്തുമാണ്. ഇവരെയൊക്കെ ചെരുപ്പുമാല അണിയിച്ച് കഴുത്തിൽ തകരപ്പാട്ട കെട്ടി തെരുവിലൂടെ നടത്തി അടിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. എന്റെ അമ്മ ഇപ്പോഴും ജീവിച്ചിരുപ്പുണ്ട്. രണ്ടു മുടക്കു കല്പനകളും സൂക്ഷിച്ചു വച്ചിട്ടുമുണ്ട്."

## പ്രാർത്ഥിച്ചു: പരേത ഉയിർത്തില്ല

ഗൗഡ പ്രാർത്ഥിച്ചു. പക്ഷേ പരേത ഉയിർത്തില്ല. സംഭവം നടന്നത് മാവേലിക്കര-വേട്ടിയാർ ഭാഗത്തുള്ള ഒരു സഭയിലാണ്. ഗൾഫിൽ വച്ചു മരിച്ച ഒരു യുവസഹോദരിയുടെ ജഡം സംസ്ക്കാരത്തിനായി സ്വദേശത്തു കൊണ്ടുവന്നപ്പോഴാണ് ഗൗഡ ഉയിർപ്പിക്കൽ വിദ്യയുമായി രംഗത്തെത്തിയത്. ശവം ഉയിർക്കാനായി ഗൗഡ പ്രാർത്ഥിച്ചു. പക്ഷേ പ്രാർത്ഥിച്ചത് ഉയിർപ്പിക്കൽ വീരനായ ഗൗഡയാണെന്നു മൃതദേഹത്തിനു മനസ്സിലായില്ല. അതുകൊണ്ടു ശവം ഉയിർത്തുമില്ല. അര മണിക്കൂർ കഴിയുമ്പോൾ ഉയിർക്കുമെന്നായി ഗൗഡ. അതുവരെ കാത്തു നിൽക്കാൻ പൊതുജനം തയ്യാറല്ലായിരുന്നു. അതുകൊണ്ട് അവർ കൈവയ്പ്പിനുള്ള വട്ടം കൂട്ടി. സ്ഥിതി വഷളാകുന്നു എന്നു മനസ്സിലാക്കിയ ഗൗഡ ജീവനുംകൊണ്ടു സ്ഥലം വിട്ടു.



പ്രാർത്ഥനയിലൂടെ 14 ശവങ്ങൾ ഉയിർപ്പിച്ചെന്നു തിരുവല്ലയിലും 10 ശവം ഉയിർപ്പിച്ചെന്നു തൃശൂരിലും പറയുന്ന പാസ്റ്റർ സന്തോഷ് മോഹൻ പി. ഗൗഡ കേരളത്തിലെ വിവിധ പട്ടണങ്ങളിൽ യോഗങ്ങൾ നടത്തുകയാണ്. ജനുവരി 6 മുതൽ 8 വരെ ഇയാൾ മഞ്ഞാടിയിൽ പ്രസംഗിക്കാനെത്തുന്നന്നതായി നോട്ടീസിൽ കണ്ടിരുന്നു. ജനുവരി 22 മുതൽ ഇയാൾ തൃശൂരിൽ പ്രസംഗിക്കുന്നുണ്ട്. (വിശദ വിവരങ്ങൾക്ക് കഴിഞ്ഞ ലക്കം ഡിഫെൻഡർ പേജ് 9 നോക്കുക.) ഇയാൾ മുൻ പ്രധാനമന്ത്രി ദേവഗൗഡയുടെ അടുത്ത ബന്ധുവാണത്രേ.

കാള പെറ്റെന്നു കേട്ടാൽ കയറെടുക്കുന്നവരായി പെന്തക്കോസ്തർ അധ:പതിച്ചു കഴിഞ്ഞു. അദ്ഭുതങ്ങളുടെ പിന്നാലെ അവർ നെട്ടോട്ടമോടുകയാണ്. ഗൗഡയെപ്പോലുള്ളവർ വിളയാടാൻ ഇതാണു കാരണം.

## മെയിലിംഗ് ലിസ്റ്റ് പുതുക്കി

ഡിഫെൻഡറിന്റെ മെയിലിംഗ് ലിസ്റ്റ് പുതുക്കി. കുടിശികയുള്ളവരുടെ വിലാസം ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. പുതിയ മെയിലിംഗ് ലിസ്റ്റ് അനുസരിച്ചാകും ഈ ലക്കം മുതൽ പത്രം അയയ്ക്കുക. കുടിശികയുള്ളവരുടെ പേരുകൾ ഒഴിവാക്കിയതുമൂലം മിച്ചം വന്ന കോപ്പികൾ ചിലർക്കു സാമ്പിളായി അയയ്ക്കുന്നു. ഇങ്ങനെ സാമ്പിൾ കോപ്പി ലഭിക്കുന്നവർ തുടർന്നും ഡിഫെൻഡർ ലഭിക്കുവാൻ 100 രൂപ വരിസംഖ്യ നൽകേണ്ടതാണ്.

ദി ഡിഫെൻഡർ
Vol. No.15 Issue No.2 2012 January 16

# സത്യം സത്യമായി

## ഐ.പി.സിക്കാരേ, ലജ്ജിക്കൂ

ഉപദേശത്തിലും ജീവിതത്തിലും പെന്തക്കോസ്ത് സഭകൾ തകർന്നുകഴിഞ്ഞു എന്നു ഡിഫെൻഡർ പറയാൻ തുടങ്ങിയിട്ടു വർഷങ്ങൾ പലതായി. പക്ഷേ പെന്തക്കോസ്ത് സഭകളെ തകർക്കാൻ സാത്താൻ ഉപയോഗിക്കുന്ന ആയുധമാണു ഡിഫെൻഡർ എന്ന നിലപാടാണ് ഭൂരിപക്ഷം പെന്തക്കോസ്തർക്കുമുള്ളത്. എന്നാൽ ഡിഫെൻഡറിന്റെ നിലപാടാണു ശരി എന്നു കാലം തെളിയിക്കുന്നു. കുമ്പനാട് കൺവൻഷനിൽ അരങ്ങേറിയ മ്ലേച്ഛത ഇത്തരത്തിലൊന്നാണ്.

കത്തോലിക്കാസഭയാണു മഹതിയാം ബാബിലോൺ എന്നും ഇതര പട്ടത്വ സഭകൾ ഈ മഹാവേശ്യയുടെ മക്കളാണെന്നും ഒരു നൂറ്റാണ്ടോളം മുമ്പു പറഞ്ഞതു റ്റി.എസ്.ബാലനോ ഡിഫെൻഡറോ അല്ല റ്റി.എസ്.ഏബ്രഹാമിന്റെ പിതാവും വൽസന്റെ വല്യപ്പനുമായ കെ.ഇ.ഏബ്രഹാമാണ്. ഐ.പി.സിയുടെ ആദ്യകാല നേതാക്കളിൽ പ്രമുഖനായിരുന്നു അദ്ദേഹം. ഐ.പി.സി സ്ഥാപിച്ചത് കെ.ഇ.ഏബ്രഹാമാണെന്നു ചിലർ ഭോഷ്ക്കു പറയാറുമുണ്ട്. കെ.ഇ.ഏബ്രഹാമിന്റെ നിലപാടുകൾ അദ്ദേഹത്തിന്റെ പിൻതലമുറയോ ഐ.പി.സിയോ തള്ളിക്കളഞ്ഞതായി അറിവില്ല. പക്ഷേ കെ.ഇ.ഏബ്രഹാം പൊളിച്ചത് മകനും കൊച്ചുമകനും ചേർന്നു പണിയുന്നു.

മാർതോമ്മാസഭ വചനാനുസൃതമുള്ളതാണോ? ആണെങ്കിൽ ഐ.പി.സി പിരിച്ചുവിടണം. സകല ഐ.പി.സിക്കാരും മാർതോമ്മാക്കാരാകണം. അതല്ല, മാർതോമ്മാ സഭ ദുരുപദേശസംഘടനയാണെങ്കിൽ ഈ സംഘടനയുടെ വലിയ മെത്രാപ്പോലീത്തായെ ക്ഷണിച്ചുവരുത്തി ഐ.പി.സിയുടെ ജനറൽ കൺവൻഷനിൽ പ്രസംഗിപ്പിച്ച പാപത്തിന് സകല ഐ.പി.സിക്കാരും ഉത്തരവാദികളാണ്. സ്റ്റേജിലിരുന്ന നേതാക്കൻമാരോ സദസ്സിലിരുന്ന സാധാരണക്കാരോ ഈ തിൻമയ്ക്കെതിരെ പ്രതികരിച്ചില്ല. കുറഞ്ഞപക്ഷം ഇറങ്ങിപ്പോകാനെങ്കിലും കഴിയുമായിരുന്നല്ലോ. പക്ഷേ അതൊന്നുമുണ്ടായില്ല. എന്തുകൊണ്ട്? ഐ.പി.സി അത്രയ്ക്ക് അധഃപതിച്ചിരിക്കുന്നു. ഐ.പി.സിയിലെ പാസ്റ്റർമാരും വിശ്വാസികളും ആത്മീയ ശവങ്ങളായിക്കഴിഞ്ഞു. ഇനി ശരിക്കു നാറും.

ഐ.പി.സിയിൽ ദൈവമക്കളായി ആരും അവശേഷിക്കുന്നില്ലേ? ഉണ്ടെങ്കിൽ ഐ.പി.സിയുടെ അധഃപതനമോർത്തു ലജ്ജിക്കൂ, കണ്ണീരൊഴുക്കൂ. മഹതിയാം ബാബിലോണിനു കിടക്കവിരിച്ച ഐ.പി.സിക്ക് ഇനി ദൈവസഭയെന്ന് അവകാശപ്പെടാൻ അവകാശമോ അധികാരമോ ഇല്ലെന്നു മനസ്സിലാക്കൂ. ദൈവമക്കൾ ഐ.പി.സി വിട്ടു പുറത്തുവരണം. ഉപദേശത്തിലും ജീവിതത്തിലും വിശുദ്ധി പരിപാലിച്ചു ജീവിക്കുമെന്നു പ്രഖ്യാപിക്കണം. പ്രഖ്യാപനം നടപ്പിലാക്കണം.

ഒരു തെറ്റിന് രണ്ടുവട്ടം ശിക്ഷിക്കുന്നതു ശരിയാണോ? ശരിയല്ലെന്നു മാത്രമല്ല ഇതിനെതിരെ ഇന്ത്യൻ ഭരണഘടനയുടെ 22(2) വകുപ്പിൽ ഇന്ത്യൻ പൗരനു സംരക്ഷണം ഉറപ്പാക്കുന്നുമുണ്ട്. ഒരു തെറ്റിന് ഒന്നിലധികം തവണ വിചാരണ ചെയ്യപ്പെടുകയോ ശിക്ഷിക്കപ്പെടുകയോ ചെയ്യരുതെന്ന് ഭരണഘടനയിൽ വ്യക്തമായി പറയുന്നുണ്ട്. ടോമിൻ തച്ചങ്കേരി തെറ്റുകാരനാണോ അല്ലയോ എന്നു നമുക്കറിഞ്ഞുകൂടാ. പക്ഷേ തെറ്റുകാരനാണെങ്കിൽപ്പോലും ഒരു തെറ്റിനു രണ്ടു വട്ടം സസ്പെന്റ് ചെയ്യുന്നതു നീതിനിഷേധമാണ്. ഇതു സർക്കാരിന്റെ കഴിവുകേടുമാണ്. സസ്പെൻഷൻ എന്നതു ശിക്ഷയല്ലെന്നും അതുകൊണ്ടു ഭരണഘടനയുടെ ലംഘനം ഉണ്ടായിട്ടില്ലെന്നും വാദിക്കാൻ കഴിഞ്ഞേക്കാം. പക്ഷേ ഈ വാദം കോടതിയിൽ വിലപ്പോകുമോ എന്നു കണ്ടുതന്നെ അറിയണം.

കടുവായെ കിടുവ പിടിച്ചു എന്നു പറഞ്ഞതുപോലുള്ള സ്ഥിതിയിലാണ് നമ്മുടെ പ്രതിപക്ഷനേതാവ്. ഇക്കാലമത്രയും അഴിമതിക്കെതിരേ പോരാടി. പല ഉന്നതരുടെയും ഉറക്കം കെടുത്തി. ചിലരെ ജയിലിലുമാക്കി. പക്ഷേ ഇപ്പോഴിതാ കാറ്റു മാറി വീശുന്നു. ബന്ധുവിനു ഭൂമി പതിച്ചു കൊടുത്ത പ്രശ്നത്തിൽ വി.എസ്സ് പ്രതിയാകുന്നു. കൂട്ടിനു മറ്റു ചില പ്രമുഖരൊക്കെയുണ്ടെങ്കിലും പ്രതിപക്ഷനേതാവിനോളം വലിയവരല്ല അവരാരും. അതുകൊണ്ട് സംഗതി അല്പം ഗൗരവമുള്ളതാണെന്നു പറയാതെവയ്യ.

മുല്ലപ്പെരിയാറിൽ സംയുക്ത നിയന്ത്രണം വേണമെന്നു മുഖ്യമന്ത്രി പറഞ്ഞതു വിവാദമായി. ഡാമിന്റെ ഉടമസ്ഥാവകാശത്തെക്കുറിച്ചാണു പറഞ്ഞതെന്നു കരുതി പ്രതിപക്ഷം കോലാഹലമുണ്ടാക്കി. പുതിയ ഡാം കേരളത്തിന്റേതു മാത്രമായിരിക്കുമെന്നും ജലവിനിയോഗത്തിന്റെ കാര്യത്തിൽ മാത്രമാണു സംയുക്ത നിയന്ത്രണം ഉണ്ടാകുക എന്നും വ്യാഖ്യാനിച്ചു മുഖ്യമന്ത്രി തടിതപ്പി. എങ്കിലും പുതിയ ഡാം ഉണ്ടാകുമോ എന്ന് ഇതുവരെ പറയാറായിട്ടുമില്ല.

മെട്രോ റെയിലിന്റെ കാര്യത്തിൽ നാളിതുവരെ അന്തിമ തീരുമാനമായിട്ടില്ല. ശ്രീധരനെ കൂടിയേ കഴിയൂ എന്നു കേരളം പറയുന്നു. ഡി.എം.ആർ.സി ഉണ്ടെങ്കിൽ മാത്രമേ താനുണ്ടാകൂ എന്ന് ശ്രീധരനും പറയുന്നു. ഈ ലക്കം ഡിഫെൻഡർ പ്രസ്സിൽ കൊടുക്കുന്ന സമയത്ത് ഇതാണു സ്ഥിതി. നാളെ എന്തു സംഭവിക്കുമെന്നു പറയാനാവില്ല. മെട്രോ റെയിൽ വേണമെന്ന കാര്യത്തിൽ എല്ലാവർക്കും ഒരേ അഭിപ്രായമാണുള്ളത് എന്നതു മാത്രമാണ് ഏക ആശ്വാസം.

ഒരു വിഭാഗത്തെ ഇല്ലാതാക്കിക്കൊണ്ടാണു സി.പി.എം. വിഭാഗീകത പരിഹരിക്കുന്നതെന്നു ചെന്നിത്തല പറയുന്നു. ഈ പറഞ്ഞതിൽ അല്പം സത്യമില്ലെന്നു പറയാനാവില്ല. ഔദ്യോഗിക പക്ഷമാണ് യഥാർത്ഥ പാർട്ടിയെന്നും മറ്റുള്ളവരെല്ലാം വിഭാഗീകത വളർത്തുന്നവരാണെന്നും ആണല്ലോ വ്യാഖ്യാനം. അങ്ങനെ വരുമ്പോൾ വിഭാഗീകത ഇല്ലാതാക്കുക എന്നത് ഒരു വിഭാഗത്തെത്തന്നെ ഇല്ലാതാക്കലാകാതെ തരമില്ല. പക്ഷേ ഇതൊക്കെ പറയാൻ കോൺഗ്രസ്സ് പ്രസിഡന്റിന് അവകാശമുണ്ടോ എന്നൊരു സംശയം. വിഭാഗീകതയോടെയാണെങ്കിലും സി.പി.എം. കൃത്യമായി പാർട്ടി സമ്മേളനം നടത്തുന്നു. ഉൾപ്പാർട്ടി ജനാധിപത്യം അനുവദിക്കുന്നു. അതിന്റെ മറവിൽ വിഭാഗീകത അരങ്ങേറുന്നുണ്ടെങ്കിലും തെരഞ്ഞെടുപ്പു നടത്തുന്നു. കോൺഗ്രസ്സിൽ ഇതൊന്നുമില്ലാതായിട്ട് വർഷങ്ങൾ എത്രയായെന്നുപോലും പറയാൻ പറ്റില്ല. അങ്ങനെയുള്ള കോൺഗ്രസ്സിന്റെ തലപ്പത്ത് നോമിനേഷനിലൂടെ കയറിപ്പറ്റുകയും ഹൈക്കമാന്റിന്റെ കനിവുമൂലം തുടരുകയും ചെയ്യുന്ന ചെന്നിത്തലയ്ക്ക് സി.പി.എമ്മിനെക്കുറിച്ച് പറയാൻ യാതൊരു അവാകാശവുമില്ല.

എൽ.ഡി.എഫ് വിട്ടു പുറത്തു ചാടാനുള്ള തയ്യാറെടുപ്പിലാണോ സി.പി.ഐ? അങ്ങനെ സംശയിക്കാൻ കാരണമുണ്ട്. ഈയിടെയായി സി.പി.ഐ വല്യേട്ടനെതിരെ നിരന്തരം വായ് തുറക്കുന്നു. ഇനി ഇങ്ങനെ കഴിയാൻ പറ്റില്ല എന്നു തുറന്നു പറയുന്നു. സ്വന്തം പരിപാടികൾ പ്രഖ്യാപിക്കുന്നു. പുറത്താക്കുന്നെങ്കിൽ നേരിടാൻ തയ്യാർ എന്നു പറയാതെ പറയുന്നു. എന്തൊക്കെയോ മുന്നിൽ കണ്ടുകൊണ്ടുള്ള ചാട്ടമല്ലേ ഇത്? യു.ഡി.എഫിൽ നിന്ന് വല്ല ഉറപ്പും കിട്ടിയോ എന്നൊരു സംശയം.

പിന്നെയും ശങ്കരൻ തെങ്ങേൽ എന്ന സ്ഥിതിയിലേക്കാണോ പാകിസ്ഥാൻ പോകുന്നത്? ജനാധിപത്യ സർക്കാരിനേക്കാൾ ശക്തമാണു പാകിസ്ഥാനിലെ പട്ടാളം. അതു കഴിഞ്ഞ കാലങ്ങളിൽ ലോകം കണ്ടതുമാണ്. ആദ്യം അയൂബ്ഖാൻ. പിന്നെ യാഹ്യാഖ്യാൻ. സിയായും മോശമായില്ല. മുഷാറഫ് ശരിക്കു ഷൈൻ ചെയ്യുകയുമുണ്ടായി. അടുത്ത പട്ടാള വിപ്ലവം പടിവാതിൽക്കൽ എത്തി നിൽക്കുകയുമാണ്. ഈ ലക്കം ഡിഫെൻഡർ വായനക്കാരുടെ കൈകളിൽ എത്തുന്നതിനു മുമ്പായി പാകിസ്ഥാനിൽ ഭരണമാറ്റമുണ്ടായാൽ അദ്ഭുതപ്പെടാനില്ല. അത്രയ്ക്കു ഗൗരവമുള്ളതാണ് പാകിസ്ഥാനിലെ സ്ഥിതിവിശേഷം.

## ഈ വചനം വിശ്വാസയോഗ്യമാകുന്നു......

അന്യായം ചെയ്യുന്നവർ ദൈവരാജ്യം അവകാശമാക്കുകയില്ല എന്നു അറിയുന്നില്ലയോ? നിങ്ങളെത്തന്നേ വഞ്ചിക്കാതിരിക്കുവിൻ; ദുർന്നടപ്പുകാർ, വിഗ്രഹാരാധികൾ, വ്യഭിചാരികൾ, സ്വയഭോഗികൾ, പുരുഷകാമികൾ, കള്ളൻമാർ, അത്യാഗ്രഹികൾ, മദ്യപൻമാർ, വാവിഷ്ഠാണക്കാർ, പിടിച്ചുപറിക്കാർ എന്നിവർ ദൈവരാജ്യം അവകാശമാക്കുകയില്ല. നിങ്ങളും ചിലർ ഈ വകക്കാരായിരുന്നു; എങ്കിലും നിങ്ങൾ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിലും നമ്മുടെ ദൈവത്തിന്റെ ആത്മാവിനാലും നിങ്ങളെത്തന്നേ കഴുകി ശുദ്ധീകരണവും നീതീകരണവും പ്രാപിച്ചിരിക്കുന്നു.(1കൊരി.6:9-11)

**ഡിഫെൻഡർ പി.ഡി.എഫ് ഫോർമാറ്റിൽ ഇന്റർനെറ്റിൽ ലഭ്യമാണ്.**

*Please Visit:*

**www.tsbalan.com**

**tsbalan.org tsbalan.net**

ബൈബിൾ റേഡിയോ

**www.thebibleradio.com**

**വാർഷിക വരിസംഖ്യ**

ഇന്ത്യയിൽ: 100 രൂപ
ആയുഷ്ക്കാല വരിസംഖ്യ: 1000 രൂപ

**വിലാസം:**

റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., എറണാകുളം.

(ചെക്ക്/ഡി.ഡി. അയയ്ക്കുന്നവർ റ്റി.എസ്.ബാലൻ എന്ന പേരെഴുതി അയയ്ക്കുക. ഡിഫെൻഡർ എന്ന പേരിൽ അക്കൗണ്ടില്ല)

**ട്രസ്റ്റുകളും സൊസൈററികളും ഉണ്ടാക്കുന്നതെങ്ങനെ?**

തികച്ചും നിയമാനുസൃതമായി ചാരിറ്റബിൾ സൊസൈറ്റികളോ ട്രസ്റ്റുകളോ ഉണ്ടാക്കാനും നടത്താനും നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ? എങ്കിൽ ഡിഫെൻഡർ നിങ്ങളെ സഹായിക്കാം:
ചാരിറ്റബിൾ ട്രസ്റ്റുകൾ, സൊസൈറ്റികൾ തുടങ്ങിയവ ഉണ്ടാക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകുന്നു.
ട്രസ്റ്റ് ഡീഡ്/സൊസൈറ്റിയുടെ ബൈലോ ഉണ്ടാക്കി കൊടുക്കുന്നു.
ആദായനികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ വിവരങ്ങൾ നൽകുന്നു. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

റ്റി.എസ്.ബാലൻ, ആനന്ദ് ഭവൻ
കെ.എസ്.ആർ.റ്റി.സിക്ക് സമീപം,
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ.** 683542
ഫോൺ: **0484-3232356. Mob: 9645077483**
**Local Calls from USA & Canada: (972)-213-1404**

# പ്രസ്സ് അസോസിയേഷൻ പി.ജിക്കു പുലിവാലായി



എന്തിന്റെയെങ്കിലുമൊക്കെ പ്രസിഡന്റ്, സെക്രട്ടറി തുടങ്ങിയതൊക്കെ ആകുക, പത്രത്തിൽ ഫോട്ടോയും പേരും മറ്റും അടിച്ചു കാണുക തുടങ്ങിയ കാര്യങ്ങളിൽ അതീവ താൽപര്യമുള്ള വ്യക്തിയാണ് ചർച്ച് ഓഫ് ഗോഡിന്റെ അസി. ഓവർസിയറായ പി.ജി.മാത്യൂസ്. ഈയിടെ മെഴുകുതിരി കത്തിച്ചുനിന്നു പ്രാർത്ഥിക്കേണ്ട ഗതികേടുണ്ടായത് ഈ വിധത്തിലുള്ള അധികാരക്കൊതി മൂത്താണ്. പെന്തക്കോസ്തൽ പ്രസ്സ് അസോസിയേഷൻ എന്ന സംഘടനയുടെ പ്രസിഡന്റ് പദമാണ് പി.ജി.മാത്യൂസിനെ മെഴുകുതിരിയിൽ കുടുക്കിയത്.

ഈ സംഘടനയുടെ പ്രസിഡന്റ് പദവി പി.ജി.മാത്യൂസിനെ മറ്റൊരു വൈതരണിയിൽ എത്തിച്ചു. ചർച്ച് ഓഫ് ഗോഡ് വിളിച്ച പത്രസമ്മേളനം ചർച്ച് ഓഫ് ഗോഡിന്റെ അസി. ഓവർസിയറായ പി.ജി.മാത്യൂസിനു ബഹിഷ്ക്കരിക്കേണ്ടതായി വന്നു. സംഭവം ചുരുക്കി പറയാം:

പെന്തക്കോസ്തിൽ പത്രങ്ങൾക്കും പത്രങ്ങളുടെ സംഘടനകൾക്കും പഞ്ഞമില്ല. അവയിൽ ഒന്നായ പെന്തക്കോസ്തൽ പ്രസ്സ് അസോസിയേഷന്റെ പ്രസിഡന്റാണു പി.ജി.മാത്യൂസ് എന്നു പറഞ്ഞു കഴിഞ്ഞല്ലോ. ചർച്ച് ഓഫ് ഗോഡിന്റെ ജനറൽ കൺവൻഷനുമായി ബന്ധപ്പെട്ട് സഭാനേതൃത്വം ഔദ്യോഗികമായി ഒരു പത്രസമ്മേളനം വിളിച്ചു. അതിൽ സംഘടന നോക്കാതെ എല്ലാ പത്രക്കാരെയും വിളിച്ചു. ബദൽ സംഘടനയിലുള്ളവരെ വിളിച്ചതിൽ പ്രതിഷേധിച്ച് അസോസിയേഷൻ ഈ പത്രസമ്മേളനം ബഹിഷ്ക്കരിച്ചു. അസോസിയേഷൻ ബഹിഷ്ക്കരിച്ച പത്രസമ്മേളനത്തിൽ അസോസിയേഷന്റെ പ്രസിഡന്റ് പങ്കെടുക്കുന്നതു ശരിയല്ലല്ലോ. അങ്ങനെ അസി. ഓവർസിയർ ചർച്ച് ഓഫ് ഗോഡിന്റെ പത്രസമ്മേളനം ബഹിഷ്ക്കരിച്ചു.

# ചർച്ച് ഓഫ് ഗോഡ് ഇലക്ഷൻ ഫലം

ജനുവരി 10ന് നടന്ന ചർച്ച് ഓഫ് ഗോഡ് (മുളക്കുഴ) കൗൺസിൽ ഇലക്ഷൻ ഫലം താഴെ കൊടുക്കുന്നു. തൊള്ളായിരത്തോളം വോട്ടർമാർ ഉണ്ടായിരുന്നെങ്കിലും 710 പേർ മാത്രമേ വോട്ട് ചെയ്തുള്ളു. പതിനഞ്ചു കൗൺസിൽ അംഗങ്ങളെ തെരഞ്ഞെടുക്കാൻ നടന്ന ഇലക്ഷനിൽ 36 സ്ഥാനാർത്ഥികളുണ്ടായിരുന്നു.

വിജയിച്ചവർ ഇവരാണ്: (ലഭിച്ച വോട്ടുകൾ ബ്രാക്കറ്റിൽ)

1. പി.ജെ.ജയിംസ് (589) 2. ബെൻസ് ഏബ്രഹാം (445) 3. എ.റ്റി.ജോസഫ് (441) 4. വൈ.റെജി (419) 5. ജോൺസൺ ദാനിയേൽ (390) 6. എം.ജോൺസൺ (383) 7. തോമസ് എം. പുളിവേലിൽ (343) 8. മാത്യു കെ. ഫിലിപ്പ് (339) 9. റ്റി.എ.ജോർജ് (313) 10. ഷിബു കെ.മാത്യു (303) 11. എം.ഇ.ബേബി (282) 12. റ്റി.സി. ചെറിയാൻ (273) 13. കെ.വി.ജോയിക്കുട്ടി (267) 14. കെ.കോരിത് (267) 15. ജെ.ജോസഫ് (250)


## റ്റി.എസ്.ബാലന്റെ പ്രസംഗങ്ങൾ ഇപ്പോൾ യു.എസ്.ബി. ഡ്രൈവിലും




റ്റി.എസ്.ബാലന്റെ പ്രസംഗങ്ങൾ ഇപ്പോൾ യു.എസ്.ബി. ഡ്രൈവിലും ലഭിക്കും. വീട്ടിൽ ഒരു ബൈബിൾ സ്കൂൾ (100 മണിക്കൂർ), പുതിയനിയമത്തിൽ നിന്ന് നൂറു പ്രസംഗങ്ങൾ (100 മണിക്കൂർ) എന്നിവ (ആകെ 200 മണിക്കൂർ) ഒരു യു.എസ്.ബി. ഡ്രൈവിൽ ലഭിക്കുന്നു. വിലയിൽ മാറ്റമില്ല, അതായത് ഇന്ത്യയിൽ 1800 രൂപ. വിദേശത്ത് 100 ഡോളർ. ഇന്ത്യയിലും വിദേശത്തും പോസ്റ്റേജ് സൗജന്യം. ലൈബ്രറി ഓഫ് തിയോളജിയും (10 സി.ഡികൾ) ഇപ്പോൾ യു.എസ്.ബി ഡ്രൈവിൽ ലഭിക്കുന്നതാണ്. പി.ഡി.എഫ്. ഫോർമാറ്റിൽ ആയ്യായിരത്തിലധികം ഇംഗ്ലീഷ് പുസ്തകങ്ങളും ലേഖനങ്ങളും അടങ്ങിയ ഈ സെറ്റിന് 900 രൂപയാണു വില. വിദേശത്ത് 50 ഡോളർ. പോസ്റ്റേജ് സൗജന്യം.

പ്രത്യേകം ശ്രദ്ധിക്കുക: യു.എസ്.ബിയിലുള്ള പ്രസംഗങ്ങളും മറ്റും കമ്പ്യൂട്ടറിൽ മാത്രമേ ഉപയോഗിക്കാൻ പറ്റൂ. ലാപ്ടോപ് ഇപ്പോൾ നിത്യജീവിതത്തിന്റെ ഭാഗമായതുകൊണ്ട് യു.എസ്.ബി ഡ്രൈവിലുള്ള പ്രസംഗങ്ങളും പുസ്തകങ്ങളും സൗകര്യപ്രദമാകും.


# ജ്യോതിമാർഗ്ഗം മറുപക്ഷത്ത്

പാസ്റ്റർ ജെ.ജോസഫിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരിച്ചു വരുന്ന 'ജ്യോതിമാർഗ്ഗം' എന്ന പെന്തക്കോസ്ത് പത്രത്തിന്റെ പബ്ലീഷറാണ് പി.ജി.മാത്യൂസ്. പെന്തക്കോസ്ത് പ്രസ്സ് അസ്സോസിയേഷന്റെ പ്രസിഡന്റുമാണ് പി.ജി.മാത്യൂസ് എന്നു പറയേണ്ടതില്ല. അങ്ങനെയെങ്കിൽ ജ്യോതിമാർഗ്ഗം ഈ അസ്സോസിയേഷനിലെ അംഗമായിരിക്കേണ്ടതാണല്ലോ. പക്ഷേ അതല്ല സംഗതി. ജ്യോതിമാർഗ്ഗം മറുചേരിയിലാണ്. പ്രസ്സ് അസ്സോസിയേഷന്റെ ബദ്ധശത്രുവായ പ്രസ്സ് കൗൺസിലുമായാണ് ജ്യോതിമാർഗ്ഗത്തിനു ബന്ധം. മാത്രമല്ല, ജ്യോതിമാർഗ്ഗം ഉൾപ്പെടെയുള്ള പത്രങ്ങളെ ചർച്ച് ഓഫ് ഗോഡിന്റെ പത്രസമ്മേളനത്തിനു വിളിച്ചതുകൊണ്ടാണ് പി.ജി.മാത്യൂസ് പ്രസിഡന്റായിരിക്കുന്ന അസ്സോസിയേഷൻ മേല്പടി പത്രസമ്മേളനം ബഹിഷ്ക്കരിച്ചത്.

പ്രസ്സ് അസ്സോസിയേഷൻകാർ ദയവായി ചില കാര്യങ്ങൾ വ്യക്തമാക്കണം: ജ്യോതിമാർഗ്ഗം എന്ന പത്രം നിങ്ങളുടെ അസ്സോസിയേഷനിലെ അംഗമാണോ? അല്ലെങ്കിൽ പി.ജി.മാത്യൂസിനെ ഏതു പത്രത്തിന്റെ പ്രതിനിധി എന്ന നിലയ്ക്കാണു പരിഗണിക്കുന്നത്? നിങ്ങൾ ബഹിഷ്ക്കരിക്കുന്ന ജ്യോതിമാർഗ്ഗത്തിന്റെ പബ്ലീഷർ പദവി ഉപേക്ഷിക്കാൻ നിങ്ങളുടെ പ്രസിഡന്റിനോട് ആവശ്യപ്പെടാത്തതെന്ത്? മറുപടി തന്നാൽ കൊള്ളാം.

# മണിയടി അസ്സലായി

മണിയടിയുടെ കാര്യത്തിൽ മത്തങ്ങ, മോഷണമായി എന്നിവരെ വെല്ലാൻ പെന്തക്കോസ്തിൽ ആരുമില്ല. കീശയിൽ കാശുള്ള ആരെ കണ്ടാലും ഈ വിരുതൻമാർ അടുത്തുകൂടും. കിട്ടാനുള്ളതു കിട്ടാതെ ഈ കിട്ടപ്പണിക്കൻമാർ വിട കൊള്ളുകയുമില്ല. അടുത്ത ലക്കത്തിൽ മേല്പടി പണക്കാരന്റെ ഫോട്ടോ സഹിതം വാർത്തയോ അനുമോദനമോ സപ്ലിമെന്റോ പ്രസിദ്ധീകരിക്കുകയും ചെയ്യും.

ഈയിടെ മോഷണായി വ്യത്യസ്തമായ ഒരു മണിയടി നടത്തി. കുമ്പനാട് കൺവൻഷനിൽ ജനുവരി 12ന് പ്രസംഗിച്ചത് എം.എസ്.സാമുവലും കെ.സി. തോമസുമാണ്. കെ.സി.തോമസിനെ മണിയടിച്ചിട്ടു വലിയ പ്രയോജനമൊന്നുമില്ല. പക്ഷേ അതല്ല എം.എസ്.സാമുവലിന്റെ സ്ഥിതി. ലോകം കണ്ട മഹാൻമാരിൽ ഒരുവനാണു താൻ എന്നത്രേ ഈ പൊങ്ങപ്പോഴൻ ധരിച്ചു വച്ചിരിക്കുന്നത്. ഇത്തരക്കാരെ പുകഴ്ത്തിയാൽ അഷ്ടിക്കുള്ള വക കിട്ടും. അതുകൊണ്ടാണു മോനായി ഇയാളുടെ ബോറൻ അനുഭവങ്ങൾ സ്വന്തം പത്രത്തിൽ അടിച്ചു വിടുന്നത്. ഇത്തവണ ഒരുപടി കൂടി കടന്നു. ജനുവരി 12ന് മനോരമയുടെ തിരുവല്ല ലോക്കൽ പേജിൽ എം.എസ്.സാമുവലിനും കെ.സി.തോമസിനും ആശംസ നേർന്നു പരസ്യം പ്രസിദ്ധീകരിച്ചു. മുതലും പലിശയും അടക്കമുള്ള തുക എം.എസ്.സാമുവലിൽ നിന്ന് ഈടാക്കാമല്ലോ,

# മാമോന്റെ വിളയാട്ടം വെറുതെയായി

മാമോന്റെ പിൻബലമുണ്ടെങ്കിൽ അപ്പത്തോലനാകാം എന്നു മോഹിച്ചവർക്കു ഷാർജയിൽ തിരിച്ചടി കിട്ടി. ഉച്ചത്തിൽ പ്രസംഗിച്ചതുകൊണ്ടോ സ്പീഡിൽ ഹാലേലുയ്യാ പറഞ്ഞതുകൊണ്ടോ ഉണർവ്വുണ്ടാകുകയില്ലെന്നും തെളിഞ്ഞു. പണക്കാരെ മണിയടിച്ചു നിത്യവൃത്തി കഴിക്കുന്ന മത്തങ്ങായെപ്പോലുലുള്ളവരുടെ മുഖസ്തുതികേട്ട് ഞെളിഞ്ഞു പഠിച്ചവർ ഷാർജയിൽ ഇളിഭ്യരായി. ഉലകം അറിയുന്ന പ്രസംഗകനാകാനായി ലക്ഷങ്ങൾ തുലച്ചെങ്കിലും ഫലം നാസ്തി. പ്രസംഗം അറുബോറായിരുന്നു. സാധാരണക്കാരൻ സഭായോഗത്തിനു പറയുന്ന പ്രബോധനത്തിന്റെ നിലവാരത്തിലായിരുന്നു അന്തദ്ദേശീയന്റെ പ്രസംഗം. ജനം ശരിക്കു ബോറടിച്ചു.

ആത്മീയ ശുശ്രൂഷ എന്നതു ദൈവം നൽകേണ്ടതാണ്: "അവൻ ചിലരെ അപ്പൊസ്തലൻമാരായും ചിലരെ പ്രവാചകൻമാരായും ചിലരെ സുവിശേഷകൻമാരായും ചിലരെ ഇടയൻമാരായും ഉപദേഷ്ടാക്കൻമാരായും നിയമിച്ചിരിക്കുന്നു" (എഫേ.4:11) എന്നാണു ദൈവവചനം പറയുന്നത്. പണം കൊടുത്താൽ കിട്ടുന്നതല്ല അതൊന്നും. വല്യപ്പനോ അപ്പനോ പാസ്റ്ററായിരുന്നു എന്ന കാരണത്താൽ ആത്മീയ ശുശ്രൂഷകരാകാനും പറ്റില്ല. ആത്മീയ ശുശ്രൂഷ എന്നത് ഓരോ വ്യക്തിയും ദൈവത്തിൽ നിന്നു നേരിട്ടു പ്രാപിക്കേണ്ടതാണ്. വല്യപ്പന്റെ തഴമ്പിന്റെ ബലത്തിൽ ഞെളിയുന്നതു സൂക്ഷിച്ചുമതി.

മാമോൻ ഒരു കാര്യം മനസ്സിലാക്കണം: മാമോൻ ശക്തിയുള്ളവനാണെങ്കിലും സർവ്വശക്തനല്ല. മാമോന്റെ മുമ്പിൽ കുമ്പിടുന്നവരാണ് പെന്തക്കോസ്തുകാരിൽ - വിശേഷിച്ചു പത്രക്കാരിൽ - ഭൂരിപക്ഷവും. പക്ഷേ എല്ലാവരും അങ്ങനെയാണെന്നു കരുതരുത്. മോഷണായിയും മത്തങ്ങളും മറ്റും മാമോന്റെ ദാസൻമാരാണ്. മാമോന്റെ പ്രീതിപ്പെടുത്താൻ അവർ എന്തും ചെയ്യും. പക്ഷേ അന്തസ്സും ആത്മാഭിമാനവുമുള്ള പത്രക്കാരും പെന്തക്കോസ്തിലുണ്ട്. അവരെ വിലയ്ക്കുവാങ്ങാമെന്നു കരുതരുത്. ഭീഷണിപ്പെടുത്തിയാൽ പേടിക്കുന്നവരുണ്ട് എന്നതു നേരാണ്. പക്ഷേ എത്ര വലിയ ഭീഷണിയുണ്ടായാലും പേടിക്കാത്തവരും ഉണ്ടെന്ന് അനുഭവത്തിൽ നിന്നു മനസ്സിലായിക്കാണുമല്ലോ. മുഖസ്തുതി കേൾക്കാൻ കൊതിയുണ്ടെങ്കിൽ മത്തങ്ങയെയോ മോനായിയെയോ വിളിച്ചിരുത്തിക്കൊള്ളു. ബാലനെ അതിനു കിട്ടില്ല. റ്റി.എസ്.ബാലൻ ദൈവദാസനാണ്, മാമോന്റെ ദാസനല്ല.

# അസംബ്ലീസ് ഓഫ് ഗോഡിനെതിരെ അന്വേഷണം നടത്താൻ ഹൈക്കോടതി ഉത്തരവ്

അസംബ്ലീസ് ഓഫ് ഗോഡിനെതിരെ അന്വേഷണം നടത്താൻ ഹൈക്കോടതി ഉത്തരവിട്ടതായി ഒരു പ്രമുഖ മലയാള ദിനപ്പത്രത്തിൽ കണ്ടു. ആ വാർത്ത താഴെ കൊടുക്കുന്നു:

"അസംബ്ലീസ് ഓഫ് ഗോഡിന്റെ സാമ്പത്തിക സ്രോതസ്സുകളെക്കുറിച്ച് സമഗ്ര അന്വേഷണം നടത്താൻ ഹൈക്കോടതി ഉത്തരവിട്ടു. സംഘടന വിദേശനാണ്യച്ചട്ടം ലംഘിച്ച് വിദേശപ്പണം സ്വീകരിക്കുന്നു എന്നാരോപിച്ച് അസംബ്ലീസ് ഓഫ് ഗോഡിൽ അംഗമായിരുന്ന ജയേഷ് സമർപ്പിച്ച ഹർജിയിലാണ് ജസ്റ്റിസ് പി.എസ്.ഗോപിനാഥന്റെ ഉത്തരവ്. ആലുവ റൂറൽ എസ്.പി പരാതി അന്വേഷിച്ച് ആറു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നു നിർദ്ദേശമുണ്ട്."



# വഴിയോരക്കാഴ്ചകൾ

ചില മാസങ്ങൾക്കു മുമ്പ് ഒരു പഴയ സുഹൃത്തുമായി സംസാരിച്ചിരിക്കുന്നതിനിടയിൽ അദ്ദേഹം ചോദിച്ചു: "അറിഞ്ഞോ? നമ്മുടെ എം.ജോർജ് മരിച്ചു." ആ സംഭവം ഞാൻ അറിഞ്ഞിരുന്നില്ല. പുററടി ഹൈസ്കൂളിൽ എന്റെ സഹപാഠിയായിരുന്നു എം.ജോർജ്. സാമാന്യം നന്നായി പഠിക്കും. ഫസ്റ്റ് ക്ലാസ്സോടെയാണ് എം.ജോർജ് പത്താം ക്ലാസ്സ് പാസ്സായത്. തുടർന്നു പ്രീഡിഗ്രിക്കു പഠിച്ചു. ബി.എസ്.സിക്കു പഠിച്ചെങ്കിലും പാസ്സായില്ല എന്നാണു കേട്ടത്. കെ.എസ്.ആർ.റ്റി.സിയിൽ കണ്ടക്ടറായി ജോലി ലഭിച്ചു എന്നും കേട്ടിരുന്നു. പെൻഷൻ ആകുന്നതിനു മുമ്പുതന്നെ മരിച്ചു. ജോലിക്കു പോകാനായി പതിവുപോലെ ഒരുങ്ങുന്നതിനിടയിൽ മരണം എത്തുകയായിരുന്നു. കാര്യങ്ങളൊക്കെ കേട്ടപ്പോൾ എനിക്ക് ചില സംഭവങ്ങൾ ഓർക്കാതിരിക്കാൻ കഴിഞ്ഞില്ല.

1972ൽ ഞങ്ങളെല്ലാവരും പത്താം ക്ലാസ്സ് പാസ്സായി. തുടർന്നു പഠിക്കാനുള്ള സാമ്പത്തികസ്ഥിതി ഇല്ലാതിരുന്നതിനാൽ ഞാൻ അഷ്ടിക്കുള്ള വക കണ്ടെത്താൻ ഉതകുന്ന വിവിധതരം ജോലികൾ ചെയ്യാൻ ആരംഭിച്ചു. ദിവസം രണ്ടു രൂപ കൂലിക്കാണു പണി ആരംഭിച്ചത്. അതു പിന്നീട് മൂന്ന്, മൂന്നര, നാല്, അഞ്ച് എന്നിങ്ങനെ വർദ്ധിച്ചുവന്നു. ആ കഥയൊക്കെ പിന്നീടു പറയാം. 1974ൽ ഞാൻ രക്ഷിക്കപ്പെട്ടു. 1975ൽ വിശ്വാസസ്നാനം സ്വീകരിച്ചു. അക്കാലത്തു ഞാൻ തീവ്രസുവിശേഷകനായിരുന്നു. നശിച്ചുപോകുന്ന ആത്മാക്കളെക്കുറിച്ചുള്ള ഭാരം സഹിക്കാനാവാതെ ഞാൻ ഓടിനടന്നു.

ഇനി പറയുന്ന സംഭവം നടന്നത് 1975 ഏപ്രിൽ-മെയ് മാസങ്ങളിലാണ്. എം.ജോർജ് ഉൾപ്പെടെയുള്ള സുഹൃത്തുക്കൾ ഡിഗ്രിക്കു പഠിക്കുന്നു. മധ്യവേനൽ അവധി പ്രമാണിച്ച് അവർ വീട്ടിൽ ഉണ്ടായിരിക്കും എന്നു ഞാൻ ഊഹിച്ചു. അവരെ പോയി കാണണം. എല്ലാവരോടും സുവിശേഷം പറയണം. അവരെല്ലാം എന്നേക്കാൾ അറിവും ബുദ്ധിയുമുളളവരാണ്. അതുകൊണ്ടു സുവിശേഷം മനസ്സിലാക്കാനും സത്യം ഗ്രഹിക്കാനും ബുദ്ധിമുട്ടുണ്ടാകുകയില്ല.

എന്റെ വീട്ടിൽ നിന്നു പത്തു കിലോമീറ്ററോളം യാത്ര ചെയ്തുവേണം സുഹൃത്തുക്കളുടെ അടുത്തെത്താൻ. കൈയിൽ ചില്ലിക്കാശില്ല. എങ്കിലും അത്രയും ദൂരം നടക്കാൻ ഞാൻ തയ്യാർ. പക്ഷേ ഉച്ചയാകുമ്പോൾ ഭക്ഷണം കിട്ടണം. അതു കർത്താവു തരണം എന്നു പ്രാർത്ഥിച്ച് യാത്ര ആരംഭിച്ചു. രണ്ടു മണിക്കൂറോളം നടന്നപ്പോൾ സുഹൃത്തുക്കളെ കണ്ടുമുട്ടി. എം.ജോർജ് ഉൾപ്പെടെ നാലഞ്ചു പേരെ സംഘടിപ്പിച്ചു. കുശലപ്രശ്നങ്ങൾക്കുശേഷം ഞാൻ സുവിശേഷത്തിലേക്കു കടന്നു. ഒരു മണിക്കൂറോളം സമയം ഞാൻ സുവിശേഷം പറഞ്ഞു. ഒടുവിൽ അവർ പറഞ്ഞതിങ്ങനെ: "ബൈബിളിന്റെ കാര്യമൊക്കെ കള. നമുക്ക് വേറെ എന്തെങ്കിലുമൊക്കെ പറയാം." വേറെ എന്തു പറയാൻ? ഞാൻ ഇത്ര കഷ്ടപ്പെട്ട് അവിടെ ച്ചെന്നതു ലോകകാര്യം പറയാനല്ലല്ലോ. "നിങ്ങൾക്കു സുവിശേഷം കേൾക്കാൻ താൽപ്പര്യമില്ലെങ്കിൽ ഞാൻ പോകുകയാണ്" എന്നു പറഞ്ഞു ഞാൻ മടങ്ങി. ഉച്ച സമയം. നല്ല വെയില്. വിശപ്പും ദാഹവും സഹിക്കാൻ കഴിയുന്നില്ല. ഏതാനും മിനിട്ടു നടന്നു കഴിഞ്ഞപ്പോൾ അതാ വരുന്നു എന്റെ ഒരു ബന്ധു, വകയിൽ ഒരു അമ്മാവൻ. "നീ എന്താടാ ഇവിടെ?" അദ്ദേഹം ചോദിച്ചു. ഞാൻ കൂട്ടുകാരെ കാണാൻ വന്നതാണെന്നു പറഞ്ഞു. അമ്മാവൻ എന്നെ വീട്ടിലേക്കു ക്ഷണിച്ചു. ഞാൻ ക്ഷണം സ്വീകരിക്കുകയും ചെയ്തു. അങ്ങനെ അമ്മാവന്റെ വീട്ടിൽ നിന്ന് ഉച്ചഭക്ഷണം കഴിച്ചു. (ഉച്ചക്കു ഭക്ഷണം തരണമെന്നു ഞാൻ പ്രാർത്ഥിച്ചിരുന്നല്ലോ.) അമ്മാവനോടും അമ്മായിയോടും സുവിശേഷം പറഞ്ഞിട്ടു ഞാൻ മടങ്ങി. എന്റെ സുഹൃത്തുക്കൾ സുവിശേഷം കേൾക്കാൻ താൽപര്യം കാണിക്കാതിരുന്നതിൽ മനം നൊന്താണു ഞാൻ മടങ്ങിയെത്തിയത്. എന്റെ യാത്ര വെറുതെയായല്ലോ. പോകേണ്ടിയിരുന്നില്ല, ഞാൻ സ്വയം പറഞ്ഞു. അന്നു വൈകിട്ട് സഭയിൽ മീറ്റിംഗില്ല. അതുകൊണ്ടു ഞാൻ പാസ്റ്ററുടെ വീട്ടിലേക്കു പോയി. കുറച്ചു സമയം ഞങ്ങൾ സംസാരിച്ചിരുന്നു. എങ്കിലും കൂട്ടുകാരെ കാണാൻ പോയ കഥ ഞാൻ പറഞ്ഞില്ല.

സന്ധ്യ കഴിഞ്ഞപ്പോൾ പാസ്റ്ററും കുടുംബവും പ്രാർത്ഥനയ്ക്കിരുന്നു. പാസ്റ്ററും ഭാര്യയും 12, 10, 8 വയസ്സ് വീതം പ്രായമുള്ള മൂന്നു കുട്ടികളും അടങ്ങുന്നതാണ് ആ കുടുംബം. മൂന്നു കുട്ടികൾക്കും പ്രവചനവരമുണ്ടായിരുന്നു. ഞാനും അവരോടൊപ്പം പ്രാർത്ഥനയ്ക്കിരുന്നു. ആദ്യം പാസ്റ്റർ പ്രാർത്ഥിച്ചു. അതു കഴിഞ്ഞ് എല്ലാവരും ചേർന്ന് ഒരു പാട്ടുപാടി. പാട്ടു തീർന്നയുടൻ പാസ്റ്ററുടെ രണ്ടാമത്തെ കുട്ടി ദൈവാത്മാവിൽ നിറഞ്ഞ് എന്നോടു പ്രവചിച്ചു: "മകനേ, നിന്റെ സുഹൃത്തുക്കളോടു സുവിശേഷമറിയിച്ചാലുടൻ അവർ വിശ്വസിക്കുമെന്ന പ്രതീക്ഷയോടെ ചെന്നു സുവിശേഷം പറഞ്ഞിട്ടെന്തായി? മനുഷ്യരുടെ ഹൃദയം ഏതു വിധത്തിലുള്ളതാണെന്ന് ഇപ്പോഴെങ്കിലും നിനക്കു മനസ്സിലായോ?" ഇത്രയും കേട്ടതോടെ എന്റെ ക്ഷീണവും ദുഃഖവും മറ്റും മാറി. ഹൃദയം സന്തോഷം കൊണ്ടു നിറഞ്ഞു. കർത്താവ് എല്ലാം കണ്ടല്ലോ. അതുമതി.

ഈ സംഭവത്തിനുശേഷം 35 വർഷം കൂടി ദൈവം എം.ജോർജിനു നൽകി. പക്ഷേ യേശുവിനെ രക്ഷിതാവായി സ്വീകരിക്കാൻ മനസ്സുണ്ടായില്ല. നിത്യനാശത്തിൽ നിന്നു രക്ഷപ്പെട്ടതുമില്ല.

# ഡിഫെൻഡർ മറുപടി പറയുന്നു

**?** ഐ.പി.സി., ചർച്ച് ഓഫ് ഗോഡ്, എ.ജി തുടങ്ങിയ സഭകളിൽ തെരഞ്ഞെടുപ്പു നടക്കുന്ന സമയമാണല്ലോ ഇത്. ഈ തെരഞ്ഞെടുപ്പുകൾ ദൈവഹിതപ്രകാരമുള്ളവയാണോ?

■ ഈ ചോദ്യത്തിന് ഉത്തരം പറയുന്നതിനു മുമ്പായി മറ്റൊരു ചോദ്യത്തിന് ഉത്തരം കണ്ടെത്തണം: ദൈവിക പദ്ധതിയിൽ എത്ര ദൈവസഭയുണ്ട്? ഒരു സഭമാത്രം. ഈ സഭയ്ക്ക് പ്രാദേശിക ബ്രാഞ്ചുകളുണ്ട്. ഓരോ പ്രാദേശിക സഭയിലും വിശ്വാസികളുണ്ടാകും. വീണ്ടും ജനനം പ്രാപിച്ചവരുടെ പ്രാദേശിക കൂട്ടമാണു പ്രാദേശിക സഭ. കൊരിന്തിലെ സഭ, ഗലാത്യയിലെ സഭ, റോമിലെ സഭ, തിരുവല്ലയിലെ സഭ, കോഴഞ്ചേരിയിലെ സഭ തുടങ്ങിയവയൊക്കെ പ്രാദേശിക സഭകളാണ്. ഇവയെല്ലാം സ്വതന്ത്രവുമാണ്. ലോകമെമ്പാടുമുള്ള എല്ലാ പ്രാദേശിക സഭകളും ചേർന്നാൽ ദൈവസഭയായി. പക്ഷേ കൊരിന്തിൽ പൗലോസിന്റെ സഭ, പത്രോസിന്റ സഭ, സ്വതന്ത്ര സഭ എന്നിങ്ങനെയുണ്ടായാൽ അതു ദൈവികമല്ല.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭ കാലം മുതലാണു കേരളത്തിൽ പെന്തക്കോസ്ത് സഭകൾ ഉണ്ടാകാൻ തുടങ്ങിയത്. സിലോൺ പെന്തക്കോസ്ത് സഭ ആരംഭം മുതൽ തന്നെ സംഘടിതമായിരുന്നു. എന്നാൽ മറ്റു സഭകൾ സ്വതന്ത്ര സഭകളായാണ് ആരംഭിച്ചത്. പിൽക്കാലത്ത് അവയും സംഘടനകളായി മാറി. സ്വീഡനിൽ നിന്നു പണം ലഭിക്കാൻ വേണ്ടി ഐ.പി.സി കുറച്ചുകാലം സ്വതന്ത്രരൂപം ധരിച്ചെങ്കിലും പണത്തിന്റെ വരവു നിലച്ചതോടെ വീണ്ടും സംഘടനയായി.

പ്രാദേശിക സഭകൾ കൂട്ടിച്ചേർത്ത് സംഘടനകളുണ്ടാക്കുന്ന പരിപാടി ദൈവിക പദ്ധതിയിലില്ല. അതുകൊണ്ട് ഇതു സാത്താന്യമോ കുറഞ്ഞപക്ഷം മാനുഷികമോ ആണ്. അതുകൊണ്ട് ഐ.പി.സി, എ.ജി., ശാരോൻ, ചർച്ച് ഓഫ് ഗോഡ് തുടങ്ങിയ സംഘടനകളിൽ നടക്കുന്ന തെരഞ്ഞെടുപ്പിന് ആത്മീയതയുമായി ബന്ധമൊന്നുമില്ല. ഇവ മാനുഷികമോ സാത്താന്യമോ ആയ പരിപാടികളാണ്.

ഡൂപ്ലിക്കേറ്റുകൾ ഉണ്ടാക്കുന്ന കാര്യത്തിൽ സാത്താൻ വിരുതനാണ്. സഭയെന്ന പേരിൽ സംഘടനയുണ്ടാക്കിയത് ഇത്തരത്തിലുള്ള ഒരു തന്ത്രമാണ്. ഈ സംഘടനകളുടെ നേതാക്കൻമാർ സഭയുടെ നേതാക്കൻമാരാണെന്നു ജനം തെറ്റിദ്ധരിക്കുന്നു. ഇവർ അഭിഷിക്തരാണെന്നും ഇവർക്കെതിരെ ശബ്ദിച്ചാൽ ദൈവകോപമുണ്ടാകുമെന്നും വിശ്വാസികൾ കരുതുന്നു. ഈ സംഘടനകളുടെ നേതാക്കൻമാർക്കു വ്യഭിചരിക്കാനും മോഷ്ടിക്കാനും മറ്റുമുള്ള അവസരം ഇതുമൂലം ലഭിക്കുന്നു.

സഭയും സംഘടനയും തമ്മിലുള്ള വ്യത്യാസം ദൈവമക്കൾ തിരിച്ചറിയണം. വിശ്വാസികളുടെ പ്രാദേശികകൂട്ടായ്മയായ പ്രാദേശിക സഭകൾ ദൈവിക പദ്ധതിയിലുളളവയാണ്. ഈ സഭകളിൽ പാസ്റ്റർ, ശുശ്രൂഷകൻമാർ, ശുശ്രൂഷക്കാരത്തികൾ തുടങ്ങിയവരെ ദൈവം ആക്കി വച്ചിട്ടുണ്ട്. അപ്പോസ്തലൻ, പ്രവാചകൻ, സുവിശേഷകൻ, ഇടയൻ, അധ്യാപകൻ എന്നിവർ ദൈവത്താൽ നിയമിക്കപ്പെട്ട ആത്മീയ ശുശ്രൂഷകരാണ്. പക്ഷേ പ്രാദേശിക സഭകൾ ചേർത്ത് ഐ.പി.സിയും ശാരോനും എ.ജിയും മറ്റും ഉണ്ടാക്കുന്നതു ദൈവവചനത്തിനു പുറത്തുള്ള കാര്യമാണ്.

ദൈവസഭ ആരംഭിച്ചത് പെന്തക്കോസ്ത് നാളിലാണ്. ദൈവവചനമാണു ദൈവസഭയുടെ അടിസ്ഥാനം. പക്ഷേ ഐ.പി.സി ആരംഭിച്ചത് 1935ൽ ആണ്. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് ആണ് ഐ.പി.സിയുടെ അടിസ്ഥാനം. ശാരോൻ, എ.ജി. ചർച്ച് ഓഫ് ഗോഡ് തുടങ്ങിയ സംഘടനകളുടെ സ്ഥിതിയും ഇങ്ങനെയൊക്കെത്തന്നെ. മനുഷ്യനിർമ്മിതമായ നിയമങ്ങൾ അനുസരിച്ച് അൻപതോ നൂറോ വർഷം മുമ്പ് ആരംഭിച്ച സംഘടനകൾ ദൈവസഭകളാണെന്നു പറയണമെങ്കിൽ അസാമാന്യ വിവരക്കേടുണ്ടായിരിക്കണം.

എൻ.എസ്.എസ്, എസ്.എൻ.ഡി.പി., യോഗക്ഷേമ സഭ, ധീവരസഭ, പുലയമഹാസഭ തുടങ്ങിയവ പോലെയുള്ള സമുദായ സംഘടനകളാണ് ഐ.പി.സിയും എ.ജിയും മറ്റും. ഇത്തരം സംഘടനകളുടെ നേതൃസ്ഥാനത്തുള്ളവർക്ക് ലഭിക്കുന്നതുപോലുള്ള ബഹുമാനം ലഭിക്കാൻ പെന്തക്കോസ്ത് സഭകളുടെ നേതാക്കൻമാർക്കും അവകാശമുണ്ട്. പക്ഷേ ഒരുകോടി അംഗങ്ങളുള്ള സംഘടനയുടെ നേതാവിനു ലഭിക്കുന്നത്ര ബഹുമാനം അഞ്ചു ലക്ഷം അംഗങ്ങളുള്ള സംഘടനയുടെ നേതാവിനു ലഭിക്കണമെന്നു ശഠിക്കരുത്.

പെന്തക്കോസ്ത് സംഘടനകളുടെ നേതാക്കൻമാരെ നാം സാമുദായിക സംഘടനകളുടെ നേതാക്കൻമാർ എന്ന നിലയിലാണു കാണേണ്ടതും പരിഗണിക്കേണ്ടതും. അതിനു പകരം ഇവരെ സഭയുടെ നേതാക്കൻമാരും ദൈവദാസൻമാരും മറ്റുമായി പരിഗണിക്കുന്നതാണു പ്രശ്നങ്ങൾക്കു വഴി വയ്ക്കുന്നത്.

പെന്തക്കോസ്ത് സംഘടനകളുടെ നേതാക്കൻമാർ സമുദായ സംഘടനകളുടെ നേതാക്കൻമാർ മാത്രമാണെന്നും ഇവർക്ക് ആത്മീയ അധികാരങ്ങളൊന്നുമില്ലെന്നും നാം മനസ്സിലാക്കണം. ഇവരെ ദൈവദാസൻമാരായി പരിഗണിക്കുന്നത് അവസാനിപ്പിച്ചാൽ തീരാവുന്ന പ്രശ്നമേ പെന്തക്കോസ്തിലുള്ളു.


# അടിസ്ഥാന വേദോപദേശങ്ങൾ

'ഡിഫെൻഡർ വിശ്വസിക്കുന്നു' എന്ന പേരിൽ ഡിഫെൻഡറിൽ പ്രസിദ്ധീകരിച്ചുവന്ന ലേഖന പരമ്പരയുടെ സമാഹാരമാണ് ഈ പുസ്തകം എന്നു പറയാം. എങ്കിലും ആവശ്യമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. കൂടാതെ സംശയങ്ങൾക്കു മറുപടി പറയുകയും ചെയ്തു. ഈ പുസ്തകത്തിന്റെ പി.ഡി.എഫ്. പതിപ്പ് ഡിഫെൻഡറിന്റെ വെബ്സൈറ്റിൽ നിന്നു സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്.

തികച്ചും ലളിതമായ ഭാഷയിൽ രചിക്കപ്പെട്ടിരിക്കുന്ന ഈ പുസ്തകം രക്ഷിക്കപ്പെട്ടവർക്കും രക്ഷിക്കപ്പെടാത്തവർക്കും ഒന്നു പോലെ പ്രയോജനം ചെയ്യുന്നതാണ്. അതുകൊണ്ട് കൂടുതൽ കോപ്പികൾ വാങ്ങി ബന്ധുമിത്രാദികൾക്കു സമ്മാനമായി നൽകാവുന്നതാണ്.

വില - ഒരു കോപ്പി - 30 രൂപ (പോസ്റ്റേജ് - 20 രൂപ)

കൂടുതൽ വിവരങ്ങൾ അഞ്ചാം പേജിൽ വായിക്കുക.

**Phone: 0484-3232356.**

# ലൈബ്രറി ഓഫ് തിയോളജി

വേദവിദ്യാർത്ഥികളുടെ ഉപയോഗത്തിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതാണ് ഈ സി.ഡികൾ. അതുകൊണ്ടാണ് ലൈബ്രറി ഓഫ് തിയോളജി എന്നു പേരിട്ടിരിക്കുന്നത്. പുസ്തകങ്ങളെ 10 ഇനങ്ങളായി തരം തിരിച്ചിരിക്കുന്നു. 1. പഴയനിയമം. 2. പുതിയനിയമം. 3. തിയോളജി. 4. എത്തിക്സ്. 5. ഹിസ്റ്ററി. 6. റിലീജിയൻസ്. 7. മിനിസ്ട്രി. 8. കൾട്ടും ഒക്കൾട്ടും. 9. ജീവചരിത്രങ്ങളും ആത്മകഥകളും. 10. പലവക. പത്തു ലക്ഷത്തിലധികം രൂപ വിലവരുന്ന പുസ്തകങ്ങളും അത്യപൂർവ്വ ഗ്രന്ഥങ്ങളും ഈ ഡിജിറ്റൽ ലൈബ്രറിയിലുണ്ട്. ചില സാമ്പിളുകൾ:

ജോസീഫസിന്റെ സമ്പൂർണ്ണ കൃതികൾ, ബൈബിളിലെ ഓരോ പുസ്തകത്തിന്റേയും വ്യാഖ്യാനങ്ങൾ, തൽമൂദുകൾ, ചാവുകടൽ ചുരുളുകൾ, വിവിധ ഡിക്ഷ്ണറികൾ, ഹാനോക്കിന്റെ പുസ്തകം ഉൾപ്പെടെയുള്ള അത്യപൂർവ്വ അപ്പോക്രിഫൽ പുസ്തകങ്ങൾ, പ്രശസ്ത ദൈവശാസ്ത്ര ഗ്രന്ഥങ്ങൾ, സോക്രട്ടീസ്-പ്ലേറ്റോ-അരിസ്റ്റോട്ടിൽ തുടങ്ങിയവരുടെ പുസ്തകങ്ങൾ, അപൂർവ്വ ചരിത്ര പുസ്തകങ്ങൾ, വേദങ്ങൾ, ഖുറാൻ, ത്രിപിടിക, സെന്റ് അവസ്ത, സാത്താനിക് ബൈബിൾ, പ്രാചീന നിഗൂഢ മതങ്ങളെ സംബന്ധിക്കുന്ന പുസ്തകങ്ങൾ, മോർമോൺ പുസ്തകം, കൾട്ടുകളുടെ ആധികാരിക ഗ്രന്ഥങ്ങൾ, ഒക്കൾട്ടുമായി ബന്ധപ്പെട്ട നിരവധി പുസ്തകങ്ങൾ, പ്രശസ്തരുടെ ജീവചരിത്രങ്ങൾ, ആത്മകഥകൾ ..... ദൈവശാസ്ത്രം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ ഗ്രന്ഥങ്ങൾ ഒഴിവാക്കാനാവില്ല.

പത്തു സി.ഡികളിലുള്ള ഈ പുസ്തകങ്ങൾ മുഴുവൻ ഒരു യു.എസ്.ബി. ഡ്രൈവിൽ ആക്കിയിട്ടുണ്ട്. പി.ഡി.എഫ് ഫോർമാറ്റിലുള്ള ഈ പുസ്തകങ്ങൾ കമ്പ്യൂട്ടർ ഉപയോഗിച്ചു മാത്രമേ വായിക്കാൻ കഴിയൂ. അതുകൊണ്ട് യു.എസ്.ബി വാങ്ങുന്നതാണു നല്ലത്. സി.ഡിക്കും യു.എസ്.ബിക്കും ഇന്ത്യയിൽ വിലവ്യത്യാസവുമില്ല. മാത്രമല്ല, സി.ഡി. വിദേശത്തേക്ക് അയയ്ക്കുന്നതുമല്ല.

വില: ഇന്ത്യയിൽ - 900 രൂപ.
വിദേശം: 50 ഡോളർ
പോസ്റ്റേജ് സൗജന്യം.
(വിലാസം 6-ാം പേജിൽ)
ഗൾഫിലുള്ളവർ ഇന്ത്യയിലെ വിലാസം അറിയിക്കുക.

# അദൃശ്യലോകത്തെ അത്ഭുതജീവികൾ

ആഭിചാരം, കൂടോത്രം തുടങ്ങിയവയ്ക്കു ശക്തിയുണ്ടോ എന്നു പലരും ചോദിക്കാറുണ്ട്. ഒറ്റ വാക്കിൽ ഉത്തരം പറയാവുന്ന ചോദ്യമല്ലിത്. അതുകൊണ്ട് അല്പം വിശദമായിത്തന്നെ മറുപടി പറയാം.

ആദ്യമായി ദൈവവചനം എന്തു പറയുന്നു എന്നു പരിശോധിക്കുക: ആഭിചാരം, കൂടോത്രം, കൈവിഷം തുടങ്ങിയവയെക്കുറിച്ചു ബൈബിൾ എന്താണു പറയുന്നത്? 'ആഭിചാരദോഷം' എന്ന വാക്കു തിരുവചനത്തിൽ കാണുന്നുണ്ട്. ''ആഭിചാരം യാക്കോബിന് പറ്റുകയില്ല; ലക്ഷണവിദ്യ യിസ്രായേലിനോടു ഫലിക്കുകയുമില്ല'' (സംഖ്യ. 23:23) എന്നു ബിലെയാം പറയുന്നു. അങ്ങനെയെങ്കിൽ ആഭിചാരം എന്നൊന്നുണ്ടെന്നും ചിലർക്ക് അതു ഫലിക്കുമെന്നും വ്യക്തം. പക്ഷേ ദൈവജനത്തിനെതിരെ ആഭിചാരം ഫലം ചെയ്യുകയില്ല. ദൈവകരങ്ങളിലിരിക്കുന്നവരെ തൊടാൻ സാത്താനു കഴിയുന്നതുമല്ല.

മനുഷ്യരെ വഴി തെറ്റിക്കാൻ ഉതകുന്ന ഏതു മാർഗ്ഗവും സാത്താൻ സ്വീകരിക്കും. വചനവിരുദ്ധമായി മനുഷ്യർ എന്തു ചെയ്താലും അതിനു സാത്താന്റെ പിൻതുണയുണ്ടാകും. വിഗ്രഹാരാധന, അന്യദൈവാരാധന തുടങ്ങിയവയിലൂടെ പലതും നേടാൻ കഴിയുന്നത് ഈ കാരണത്താലത്രേ. ആഭിചാരം, കൂടോത്രം, കൈവിഷം തുടങ്ങിയവയ്ക്കു ഫലമുണ്ടാകുന്നതും ഈ വിധത്തിൽ തന്നെ.

ചില ഉദാഹരണങ്ങൾ കൊണ്ട് ഇതു വ്യക്തമാക്കാം: ഒരു ചെമ്പു തകിടിൽ ഏതെങ്കിലും മന്ത്രമെഴുതി കുഴിച്ചിട്ടാൽ ശത്രുവിനു ദോഷമുണ്ടാകുമെന്ന് ഒരു വിശ്വാസമുണ്ടെന്നിരിക്കട്ടെ. തന്റെ ശത്രുവിനു ദോഷം ചെയ്യാനായി ഒരാൾ ഇങ്ങനെ ചെയ്യുന്നു. ഒരു ചെമ്പു തകിടു കുഴിച്ചിട്ടതുകൊണ്ടു ഗുണമോ ദോഷമോ ഉണ്ടാകുകയില്ല. നൻമയോ തിൻമയോ ചെയ്യാനുള്ള കഴിവ് ആ തകിടിനില്ല. പക്ഷേ മേല്പടി അന്ധവിശ്വാസം ശരിയായ വിശ്വാസമാണെന്നു തെളിയിക്കേണ്ടത് സാത്താന്റെ ആവശ്യമാണ്. അതുകൊണ്ട് എന്തുദ്ദേശ്യത്തോടെയാണോ ആ തകിടു കുഴിച്ചിട്ടത് ആ ലക്ഷ്യം സാത്താൻ സാധിച്ചു കൊടുക്കും. മേല്പറഞ്ഞ വ്യക്തിയുടെ ശത്രുവിന് എന്തെങ്കിലും ആപത്തോ അപകടമോ നഷ്ടമോ രോഗമോ ആ ദിവസങ്ങളിൽ വരുത്തും. തകിടു കുഴിച്ചിട്ടവന് അതോടെ ആഭിചാരത്തിൽ വിശ്വാസമാകും. സാത്താന്റെ കീശയിൽ ഒരാത്മാവിനെക്കൂടി ലഭിക്കുന്നു.

ചില പ്രത്യേകതരം മന്ത്രങ്ങൾ ഉപയോഗിച്ചാൽ മാത്രമേ ഫലമുണ്ടാകൂ എന്നു ജനം വിശ്വസിക്കുന്നു. അതുകൊണ്ട് അത്തരം മന്ത്രങ്ങൾ ചൊല്ലിയാൽ മാത്രമേ സാത്താൻ ഫലം നൽകൂ. മന്ത്രത്തിന് അതിൽത്തന്നെ ഒരു ശക്തിയുമില്ല. പക്ഷേ ശക്തിയുണ്ടെന്നു തെളിയിക്കേണ്ടത് സാത്താന്റെ ആവശ്യമാണ്. അതുകൊണ്ട് മന്ത്രം ചൊല്ലിയാൽ സാത്താൻ ഫലം നൽകുന്നു. ജനം വിശ്വസിക്കുന്നു. ഇതാണ് യഥാർത്ഥത്തിൽ സംഭവിക്കുന്നത്.

കൈവിഷത്തിന്റെ കാര്യവും ഇങ്ങനെതന്നെ. മന്ത്രം ചൊല്ലിയ ഭക്ഷണപദാർത്ഥമാണ് കൈവിഷമെന്ന പേരിൽ ഉപയോഗിക്കുന്നത്. ആരെയെങ്കിലും വശീകരിക്കാനോ എന്തെങ്കിലും ദോഷം വരുത്താനോ ഒക്കെയാണു കൈവിഷം ഉപയോഗിക്കുന്നത്. ഭക്ഷ്യവസ്തു എന്ന നിലയ്ക്ക് ഉപയോഗിക്കപ്പെടുന്ന ഈ വസ്തു ഉള്ളിൽ ചെന്നാൽ ദഹിക്കാതെ കിടക്കുമെന്നും ഉദ്ദേശിച്ച ഫലമുണ്ടാക്കുമെന്നുമാണ് വിശ്വാസം. കൈവിഷം ദഹിക്കാതെ കിടക്കുമെന്നതു ശാസ്ത്രീയമായി തെളിയിക്കപ്പെട്ടിട്ടില്ല. പക്ഷേ കൈവിഷത്തിനു ഫലമുണ്ടെന്നു തെളിയിക്കേണ്ടതു സാത്താന്റെ ആവശ്യമായതുകൊണ്ട് അവൻ അതിനു ഫലമുണ്ടാക്കും. വശീകരിക്കാനാണു കൈവിഷം കൊടുത്തതെങ്കിൽ വശീകരിക്കും. ശത്രുവിനു നാശം വരുത്താനാണു കൈവിഷം നൽകിയതെങ്കിൽ ശത്രുവിനു നാശം വരുത്തും. ഇതൊന്നും കൈവിഷത്തിന്റെ ശക്തിമൂലം സംഭവിക്കുന്നതല്ല മറിച്ച് സാത്താന്യ പ്രവർത്തനം മൂലം ഉണ്ടാകുന്നതാണ്, സാത്താൻ ഉണ്ടാക്കുന്നതാണ്.

ആഭിചാരവും കൈവിഷവും മറ്റും ഫലിക്കണമെങ്കിൽ വിശ്വാസം ആവശ്യമാണ്. അന്ധവിശ്വാസികളെ കബളിപ്പിക്കാനാണല്ലോ സാത്താൻ ഇതൊക്കെ ചെയ്യുന്നത്. രോഗമോ നഷ്ടമോ ആപത്തോ വരുമ്പോൾ അത് ആഭിചാരത്തിന്റെ ഫലമായി ഉണ്ടായതാണെന്നു വിശ്വസിക്കുന്നവരെ മാത്രമേ സാത്താനു കബളിപ്പിക്കാൻ കഴിയൂ. ഇവയൊക്കെ യാദൃച്ഛികമായി സംഭവിക്കുന്നതാണെന്നും പ്രകൃത്യതീത ശക്തികളൊന്നും ഇതിന്റെ പിന്നിൽ പ്രവർത്തിക്കുന്നില്ലെന്നും വിശ്വസിക്കുന്നവരെ വിഡ്ഢികളാക്കാൻ സാത്താന് ഏറെ ബുദ്ധിമുട്ടേണ്ടതായി വരും. യുക്തിവാദികളുടെ മുമ്പിൽ കൂടോത്രക്കാർ പരാജയപ്പെടും.

അന്ധവിശ്വാസം പ്രചരിപ്പിക്കുന്ന കാര്യത്തിൽ പെന്തക്കോസ്തിലെ കള്ളപ്രവാചകൻമാർ സാത്താനു തുണയാകുന്നു. ഏതു വീട്ടിൽ ചെന്നാലും അവർ കൂടോത്രപ്രശ്നം എടുത്തിടും. ശത്രുക്കൾ കൂടോത്രം ചെയ്തതുകൊണ്ടാണത്രേ സകല പ്രശ്നങ്ങളും ഉണ്ടായത്. അതുകൊണ്ട് മൂന്നു ദിവസം ഉപവസിക്കണം. ഉപവാസത്തിന് നേതൃത്വം നൽകാൻ ഒരു പ്രവാചകൻ കൂടിയേ കഴിയൂ. കൂടോത്രം കണ്ടുപിടിച്ച ഈ പ്രവാചകനോളം അനുയോജ്യൻ ആരുള്ളൂ! അങ്ങനെ പ്രവാചകനു മൂന്നു ദിവസത്തെ പ്രോഗ്രാം ലഭിക്കുന്നു. പ്രവാചകൻ ഉപവസിക്കുമെന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. വീട്ടുകാരും യോഗത്തിൽ പങ്കെടുക്കുന്ന മറ്റുള്ളവരും ഉപവസിച്ചുകൊള്ളണം. പ്രവാചകന് വിഭവസമൃദ്ധമായ ഭക്ഷണം ലഭിക്കയും വേണം. പരിപാടി കഴിഞ്ഞ് കൈമടക്കും വാങ്ങി പ്രവാചകൻ പോകും. പ്രശ്നങ്ങൾ മാറ്റം കൂടാതെ അവശേഷിക്കുകയും ചെയ്യും. ഏതാനും ആഴ്ചകൾക്കകം മറ്റൊരു പ്രവാചകന്റെ നേതൃത്വത്തിൽ ഉപവാസം നടക്കും. എത്ര ഉപവാസം നടത്തിയാലും ഇത്തരം വീടുകളിലെ കൂടോത്രം ഇല്ലാതാകുകയില്ല. കാരണം, ഇല്ലാത്ത കൂടോത്രം മാറ്റാനാണല്ലോ ഉപവസിക്കുന്നത്.

കൂടോത്രമെടുക്കുക, കൈവിഷം ഛർദ്ദിപ്പിക്കുക തുടങ്ങിയ പരിപാടികൾ വചനാനുസൃതമുള്ളതല്ല. കർത്താവോ ശിഷ്യൻമാരോ അങ്ങനെ ചെയ്തിട്ടില്ല. ലേഖനങ്ങളിൽ ഉപദേശമെന്നല്ല സൂചനപോലുമില്ല. മന്ത്രവാദികൾ സത്യവിശ്വാസത്തിലേക്കു വന്നപ്പോൾ വിലയേറിയ മന്ത്രവാദഗ്രന്ഥങ്ങൾ ചുട്ടു ചാമ്പലാക്കിയെന്നല്ലാതെ കൂടോത്രം എടുപ്പിച്ചില്ല. വിശേഷിച്ച് ഉപവാസമോന്നും നടത്തിയതുമില്ല.

ആഭിചാരം നടത്തിയ തകിടോ മറ്റു വസ്തുക്കളോ നമ്മുടെ കോമ്പൗണ്ടിൽ ശത്രുക്കൾ കുഴിച്ചിട്ടിരിക്കാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. പക്ഷേ നമുക്കു ദോഷം ചെയ്യാനുള്ള കഴിവ് ഈ വസ്തുക്കൾക്കില്ല. ഇതിന്റെ പ്രവർത്തനങ്ങൾ മൂലം നമുക്ക് ഒരു ദോഷവും വരികയുമില്ല. ഇവ വെളിപ്പാടിൽ കണ്ടു എന്ന് അവകാശപ്പെടുന്ന പ്രവാചകൻമാരെ സൂക്ഷിക്കുക: ഇത്തരക്കാർ ദൈവദാസൻമാരല്ല സാത്താന്റെ ദാസൻമാരാണ്. ദൈവദാസൻമാർ കൂടോത്രം ദർശനത്തിൽ കണ്ട ഒരു സംഭവം പോലും ദൈവവചനത്തിലില്ല. തകിടെടുക്കാൻ വേണ്ടി ഉപവസിക്കുന്ന പ്രവാചകൻമാർ അന്ധവിശ്വാസം വളർത്തുകയാണു ചെയ്യുന്നത്.

അങ്ങനെയെങ്കിൽ ചില പ്രവാചകൻമാർ പ്രാർത്ഥിച്ച് തകിടെടുക്കുന്നതെങ്ങനെ? എല്ലാവരുടെയും മുമ്പിൽ വച്ചാണല്ലോ അവർ തകിടെടുക്കുന്നത്. വെറും ചെപ്പടിവിദ്യയാണിത്. തെരുവോരങ്ങളിൽ മാജിക് ഷോ നടത്തുന്നവർക്കുപോലും അറിയാവുന്ന കൈയടക്കമാണിത്. ഇവർ എടുക്കുന്ന തകിട് ഇവർ തന്നെ കൊണ്ടുവരുന്നതാണ്. കൈയിൽ ഒളിപ്പിച്ചുവച്ച തകിടാണ് ഇവർ പുറത്തെടുക്കുന്നത്. മറ്റുള്ളവർ ശ്രദ്ധിക്കാത്ത വിധത്തിൽ ഇതു ചെയ്യുന്നതിലാണ് ഇവരുടെ വിരുത്.

കൈയിലൊതുങ്ങുന്ന സാധനങ്ങൾ മാത്രമേ ഇവർ ഈ വിധത്തിൽ എടുക്കാറുള്ളൂ എന്നതു ശ്രദ്ധേയമാണ്. തകിട്, ഓല, മുട്ട തുടങ്ങിയവയാണ് സാധാരണയായി എടുക്കുക. ഒരു പ്രവാചകനും നാളിതുവരെ ഒരു മത്തങ്ങ എടുത്തിട്ടില്ല. മത്തങ്ങ കൈയിൽ ഒളിപ്പിച്ചു കൊണ്ടുനടക്കാൻ കഴിയുന്നതല്ല എന്നതുതന്നെ കാരണം. ഒരിടത്ത് എടുത്ത കൂടോത്രം തന്നെയാകും മറ്റൊരിടത്തുനിന്നും എടുക്കുക. നാലോ അഞ്ചോ തകിടുകൾ മാത്രമാകും പ്രവാചകന്റെ കൈയിൽ സ്റ്റോക്കുണ്ടാകുക. അതുതന്നെ എല്ലായിടത്തുനിന്നും എടുക്കും. വിവരദോഷികളെ കബളിപ്പിക്കാൻ ഇതൊക്കെ മതിയാകുമെന്നു പ്രവാചകനറിയാം.

കൈവിഷം ഛർദ്ദിപ്പിക്കുന്നതിന്റെ പിന്നിലെ രഹസ്യവും ഇതുതന്നെ. പ്രാർത്ഥിച്ച് വെള്ളമോ എണ്ണയോ കൊടുക്കും. ഉടൻ ഛർദ്ദിക്കുമെന്നു പറയുകയും ചെയ്യും. ഛർദ്ദി എന്നതു മാനസിക കാരണങ്ങളാലും ഉണ്ടാകാമല്ലോ. ഉടൻ ഛർദ്ദിക്കുമെന്നു പ്രവാചകൻ പറയുന്നതുകേട്ട് പാവം അവിശ്വാസി ഓക്കാനിക്കാൻ തുടങ്ങും. ഓക്കാനും മൂത്ത് ഛർദ്ദിയാകും. കൈവിഷം ഇളകിയതാണെന്ന് ആരും ധരിച്ചുപോകും. മനോ മേനോനെപ്പോലുള്ളവർ അവതരിപ്പിക്കുന്ന 'വിശുദ്ധ ഛർദ്ദി' എന്ന തോന്ന്യാസവും ഈ രീതിയിലാണു നടക്കുന്നത്.

ദൈവമക്കൾ സൂക്ഷിക്കുക: കൂടോത്രം, കൈവിഷം തുടങ്ങിയവയെക്കുറിച്ചു പ്രവചിക്കുന്നവർ ദൈവത്താൽ അയയ്ക്കപ്പെട്ട പ്രവാചകൻമാരല്ല. അത്തരക്കാരിൽ വ്യാപരിക്കുന്നത് ദൈവാത്മാവുമല്ല. അന്ധവിശ്വാസത്തിലേക്കു ജനത്തെ തള്ളിയിടാനായി സാത്താൻ ഒരുക്കിയ കെണിയാണിത്. ഇത്തരം പ്രവാചകൻമാരുടെ വാക്കു കേട്ട് ഉപവസിക്കാൻ തയ്യാറാകുന്നവർ സാത്താനു കീഴടങ്ങുകയാണു ചെയ്യുന്നത്. ദൈവസന്നിധിയിൽ സ്വയം താഴ്ത്താൻ ഉപവാസം ഉപകരിക്കുമെങ്കിലും അതിനു പ്രവാചകന്റെ നേതൃത്വം ആവശ്യമില്ല. പ്രാദേശിക സഭയിലെ പാസ്റ്ററും വിശ്വാസികളും മാത്രം മതിയാകും.

തരം കിട്ടുന്നിടത്തു പാർക്കാൻ പുറപ്പെട്ട ലേവ്യൻ എന്നു പറഞ്ഞതുപോലെയുള്ള സ്ഥിതിയിൽ നടക്കുന്ന പ്രവാചകൻമാർ ഏറെയുണ്ട്. ഇത്തരക്കാർക്ക് ദൈവവുമായി ഒരു ബന്ധവുമില്ല എന്ന് ദൈവമക്കൾ മനസ്സിലാക്കണം. സാത്താന്റെ കൈയിലെ ആയുധങ്ങളാണിവർ. ദൈവവചനത്തിൽ അടിസ്ഥാനമില്ലാത്ത ഉപദേശങ്ങളാണ് ഇവർ പഠിപ്പിക്കുന്നത്. ഇത്തരക്കാരെ വീടുകളിലോ സഭകളിലോ കയറ്റരുത്. പണം കൊടുത്തു സഹായിക്കുകയും ചെയ്യരുത്. വചനാനുസൃതമുള്ള വിശ്വാസമാണ് ക്രിസ്തീയജീവിതത്തിന്റെ അടിത്തറ. അതു തകർന്നാൽ ആത്മീയ ജീവിതംതന്നെ തകരും.

## ഈ ലക്കത്തിലെ പുസ്തകം

ദൈവശാസ്ത്രവിദ്യാർത്ഥികൾക്ക് ഉപകരിക്കുന്ന പുസ്തകങ്ങളാണ് 'ഈ ലക്കത്തി ലെ പുസ്തകം' എന്ന പംക്തിയിലൂടെ പരിചയപ്പെടുത്തുന്നത്. എന്നാൽ പുസ്തകം പരിചയപ്പെടുത്തുക മാത്രമല്ല പരിചയപ്പെടുത്തുന്ന പുസ്തകങ്ങൾ വായനക്കാർക്കു തികച്ചും സൗജന്യമായി ഇന്റർനെറ്റിൽ നിന്നു ഡൗൺ ലോഡ് ചെയ്യാൻ അവസരം ഒരുക്കുക കൂടി ചെയ്യുന്നു എന്നതാണ് ഈ പംക്തിയുടെ പ്രത്യേകത.




**Anton Lavey** എഴുതിയ **The Satanic Bible** എന്ന കുപ്രസിദ്ധ ഗ്രന്ഥമാണ് ഈ ലക്കത്തിൽ പരിചയപ്പെടുത്തുന്നത്. ഒട്ടേറെ വിവാദങ്ങൾക്കു കാരണമായതും സാത്താൻ സഭക്കാരുടെ ബൈബിളുമായ ഈ ഇംഗ്ലീഷ് പുസ്തകം താഴെക്കാണുന്ന ലിങ്കിൽ, **PDF** ഫോർമാറ്റിൽ ലഭ്യമാണ്.

**http://www.tsbalan.com/downloads.html**

## അടിസ്ഥാന വേദോപദേശങ്ങൾ വില്പന തുടരുന്നു

''അടിസ്ഥാന വേദോപദേശങ്ങൾ'' എന്ന പുസ്തകത്തിന്റെ വില്പന തുടരുന്നു. പുസ്തകം ഡിഫെൻഡറിന്റെ ഓഫീസിൽ മാത്രമേ ലഭിക്കൂ. വില: 30 രൂപ മാത്രം.

ഈ പുസ്തകം **പോസ്റ്റിൽ ലഭിക്കുവാൻ** നൽകേണ്ട വില താഴെ കൊടുക്കുന്നു:

പുസ്തകത്തിന്റെ ഒരു കോപ്പി- 50 രൂപ.

രണ്ടു കോപ്പികൾ- 80 രൂപ. അഞ്ചു കോപ്പികൾ- 180 രൂപ.

പത്തു കോപ്പികൾ - 350 രൂപ.

കൂടുതൽ കോപ്പികൾ ആവശ്യമുള്ളവർ ഓരോ പുസ്തകത്തിനും 30 രൂപ നിരക്കിൽ പുസ്തകത്തിന്റെ വിലയും പത്തു പുസ്തകങ്ങൾക്ക് 50 രൂപ എന്ന നിരക്കിൽ പോസ്റ്റേജും നൽകിയാൽ മതിയാകും. വിദേശത്തുള്ളവർ ഈമെയിൽ അയയ്ക്കുകയോ ഫോണിൽ ബന്ധപ്പെടുകയോ ചെയ്യുക.

പുസ്തകം ആവശ്യമുള്ളവർ പേര്, പൂർണ്ണമായ വിലാസം, ഫോൺ നമ്പർ, ഏറ്റവും പരിചയമുള്ള കുരിയർ കമ്പനിയുടെ പേര് എന്നിവ അറിയിക്കണം. ചെറിയ തുകകൾ മണിയോർഡറായി അയയ്ക്കുക. ചെക്ക് അയയ്ക്കുന്നവർ 50 രൂപ ബാങ്ക് കമ്മീഷൻ ചേർത്ത് അയയ്ക്കുക. ഡ്രാഫ്റ്റുകൾ പെരുമ്പാവൂരിൽ മാറത്തക്കവിധം അയയ്ക്കുക. ചെക്കുകൾ, ഡ്രാഫ്റ്റുകൾ തുടങ്ങിയവ റ്റി.എസ്. ബാലൻ എന്ന പേരിൽ എടുക്കുക.

# അഴലേറും ജീവിത മരുവിൽ മോഷണമെന്തിനു സഹജേ?

''അഴലേറും ജീവിത മരുവിൽ നീ തളരുകയോ ഇനി സഹജേ'' എന്ന പാട്ട് കേട്ടിട്ടില്ലാത്ത പെന്തക്കോസ്തുകാർ ഉണ്ടാകില്ല. ആരാണ് ഈ പാട്ടെഴുതിയത്? 'മുട്ടം ഗീവർഗീസ്' എന്ന പേരിൽ അറിയപ്പെടുന്ന പാസ്റ്റർ ജോൺ വർഗീസ്. ഈ പാട്ട് എഴുതാനിടയായ സാഹചര്യത്തെക്കുറിച്ചും അദ്ദേഹം വിവരിക്കുന്നുണ്ട്. പവ്വർ വിഷനിലൂടെ പലരും ഈ കഥ കേട്ടു. ഇപ്പോൾ യൂട്യൂബിലുമുണ്ട്. അദ്ദേഹം പറയുന്നതിങ്ങനെ:

''ഒരിക്കൽ പതിനാറു ദിവസത്തോളം ഞങ്ങളുടെ വീട്ടിൽ ആഹാരമില്ലാതെയായിപ്പോയി. അപ്പോൾ എനിക്കു രണ്ടു കുഞ്ഞുങ്ങൾ ഉണ്ടായിരുന്നു. മൂത്ത കുട്ടി പാലുകുടി നിർത്തി. എങ്കിലും പട്ടിണിയുടെ ആധിക്യം നിമിത്തം രണ്ടു കുട്ടികളും ചേർന്ന് അവരുടെ മാതാവിന്റെ മുലപ്പാൽ കുടിക്കാൻ ശ്രമിച്ചു. അവർക്കു രണ്ടു പേർക്കും ഒന്നിച്ചു പാല് കൊടുക്കാനുള്ള കഴിവ് അവൾക്കില്ലാതെപോയി. ഞങ്ങളുടെ പ്രയാസത്തിന്റെ എട്ടാമത്തെ ദിവസത്തിൽ അവർ കിടക്കുന്ന മുറിയിൽ നിന്ന് ഒരു ശബ്ദം കേട്ടു. കുഞ്ഞുങ്ങൾ അലമുറയിട്ടു കരയുന്നു. അവർക്കു മുലപ്പാൽ ലഭിക്കുന്നില്ല. മറ്റൊന്നും അവർക്കു കുടിക്കാൻ കൊടുക്കാനില്ല. ഞാൻ അവരുടെ മുറിയിലേക്കു പോയി നോക്കിയപ്പോൾ അവൾ ഏതാണ്ട് അർദ്ധബോധാവസ്ഥയിലെന്നപോലെ കിടക്കുകയാണ്. അവളുടെ മുഖത്തേക്കു നോക്കി, എന്റെ കർത്താവിന്റെ മുഖത്തേക്കും ഞാൻ നോക്കി. എന്റെ മുമ്പിൽ ഒരു വലിയ പ്രകാശം പരന്നു. ഞാൻ അവളുടെ നേരെ വിരൽ ചൂണ്ടി ഒരു ഗാനം തുടങ്ങി. മന:പൂർവ്വമായി ഞാൻ മനസ്സിൽ കരുതിവച്ചതല്ല, അതിന്റെ കാവ്യഭംഗി നോക്കിയില്ല. ഉന്നതനായ ദൈവം എനിക്ക് ആ ട്യൂൺ ഉൾപ്പെടെ തരികയാണു ചെയ്തത്. അതാണ് ക്രൈസ്തവലോകം മുഴുവൻ പാടി ആസ്വദിക്കുന്ന അഴലേറും ജീവിത മരുവിൽ എന്ന പാട്ട്.''



മുട്ടം ഗീവർഗീസ്

ഈ സാക്ഷ്യം കേട്ടാൽ ആരായാലും കോരിത്തരിച്ചുപോകും. അത്രയ്ക്കു ഹൃദയസ്പർശിയാണ് ഈ വിവരണം. റ്റി.എസ്. ബാലൻ എന്ന ഈയുള്ളവനും ഉണ്ടായി രോമാഞ്ചം. അതുകൊണ്ട് ഈ പാട്ട് ഞാൻ പലവട്ടം കേട്ടു. ഇതെഴുതിയ മുട്ടം ഗീവർഗീസിനെ ഹൃദയംകൊണ്ട് അഭിനന്ദിച്ചു. ഈ പാട്ടിന്റെ മഹത്വത്തെപ്പറ്റി പലരോടും പറഞ്ഞു. മാത്രമല്ല, മുട്ടം ഗീവർഗീസ് എഴുതിയതായി പറഞ്ഞുകേട്ട മറ്റു പാട്ടുകളും തേടിപ്പിടിച്ചുകേട്ടു.

അതിനിടയിൽ അല്പം കല്ലുകടിയുണ്ടായി. ഈ പാട്ടുകളിൽ പലതും മുട്ടം ഗീവർഗീസ് എഴുതിയതല്ലെന്നും അദ്ദേഹം പറയുന്നതു പച്ചക്കള്ളമാണെന്നും ചിലർ പറഞ്ഞു. പക്ഷേ ഇവ താൻ എഴുതിയതാണെന്ന് മുട്ടം ഗീവർഗീസ് സ്വന്തം വായ്കൊണ്ട് അവകാശപ്പെടുന്ന ദൃശ്യങ്ങൾ യൂട്യൂബിലുണ്ട്. ആരാണു കള്ളം പറയുന്നത്? അതു കണ്ടെത്താനായി ഞാൻ ചില അന്വേഷണങ്ങൾ നടത്തി. അങ്ങനെ കണ്ടെത്തിയ വിവരങ്ങളാണ് ഈ ലേഖനത്തിൽ വിവരിക്കുന്നത്. (മുട്ടം ഗീവർഗീസ് ക്ഷമിക്കണം.)

## പാസ്റ്റർ പി.വി. ചുമ്മാർ പറയുന്നതിങ്ങനെ

'അഴലേറും ജീവിത മരുവിൽ' എന്ന ഗാനത്തിന്റെ ഉല്പത്തിയുമായി ബന്ധപ്പെട്ട് പാസ്റ്റർ പി.വി.ചുമ്മാർ (പഴഞ്ഞി) പറയുന്നതിങ്ങനെ: ''ഈ ഗാനം മുട്ടം ഗീവർഗീസ് എഴുതിയതാണെന്നു പറയുന്നതു ശരിയല്ല. ഇത് എഴുതിയത് ഞാൻ (പി.വി.ചുമ്മാർ) ആണ്. അര നൂറ്റാണ്ടിൽ അധികം മുമ്പു നടന്ന ഒരു സംഭവമാണ് ഈ പാട്ടെഴുതാൻ കാരണമായത്. യാക്കോബായ സഭയിൽ നിന്നു വിശ്വാസത്തിൽ വന്ന ഒരു സഹോദരൻ ബന്ധുക്കളുടെ ഉപദ്രവം നിമിത്തം വളരെ ക്ഷീണിച്ചിരിക്കുന്ന സമയമായിരുന്നു അത്. (ഈ സഹോദരന്റെ പേര് റ്റി. എസ്.ബാലൻ എന്ന ഈയുള്ളവനോടു ചുമ്മാർ പാസ്റ്റർ പറഞ്ഞെങ്കിലും ആ പേരു വെളിപ്പെടുത്തരുത് എന്ന് ആവശ്യപ്പെട്ടതുകൊണ്ട് വിശദാംശങ്ങളിലേക്കു കടക്കുന്നില്ല.) വിശ്വാസ ജീവിതം ഉപേക്ഷിക്കേണ്ടതായി വരുമോ എന്നു പോലും ആ സഹോദരനു ഭയമുണ്ടായിരുന്നു. ആ സഹോദരനെ (സഹജനെ) ധൈര്യപ്പെടുത്താനായി ചുമ്മാർ പാസ്റ്റർ എഴുതിയതാണ് ഈ പാട്ട്. ഇതിന്റെ ട്യൂൺ മുട്ടം ഗീവർഗീസിനു ദൈവം നൽകിയതാണെന്നു പറയുന്നതും ശരിയല്ല. 1968ൽ പാസ്റ്റർ കെ.വി.ജോസഫ് അപ്പോസ്തോലിക് ഫെയ്ത്ത് മിഷനു വേണ്ടി പ്രസിദ്ധീകരിച്ച 'ക്രിസ്തീയ പുരോഗമന ഗീതങ്ങൾ' എന്ന പാട്ടു പുസ്തകത്തിന്റെ 109-ാം പേജിൽ 128-ാമത്തെ പാട്ടായി 'അഴലേറും ജീവിത മരുവിൽ' പ്രസിദ്ധീകരിച്ചിട്ടുണ്ട്.''



പാസ്റ്റർ പി.വി. ചുമ്മാർ

ഈ പുസ്തകത്തിന്റെ ഒരു കോപ്പി ചുമ്മാർ പാസ്റ്റർ എന്നെ കാണിച്ചു. 'മേഖാവു തുചുപ്പ് ഹോജാ' എന്ന ഹിന്ദി പാട്ടിന്റെ ട്യൂണിൽ എഴുതിയതാണ് ഈ പാട്ടെന്ന് അവിടെ പറയുന്നുമുണ്ട്. ഏതാണ് ഈ പാട്ടെന്നറിയുവാൻ ഞാൻ ഇന്റർനെറ്റിൽ പരതി. 1957ൽ പുറത്തിറങ്ങിയ 'ദോ ആംഖേം ബാരാ ഹാത്ത്' എന്ന ഹിന്ദി ചിത്രത്തിനുവേണ്ടി ഭരത് വ്യാസ് രചിച്ച് വസന്ത് ദേശായി ഈണം നൽകി ലതാ മങ്കേഷ്കർ പാടിയതാണ് ഈ പാട്ട്. Main Gaaoon Tu Chup Ho Ja എന്ന് യൂട്യൂബിൽ സേർച്ച് ചെയ്താൽ ഈ പാട്ടു ലഭിക്കും. ആദ്യകാലത്ത് ഈ ഹിന്ദിപ്പാട്ടിന്റെ ട്യൂണിലാണ് ഈ പാട്ടു പാടിയിരുന്നതെങ്കിലും ഇപ്പോൾ ചില മാറ്റങ്ങളോടെയാണ് മിക്കവരും ഈ പാട്ടു പാടുന്നത്.

'ദോ ആംഖേം ബാരാ ഹാത്ത്' എന്ന സിനിമയുടെ പോസ്റ്റർ




## ഒന്നുമാത്രമോ?

'അഴലേറും ജീവിത മരുവിൽ' എന്ന ഈ ഒരു ഗാനത്തിന്റെ കാര്യത്തിൽ മാത്രമാണോ മുട്ടം ഗീവർഗീസ് കള്ളം പറയുന്നത്? അങ്ങനെയാണെങ്കിൽ പോട്ടെന്നു വയ്ക്കാമായിരുന്നു. പക്ഷേ മറ്റുള്ളവരെഴുതിയ നിരവധി ഗാനങ്ങൾ മുട്ടം ഗീവർഗീസ് സ്വന്തമാക്കിയിട്ടുണ്ടെന്ന് അന്വേഷണത്തിൽ വ്യക്തമായി. ഇതാ ചില സാമ്പിളുകൾ:



പാസ്റ്റർ കെ.വി.ജോസഫ്

1982ൽ കർത്താവിൽ നിദ്ര പ്രാപിച്ച പാസ്റ്റർ കെ.വി. ജോസഫ് (കുന്ദംകുളം) എഴുതിയ ചില പാട്ടുകൾ മുട്ടം ഗീവർഗീസ് സ്വന്തമാക്കിയിട്ടുണ്ട്. സഭയിലുള്ള ചില കുടുംബങ്ങൾ വിട്ടുപോയതിലുള്ള ദു:ഖത്തോടെ ഇരിക്കുന്ന സമയത്ത് പാസ്റ്റർ കെ.വി.ജോസഫ് എഴുതിയതാണ് 'എന്താനന്ദം, എനിക്കെന്താനന്ദം പ്രിയ യേശുവിൻ കൂടെയുള്ള വാസം' എന്ന ഗാനം. പക്ഷേ ഈ ഗാനവും മേല്പടി അനുഭവവും തന്റെതാണെന്നു മുട്ടം ഗീവർഗീസ് അവകാശപ്പെടുന്നു. സംശയമുള്ളവർ യൂട്യൂബിൽ Enthanantham Enikkenthananantham എന്നു ടൈപ്പ് ചെയ്ത് നോക്കുക.

'ഉണർവ്വരുൾകയിന്നേരം ദേവാ' എന്ന ഗാനം എഴുതിയതാര്? പാസ്റ്റർ കെ.വി.ജോസഫ്. പക്ഷേ ഇതെഴുതിയതു താനാണെന്നു മുട്ടം പറയുന്നു. 'സ്തോത്രഗീതം പാടുക നീ മനമേ' എന്ന ഗാനത്തിന്റെ കഥയും ഇതു തന്നെ. കെ.വി.ജെ എഴുതി മുട്ടം തട്ടിയെടുത്തു. 'വീണ്ടെടുക്കപ്പെട്ട കൂട്ടമേ' എന്ന ഗാനം മുട്ടം ഗീവർഗീസ് വിശ്വാസത്തിൽ വരുന്നതിനു വളരെ മുമ്പുതന്നെ പ്രചാരത്തിലുണ്ടായിരുന്നു. എങ്കിലും ഈ പാട്ടും താനെഴുതിയതാണെന്നു മുട്ടം പറയുന്നു.

സർവ്വേക്കല്ല് എന്ന നാടകത്തിലെ 'പൂക്കാലം വന്നിതാ' എന്ന ഗാനത്തിന്റെ ഈണത്തിൽ പാസ്റ്റർ കെ.വി.ജോസഫ് എഴുതിയ 'പ്രത്യാശയോടിതാ ഭക്തരങ്ങുണരുന്നേ' എന്ന ഗാനവും സ്വന്തമാക്കാൻ മുട്ടത്തിനു മടിയുണ്ടായില്ല. 'അല്പകാലം മാത്രം ഈ ഭൂവിലെ വാസം' എന്ന പാട്ടെഴുതിയതു കെ.വി.ജെ ആണെങ്കിലും ഇപ്പോൾ ഇതും മുട്ടത്തിന്റെ വഹയാണ്. ഇങ്ങനെ കുറച്ചധികമുണ്ട്. സ്ഥലപരിമിതിമൂലം ഈ വിവരണം ഇവിടെ നിർത്തുകയാണ്. മറ്റുള്ളവരെഴുതിയ പാട്ടുകൾ സ്വന്തം രചനകളാണെന്നു കള്ളം പറഞ്ഞു നടക്കുന്ന മുട്ടത്തെ ദൈവജനം സൂക്ഷിക്കണം.


## സി.ഡി.കളുടെ വിലവിവരം

ഡിഫെൻഡറിന്റെ ഓഫീസിൽ നിന്നു വിവിധതരം സി.ഡികൾ വിറ്റുവരുന്നതിനാൽ വിലയെപ്പറ്റി സംശയമുണ്ടാകാനിടയുണ്ട്. അതുകൊണ്ട് വിലവിവരപ്പട്ടിക താഴെ കൊടുക്കുന്നു:

1. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ (എം.പി.3) - 900 രൂപ
2. പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ - 900 രൂപ

രണ്ടു സി.ഡികളും ചേർത്ത് ഇന്ത്യയിൽ - 1800 രൂപ.

വിദേശത്തുള്ളവർ വിലയും ഇന്ത്യയിലെ വിലാസവും അയച്ചു തരിക. (വിദേശത്തേക്ക് സി.ഡികൾ അയയ്ക്കുന്നതല്ല.)

യു.എസ്.ബി ഡ്രൈവ് (For Laptops/Computers only)

1. വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ (എം.പി.3- 100 മണിക്കൂർ), പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങൾ (എം.പി.3 - 100 മണിക്കൂർ) എന്നിവ ഒരു യു.എസ്.ബിയിൽ ലഭിക്കും. വില: ഇന്ത്യയിൽ 1800 രൂപ. വിദേശം: 100 ഡോളർ
2. ലൈബ്രറി ഓഫ് തിയോളജി (Books-PDF) ഇന്ത്യയിൽ- 900 രൂപ. വിദേശം: 50 ഡോളർ

പ്രത്യേക ശ്രദ്ധയ്ക്ക്: യു.എസ്.ബി. ഡ്രൈവുകൾ ഗൾഫ് ഒഴികെയുള്ള വിദേശ രാജ്യങ്ങളിലേക്കും അയയ്ക്കും.

വിലാസം: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683542

# അനുഗ്രഹവും ശാപവും പിന്നെ ഞാനും

അനുഗ്രഹം, ശാപം തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് ചില പഠനങ്ങളൊക്കെ റ്റി. എസ്.ബാലൻ എന്ന ഈയുള്ളവൻ ഈ ദിവസങ്ങളിൽ നടത്തുകയാണെന്നു കഴിഞ്ഞ ലക്കത്തിൽ അറിയിച്ചിരുന്നല്ലോ. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ വായനക്കാരുടെ സഹായം ഞാൻ അഭ്യർത്ഥിക്കുകയും ചെയ്തിരുന്നു:

1. രക്ഷിക്കപ്പെടാത്ത (വീണ്ടും ജനനം പ്രാപിക്കാത്ത) ഏതെങ്കിലും വ്യക്തിയെ അനുഗ്രഹിക്കപ്പെട്ടവനായി പുതിയനിയമം അവതരിപ്പിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ എവിടെ?
2. രക്ഷിക്കപ്പെട്ട വ്യക്തിയിൽ ശാപം അവശേഷിക്കുന്നതായി പുതിയ നിയമത്തിൽ സൂചനയെങ്കിലുമുണ്ടോ?
3. വീണ്ടും ജനനം പ്രാപിച്ച (രക്ഷിക്കപ്പെട്ട) വ്യക്തിക്ക് അനുഗ്രഹം ലഭിക്കാനായി പ്രാർത്ഥിക്കുകയോ ആശംസിക്കുകയെങ്കിലുമോ ചെയ്യുന്ന വാക്യങ്ങൾ പുതിയനിയമത്തിലുണ്ടോ?
4. ഭൗതിക നൻമകളെ അനുഗ്രഹത്തിന്റെ ഭാഗമെന്ന നിലയിൽ പരാമർശിക്കുന്ന വാക്യങ്ങൾ പുതിയനിയമത്തിലുണ്ടോ?
5. രോഗം, അപകടം, മരണം, ദാരിദ്ര്യം തുടങ്ങിയവ ശാപത്തിന്റെ ഫലമായി ഉണ്ടാകുന്നതാണെന്നു പുതിയനിയമം പറയുന്നുണ്ടോ?

ഈ അഞ്ചു ചോദ്യങ്ങൾക്കും ''ഇല്ല'' എന്ന ഉത്തരം മാത്രമാണു പുതിയനിയമത്തിൽ നിന്ന് നാളിതുവരെ കണ്ടെത്താൻ കഴിഞ്ഞത്. ന്യായപ്രമാണത്തിലെ ശാപവും അനുഗ്രഹവും കൂട്ടിക്കുഴച്ച് ചില വാദങ്ങൾ അവതരിപ്പിക്കാൻ ചിലർ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. കാരണം, പഴയനിയമകാലത്ത് അനുഗ്രഹവും ശാപവും ഉണ്ടായിരുന്നു എന്ന വസ്തുത ഞാൻ ചോദ്യം ചെയ്യുന്നില്ല. പുതിയനിയമം എന്തു പറയുന്നു എന്നതാണ് എന്റെ പഠനവിഷയം.

ഒരുവൻ ക്രിസ്തുവിലായാൽ പുതിയ സൃഷ്ടിയാകുന്നു. അങ്ങനെ വീണ്ടും ജനനം പ്രാപിച്ചവർ ദൈവമക്കളാകുന്നു. തന്റെ അടുക്കൽ വരുന്ന ആരേയും കർത്താവു തള്ളിക്കളയുകയില്ല. ദൈവത്തിന്റെ കൈയിൽ നിന്നു തട്ടിപ്പറിക്കാൻ ആർക്കും കഴിയുന്നതുമല്ല. പക്ഷേ ദൈവമക്കൾക്കു ദൈവത്തെ സ്വന്ത ഇഷ്ട പ്രകാരം തള്ളിക്കളയാൻ കഴിയും. ഇങ്ങനെ ദൈവത്തെ അവർ സ്വയം തള്ളിക്കളയുന്നതുവരെ ഒരു വിധത്തിലുള്ള ശാപവും അവരെ ബാധിക്കുകയില്ല എന്നാണു ഞാൻ കരുതുന്നത്. എന്റെ ധാരണ ശരിയാണോ? ദൈവമക്കൾ പറയൂ. തെറ്റുണ്ടെങ്കിൽ തിരുത്താൻ തയ്യാർ.

രക്ഷിക്കപ്പെടാത്തവരെല്ലാം ശാപത്തിന് അധീനരാണെന്നു ഞാൻ കരുതുന്നു. പണം, ആരോഗ്യം, ഉന്നത പദവി, ദീർഘായുസ്സ് തുടങ്ങിയവയൊന്നും അനുഗ്രഹത്തിന്റെ ലക്ഷണമാണെന്നു പറയാൻ പറ്റില്ല. മേല്പറഞ്ഞതെല്ലാം ഉണ്ടായിരുന്ന 'ധനവാൻ' മരണശേഷം ചെന്നെത്തിയതു യാതനാസ്ഥലത്താണല്ലോ. അങ്ങനെയെങ്കിൽ അവൻ ശപിക്കപ്പെട്ടവനായിരുന്നു എന്നു വ്യക്തം. പക്ഷേ മാറാരോഗം, പട്ടിണി, നിന്ദ തുടങ്ങിയവ മാത്രമുണ്ടായിരുന്ന ലാസർ അനുഗ്രഹിക്കപ്പെട്ടവനായിരുന്നു എന്നതിനു സംശയമില്ല. ധനവാനു ദൈവം നൽകിയ ശാപത്തിന്റെ പാക്കേജിൽ പട്ട്, ധൂമ്രവസ്ത്രം, ആഡംബരം, സുഖം, നല്ല ഭക്ഷണം, ധനം തുടങ്ങിയവയെല്ലാം ഉണ്ടായിരുന്നു. ലാസറിനു ദൈവം നൽകിയത് അനുഗ്രഹം മാത്രമാണ്. ആ പാക്കേജിൽ മാറാരോഗം, പട്ടിണി, നിന്ദ, വ്രണം, നായ്ക്കളോടൊത്തുള്ള സഹവാസം തുടങ്ങിയവയാണുണ്ടായിരുന്നത്. അനുഗ്രഹത്തിന്റെ ലക്ഷണങ്ങളായി നാം പരിഗണിക്കുന്ന കാര്യങ്ങൾ ഒന്നുപോലും ലാസറിനു ലഭിച്ചില്ല. ശാപത്തിന്റെ ലക്ഷണങ്ങളൊന്നും ധനവാന്റെ കോമ്പൗണ്ടിൽപ്പോലും ഉണ്ടായിരുന്നതുമില്ല. പക്ഷേ ഇവരിൽ ആരായിരുന്നു അനുഗ്രഹിക്കപ്പെട്ടവൻ? ആരായിരുന്നു ശപിക്കപ്പെട്ടവൻ?

പഴയനിയമത്തിൽ അനുഗ്രഹം, ശാപം എന്നിവ ഉണ്ടായിരുന്നു എന്നു പറഞ്ഞു കഴിഞ്ഞല്ലോ. പക്ഷേ രക്ഷിക്കപ്പെടാത്ത ആരെയും പുതിയനിയമത്തിൽ അനുഗ്രഹിക്കപ്പെട്ടവരായി പരാമർശിക്കുന്നില്ല. രക്ഷിക്കപ്പെട്ടവരിൽ ശാപം നിലനിൽക്കുന്നതായി സൂചനപോലും കാണുന്നുമില്ല. ശാപം പൊട്ടിക്കൽ എന്നൊരു പരിപാടിയെക്കുറിച്ചു കേൾക്കാനേയില്ല.

രക്ഷിക്കപ്പെട്ട വ്യക്തികളെക്കുറിച്ചു പരാമർശിക്കുമ്പോൾ അവർക്ക് അനുഗ്രഹം ലഭിച്ചു കഴിഞ്ഞതായി പറയുന്നതല്ലാതെ കൂടുതൽ അനുഗ്രഹം ഭാവിയിൽ ലഭിക്കാൻ പോകുന്നതായി പുതിയനിയമത്തിൽ പറയുന്നുണ്ടോ? ഞാൻ കണ്ടിട്ടില്ല. ''സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ദൈവവും പിതാവുമായവൻ വാഴ്ത്തപ്പെട്ടവൻ'' (എഫേ.1:3) എന്നാണല്ലോ പൗലോസ് പറയുന്നത്. ''സ്വർഗ്ഗത്തിലെ സകല ആത്മികാനുഗ്രഹത്താലും നമ്മെ ക്രിസ്തുവിൽ അനുഗ്രഹിച്ചിരിക്കുന്നു'' എന്നല്ലാതെ ''അനുഗ്രഹിക്കാൻ പോകുന്നു'' എന്നല്ല പറയുന്നത്. ഭൗതിക നൻമകളാൽ അനുഗ്രഹിച്ചു എന്നും പറയുന്നുമില്ല. എന്തുകൊണ്ട്? രക്ഷിക്കപ്പെട്ടവർക്കു ദൈവം നൽകുന്നത് ആത്മീയ അനുഗ്രഹങ്ങളാണ്. ഭൗതിക നൻമകൾ ദൈവം നൽകുകയില്ല എന്ന് ഈ പറഞ്ഞതിന് അർത്ഥമില്ല. എങ്കിലും ഭൗതിക നൻമകളെ 'അനുഗ്രഹം' എന്ന പട്ടികയിൽ പുതിയനിയമം ഉൾപ്പെടുത്തുന്നില്ല. ഉണ്ടെങ്കിൽ എവിടെ? ഏതു വാക്യത്തിൽ?

രക്ഷിക്കപ്പെടുന്ന നിമിഷം തന്നെ നാം സ്വർഗ്ഗത്തിലെ സകല ആത്മീയ അനുഗ്രഹങ്ങളും പ്രാപിക്കുന്നു. അതുകൊണ്ടാണ് പിന്നീടൊരിക്കലും അനുഗ്രഹം പ്രാപിക്കാൻ കഴിയാത്തത്. രക്ഷിക്കപ്പെട്ടവർക്കു പിന്നീട് അനുഗ്രഹം ലഭിക്കുന്നതിനെപ്പറ്റി പുതിയനിയമത്തിൽ സൂചനപോലുമില്ലെന്നതു ശ്രദ്ധേയമാണ്.

വീണ്ടും ജനനം പ്രാപിച്ചവർ ദൈവമക്കളാണ്. മക്കൾ തെറ്റു ചെയ്താൽ പിതാവു ശിക്ഷിക്കും. അത് അപ്പനും മക്കളും തമ്മിലുള്ള ഇടപാടാണ്, ശാപമോ അനുഗ്രഹമോ അല്ല. ദൈവമക്കൾ അനുഗ്രഹിക്കപ്പെട്ടവരാണ്. അവരിൽ ശാപം അവശേഷിക്കുന്നില്ല. അഥവാ ആരിലെങ്കിലും ശാപം അവശേഷിക്കുന്നുണ്ടെങ്കിൽ ആ വ്യക്തി രക്ഷിക്കപ്പെട്ടതേയല്ല. വീണ്ടും ജനനം പ്രാപിച്ചാൽ ശാപം ഇല്ലാതാകും.

ശാപം പൊട്ടിക്കൽ ശുശ്രൂഷ എന്നൊന്നില്ല. ഉണ്ടെന്നു പുതിയനിയമത്തിൽ സൂചനപോലുമില്ല. രക്ഷിക്കപ്പെടാത്തവർ രക്ഷിക്കപ്പെടാത്തവരെ കബളിപ്പിക്കാൻ നടത്തുന്ന തട്ടിപ്പു ശുശ്രൂഷയാണു ശാപം പൊട്ടിക്കൽ. ഭൗതിക നൻമകൾ പ്രാപിക്കുകയാണ് ഇത്തരക്കാരുടെ ലക്ഷ്യം. ശാപം പൊട്ടിയാൽ രോഗം, പട്ടിണി, പരാജയം, വന്ധ്യത, അപകടങ്ങൾ തുടങ്ങിയവ മാറും എന്നാണ് ഇത്തരക്കാർ പഠിപ്പിക്കുന്നത്. ശാപത്തിന്റെ ഫലമായാണ് ഇവയൊക്കെ ഉണ്ടാകുന്നതെന്ന് പുതിയനിയമം പറയുന്നില്ല. ശാപം പൊട്ടിയാൽ ഇത്തരം പ്രശ്നങ്ങൾ ഇല്ലാതാകുമെന്നും പുതിയനിയമത്തിൽ പറയുന്നില്ല. ഭൗതിക നൻമയോ തിൻമയോ അനുഗ്രഹത്തിന്റെയോ ശാപത്തിന്റെയോ ലക്ഷണമല്ല. ദൈവമക്കൾക്ക് ശാപത്തിൽ നിന്നു വിടുതൽ ലഭിക്കാനോ ഏതെങ്കിലും വിധത്തിലുള്ള അനുഗ്രഹം ലഭിക്കാനോ പ്രാർത്ഥിക്കേണ്ടതുമില്ല.

ഈ പറഞ്ഞതൊക്കെ എന്റെ അനുമാനങ്ങളാണ്. ഞാൻ ഒരു സാധാരണ മനുഷ്യനാണ്. എനിക്കു തെറ്റുപറ്റാം. മേല്പറഞ്ഞ സിദ്ധാന്തത്തിൽ എന്തെങ്കിലും തെറ്റുണ്ടോ? ഉണ്ടെങ്കിൽ ദയവായി അറിയിക്കുക. തെറ്റു തിരുത്താൻ ഞാൻ തയ്യാറാണ്.


## നിങ്ങൾക്കും ഒരു വെബ്സൈറ്റ്

വെബ്സൈറ്റിനേക്കുറിച്ച് മിക്കവരും കേട്ടിരിക്കുമെങ്കിലും എങ്ങനെയാണ് വെബ്സൈറ്റ് ഉണ്ടാക്കുന്നതെന്ന് അറിയാവുന്നവർ ഏറെയില്ല. ഇന്റർനെറ്റ് എന്നത് ഒരു മഹാനഗരമാണെങ്കിൽ ആ നഗരത്തിൽ അല്പം സ്ഥലം വാങ്ങി വീടുണ്ടാക്കുന്നതാണ് വെബ്സൈറ്റ്. പക്ഷേ സ്ഥലം വാങ്ങാനും വീടു വയ്ക്കാനും മറ്റും പലരുടേയും സഹായം ആവശ്യമായിവരും. ഇത്തരം ജോലികളെല്ലാം ഞങ്ങൾ വളരെ കുറഞ്ഞ ചെലവിൽ ചെയ്തുതരുന്നു:

നിങ്ങളുടെ സംഘടന, ബിസിനസ്സ്, സ്ഥാപനം, മിനിസ്ട്രി, സഭ തുടങ്ങി എന്തിനും വെബ്സൈറ്റ് ഉണ്ടാക്കാം. നിങ്ങളുടെ കുടുംബത്തിനുപോലും വെബ്സൈറ്റ് നിർമ്മിക്കാം.

- ഡൊമെയ്ൻ രജിസ്ട്രേഷൻ
- വെബ് ഹോസ്റ്റിംഗ്
- വെബ്സൈറ്റ് ഡിസൈനിംഗ്
- വെബ്സൈറ്റ് ഡെവലപ്മെന്റ്
- ജൂംല സി.എം.എസ്
- വേഡ്പ്രസ്സ്
- PHP ഡെവലപ്മെന്റ്
- വെബ് അഡ്വർറ്റയ്സ്മെന്റ്
- വെബ് ബാനർ
- ഫ്ളാഷ് ആനിമേഷൻ

script infow@ys
Your Web Partner
Ernakulam
Phone: 0484-2592312. Mob: 9539378757
Email: info@scriptinfoways.com

## ആശാനക്ഷരമൊന്നുപിഴച്ചാൽ......

# പത്തുകല്പനകൾ നീക്കപ്പെട്ടോ?

ശാബതുകാർ എന്ന പേരിൽ അറിയപ്പെടുന്ന സെവന്ത് ഡേ അഡ്വറ്റിസ്റ്റുകളെക്കുറിച്ച് മിക്കവരും കേട്ടിട്ടുണ്ടാകും. ശനിയാഴ്ച ശാബതായി ആചരിക്കണമെന്ന് അവർ പഠിപ്പിക്കുന്നു. ആ ഉപദേശം തെറ്റാണെന്നു പെന്തക്കോസ്തുകാർ ഘോരഘോരം വാദിക്കുമെന്നുറപ്പ്. അപ്പോൾ ശാബതുകാർ ചോദിക്കും:
ദൈവമക്കൾ പത്തു കല്പനകൾ അനുസരിക്കേണ്ടതല്ലേ?
അതെ, തീർച്ചയായും അതെ.
എന്താണു നാലാം കല്പന?
ശബത് ആചരിക്കണമെന്ന്.
അപ്പോൾ ശബത് ആചരിക്കേണ്ടതല്ലേ?
ശബത് ഞായറാഴ്ചയിലേക്കു മാറ്റി.
ആരുമാറ്റി? എന്നുമാറ്റി? ബൈബിളിൽ എവിടെയാണ് ഇങ്ങനെ എഴുതിയിരിക്കുന്നത്?
പെന്തക്കോസ്തുകാരന് ഉത്തരം മുട്ടും എന്നു തീർച്ച.
പത്തു കല്പന അനുസരിക്കേണ്ടതില്ല എന്നു പറഞ്ഞാലോ?
അങ്ങനെയെങ്കിൽ വിഗ്രഹത്തെ ആരാധിക്കാം, വ്യഭിചരിക്കാം, മോഷ്ടിക്കാം..... എന്തും ചെയ്യാം.

എല്ലാമറിയാം എന്ന ഭാവത്തിൽ നടക്കുന്ന പെന്തക്കോസ്ത് വിശ്വാസികൾ മാത്രമല്ല ഭൂരിപക്ഷം പാസ്റ്റർമാരും വായ് പൊളിച്ചു നിന്നുപോകും.

എവിടെയാണു കുഴപ്പം? ദൈവവചനം വസ്തുനിഷ്ഠമായി പഠിച്ചില്ല എന്നതാണു കുഴപ്പം. ഏതായാലും ഈ പ്രശ്നം ആഴത്തിൽ പഠിക്കാം:

ആദ്യമായി റോമാലേഖനം ഒരുവട്ടം വായിക്കുക. എന്നിട്ടു പറയൂ: പുതിയനിയമ വിശ്വാസികൾ ന്യായപ്രമാണം അനുസരിക്കേണ്ടതുണ്ടോ?
പൗലോസ് പറയുന്നു:
ന്യായപ്രമാണത്തിന്റെ പ്രവൃത്തികളാൽ ഒരു ജഡവും അവന്റെ സന്നിധിയിൽ നീതീകരിക്കപ്പെടുകയില്ല; ന്യായപ്രമാണത്താൽ പാപത്തിന്റെ പരിജ്ഞാനമത്രേ വരുന്നത്. (3: 20)
അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടശേഷമോ നാം അവനാൽ എത്ര അധികമായി കോപത്തിൽ നിന്നു രക്ഷിക്കപ്പെടും. (5:9)
നിങ്ങൾ ന്യായപ്രമാണത്തിനല്ല, കൃപയ്ക്കത്രേ അധീനരാകുകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ. (6:14)
ജീവന്റെ ആത്മാവിന്റെ പ്രമാണം എനിക്കു പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്നു ക്രിസ്തുയേശുവിൽ സ്വാതന്ത്ര്യം വരുത്തിയിരിക്കുന്നു. (8:2)

പൗലോസ് ഗലാത്യലേഖനത്തിൽ പറയുന്നതും ഇതു തന്നെ. ചില ഉദാഹരണങ്ങൾ:
ഞാൻ ഇതൊന്നു മാത്രം നിങ്ങളോടു ഗ്രഹിക്കുവാൻ ഇച്ഛിക്കുന്നു; നിങ്ങൾക്ക് ആത്മാവു ലഭിച്ചതു ന്യായപ്രമാണത്തിന്റെ പ്രവൃത്തിയാലോ വിശ്വാസത്തിന്റെ പ്രസംഗം കേട്ടതിനാലോ? നിങ്ങൾ ഇത്ര ബുദ്ധികെട്ടവരോ? (3:2)
എന്നാൽ ന്യായപ്രമാണത്തിന്റെ പ്രവൃത്തിയിൽ ആശ്രയിക്കുന്ന ഏവരും ശാപത്തിൻ കീഴാകുന്നു; ന്യായപ്രമാണപുസ്തകത്തിൽ എഴുതിയിരിക്കുന്നതൊക്കെയും ചെയ്യുവാൻ തക്കവണ്ണം അതിൽ നിലനില്ക്കാത്തവൻ എല്ലാം ശപിക്കപ്പെട്ടവൻ എന്ന് എഴുതിയിരിക്കുന്നുവല്ലോ. എന്നാൽ ന്യായപ്രമാണത്താൽ ആരും ദൈവസന്നിധിയിൽ നീതീകരിക്കപ്പെടുന്നില്ല എന്നതു സ്പഷ്ടം; നീതിമാൻ വിശ്വാസത്താൽ ജീവിക്കും എന്നല്ലോ ഉള്ളത്. (3:10,11)
എന്നാൽ ന്യായപ്രമാണം എന്തിന്? വാഗ്ദത്തം ലഭിച്ച സന്തതി വരുവോളം അതു ലംഘനങ്ങൾ നിമിത്തം കൂട്ടിച്ചേർത്തതും ദൂതൻമാർ മുഖാന്തരം മദ്ധ്യസ്ഥന്റെ കൈയിൽ ഏല്പിച്ചതുമത്രേ. (3:19)
അങ്ങനെ നാം വിശ്വാസത്താൽ നീതീകരിക്കപ്പെടേണ്ടതിനു, ന്യായപ്രമാണം ക്രിസ്തുവിന്റെ അടുക്കലേക്കു നടത്തുവാൻ നമുക്കു ശിശുപാലകനായി ഭവിച്ചു. വിശ്വാസം വന്ന ശേഷമോ നാം ഇനി ശിശുപാലകന്റെ കീഴിൽ അല്ല. (3:24,25)

ഇങ്ങനെ വാക്യങ്ങൾ നിരവധിയുണ്ട്. പക്ഷേ ന്യായപ്രമാണം നീക്കപ്പെട്ടു എന്നും ഇനി നാം പുതിയനിയമം മാത്രമേ അനുസരിക്കേണ്ടതുള്ളൂ എന്നും പറയുമ്പോൾ മിക്കവരും ഉദ്ധരിക്കുന്ന ഒരു വാക്യമുണ്ട്:
''ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകൻമാരെയോ നീക്കേണ്ടതിന് വന്നു എന്ന് നിരൂപിക്കരുത്; നീക്കുവാനല്ല നിവർത്തിക്കുവാനത്രേ ഞാൻ വന്നത്. സത്യമായി ഞാൻ നിങ്ങളോട് പറയുന്നു: ആകാശവും ഭൂമിയും ഒഴിഞ്ഞു

> ആത്മീയലോകത്ത് ഏറെ സ്വീകാര്യത നേടിയിട്ടുള്ള ദുർവ്യാഖ്യാനങ്ങൾ തിരുവചന വെളിച്ചത്തിൽ പഠനവിധേയമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് 'ആശാനക്ഷരമൊന്നു പിഴച്ചാൽ...' എന്ന ഈ പരമ്പര ആരംഭിച്ചത്. ദൈവവചനം ആഴത്തിൽ പഠിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഈ പംക്തി പ്രയോജനം ചെയ്യും.

പോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽനിന്ന് ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരു നാളും ഒഴിഞ്ഞുപോകുകയില്ല.'' (മത്താ. 5:17-18) ന്യായപ്രമാണം ഒരിക്കലും നീങ്ങിപ്പോകുകയില്ല എന്നല്ലേ ഈ വാക്യങ്ങളിൽ കാണുന്നത്? ശരിയാണ്. പക്ഷേ മുൻവിധി കൂടാതെ ഈ ഭാഗം പഠിക്കണം.

''നാളെ ഞാൻ നിങ്ങൾക്കു നൂറു രൂപ തരാം'' എന്നു വാക്കു തരുന്നു. ഇതു നീക്കുക എന്നാൽ എന്താണ്? ''നാളെ ഞാൻ നിങ്ങൾക്കു നൂറു രൂപ തരാം എന്നു പറഞ്ഞ വാക്കു പിൻവലിക്കുന്നു'' എന്നോ ''നാളെ ഞാൻ നിങ്ങൾക്കു നൂറു രൂപ തരികയില്ല'' എന്നു മാറ്റിപ്പറയുകയോ ചെയ്താൽ എന്റെ വാക്കു നീങ്ങിപ്പോയി. പക്ഷേ പിറ്റേന്നു ഞാൻ നിങ്ങൾക്കു 100 രൂപ തരികയാണെങ്കിലോ? ഞാൻ എന്റെ വാക്കു നിവൃത്തിയാക്കി. അതോടെ ആ വാക്കു മാറി. കാരണം, എല്ലാ 'നാളെ'യും ഞാൻ നൂറു രൂപ നിങ്ങൾക്കു തരേണ്ടതില്ല.
''ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകൻമാരെയോ നീക്കേണ്ടതിന് വന്നു എന്ന് നിരൂപിക്കരുത്; നീക്കുവാനല്ല നിവർത്തിക്കുവാനത്രേ ഞാൻ വന്നത്'' എന്നത്രേ യേശു പറഞ്ഞത്. ന്യായപ്രമാണം പൂർണ്ണമായി അനുസരിക്കാൻ (നിവർത്തിക്കാൻ) മോശെക്കോ ദാവീദിനോ പോലും കഴിഞ്ഞില്ല. പക്ഷേ യേശു ന്യായപ്രമാണം പൂർണ്ണമായി നിവർത്തിച്ചു. മാത്രമല്ല, പ്രവചനപുസ്തകങ്ങളിൽ ക്രിസ്തുവിനെക്കുറിച്ച് എഴുതിയിരുന്നതെല്ലാം യേശുവിന്റെ ജീവിതത്തിൽ നിവൃത്തിയായി. അതുകൊണ്ട് അവ ഇനി ആരും നിവൃത്തിയാക്കേണ്ടതില്ല. നീക്കുക, നിവർത്തിക്കുക എന്നീ വാക്കുകളുടെ അർത്ഥം വ്യക്തമായി എന്നു കരുതുന്നു.

ശാബതുകാർ തികച്ചും വിചിത്രമായ ഒരു വാദവും ഉന്നയിക്കാറുണ്ട്. മോശെയുടെ ന്യായപ്രമാണം മാത്രമേ മാറിപ്പോയിട്ടുള്ളൂ എന്നും പെട്ടകത്തിനുള്ളിൽ വച്ച പത്തു കല്പനകൾ ഇന്നും പുതിയനിയമ വിശ്വാസികൾക്കും ബാധകമാണെന്നും ഇവർ വാദിക്കുന്നു. പക്ഷേ ദൈവവചനം വസ്തുനിഷ്ഠമായി പഠിച്ചാൽ ഈ വാദം തെറ്റാണെന്നു തെളിയും. പൗലോസ് പറയുന്നു:
''ന്യായപ്രമാണത്തിൻ കീഴിരിക്കുവാൻ ഇച്ഛിക്കുന്നവരേ, നിങ്ങൾ ന്യായപ്രമാണം കേൾക്കുന്നില്ലയോ? എന്നോടു പറയുവിൻ. അബ്രാഹാമിനു രണ്ടു പുത്രൻമാർ ഉണ്ടായിരുന്നു; ഒരുവൻ ദാസി പ്രസവിച്ചവൻ, ഒരുവൻ സ്വതന്ത്ര പ്രസവിച്ചവൻ എന്ന് എഴുതിയിരിക്കുന്നുവല്ലോ. ദാസിയുടെ മകൻ ജഡപ്രകാരവും സ്വതന്ത്രയുടെ മകനോ വാഗ്ദത്തത്താലും ജനിച്ചിരുന്നു. ഇതു സാദൃശ്യമാകുന്നു. ഈ സ്ത്രീകൾ രണ്ടു നിയമങ്ങൾ അത്രേ; ഒന്നു സീനായ് മലയിൽ നിന്നുണ്ടായി അടിമകളെ പ്രസവിക്കുന്നു; അതു ഹാഗർ. ഹാഗർ എന്നത് അറബിദേശത്തു സീനായ് മലയെ കുറിക്കുന്നു. അത് ഇപ്പോഴത്തെ യെരൂശലേമിനോട് ഒക്കുന്നു; അതു തന്റെ മക്കളോടുകൂടെ അടിമയിലല്ലോ ഇരിക്കുന്നത്. മീതെയുള്ള യെരൂശലേമോ സ്വതന്ത്രയാകുന്നു; അവൾ തന്നേ നമ്മുടെ അമ്മ.'' (ഗലാ.4:21-25)

സീനായ് മലയിൽ നിന്ന് ഉദ്ഭവിച്ച നിയമം ഏത്? പത്തു കല്പനയാണല്ലോ. അതു നീക്കപ്പെട്ടു എന്നല്ലേ പൗലോസ് വ്യക്തമാക്കുന്നത്? പത്തു കല്പനകൾ സീനായ് മലയിൽ നിന്നല്ല ഉദ്ഭവിച്ചതെന്നു വാദിച്ചു രക്ഷപ്പെടാൻ ചിലർ ശ്രമിക്കാറുണ്ട്. അങ്ങനെയുള്ളവർ 1കൊരി. 3:6-11 വായിക്കുക.
''അവൻ ഞങ്ങളെ പുതുനിയമത്തിന്റെ ശുശ്രൂഷകൻമാർ ആകുവാൻ പ്രാപ്തരാക്കി; അക്ഷരത്തിന്റെ ശുശ്രൂഷകൻമാരല്ല, ആത്മാവിന്റെ ശുശ്രൂഷകൻമാരത്രേ; അക്ഷരം കൊല്ലുന്നു, ആത്മാവോ ജീവിപ്പിക്കുന്നു. എന്നാൽ കല്ലിൽ അക്ഷരമായി കൊത്തിയിരുന്ന മരണശുശ്രൂഷ, നീക്കം വരുന്നതായ മോശെയുടെ മുഖതേജസ്സുനിമിത്തം യിസ്രായേൽമക്കൾക്ക് അവന്റെ മുഖത്തു നോക്കിക്കൂടാത്തവണ്ണം തേജസ്സുള്ളതായെങ്കിൽ ആത്മാവിന്റെ ശുശ്രൂഷ അധികം തേജസ്സുള്ളതാകുകയില്ലയോ? ശിക്ഷാവിധിയുടെ ശുശ്രൂഷ തേജസ്സാകുന്നു എങ്കിൽ നീതിയുടെ ശുശ്രൂഷ തേജസ്സേറിയതായിരിക്കും. അതേ, തേജസ്സോടുകൂടിയത് ഈ കാര്യത്തിൽ ഈ അതിമഹത്തായ തേജസ്സുനിമിത്തം ഒട്ടും തേജസ്സില്ലാത്തതായി. നീക്കം വരുന്നതു തേജസ്സുള്ളതായിരുന്നെങ്കിൽ നിലനില്ക്കുന്നത് എത്ര അധികം തേജസ്സുള്ളതായിരിക്കും!''

പഴയനിയമത്തെ അക്ഷരത്തിന്റെ ശുശ്രൂഷ, കൊല്ലുന്ന ശുശ്രൂഷ, കല്ലിൽ കൊത്തിയ ശുശ്രൂഷ, തേജസ്സുള്ള ശുശ്രൂഷ, നീക്കം വരുന്ന ശുശ്രൂഷ എന്നൊക്കെയാണു വിളിക്കുന്നത്. പക്ഷേ പുതിയനിയമത്തെ ആത്മാവിന്റെ ശുശ്രൂഷ, ജീവിപ്പിക്കുന്ന ശുശ്രൂഷ, ഹൃദയമെന്ന മാംസപ്പലകയിൽ എഴുതിയ ശുശ്രൂഷ, തേജസ്സേറിയ ശുശ്രൂഷ, നിലനിൽക്കുന്ന ശുശ്രൂഷ എന്നൊക്കെയാണു വിളിക്കുന്നത്. ഈ വാക്കുകളിൽ നിന്നുതന്നെ കാര്യം വ്യക്തമാണല്ലോ.

പറഞ്ഞു വരുന്നതിന്റെ ചുരുക്കം ഇതാണ്: പഴയനിയമത്തിലുള്ള 10 കല്പനകൾ ഉൾപ്പെടെ ഒരു കല്പനയും പുതിയനിയമ വിശ്വാസി അനുസരിക്കേണ്ടതില്ല. എന്നാൽ പുതിയനിയമത്തിലുള്ള ചട്ടങ്ങൾ അനുസരിക്കണം. കാരണം, അവ പുതിയനിയമങ്ങളാണ്.

പത്തു കല്പനകളിൽ നാലാം കല്പന ഒഴികെയുള്ള ഒൻപതും പുതിയനിയമത്തിലുണ്ട്. അവയിൽ പലതും കൂടുതൽ കഠിനമാകുകയും ചെയ്യുന്നു. അതുകൊണ്ട് പുതിയനിയമ വിശ്വാസി പഴയനിയമ വിശ്വാസിയേക്കാളധികം ജീവിതവിശുദ്ധി കാത്തുസൂക്ഷിക്കാൻ ബാധ്യസ്ഥനാണ്. എങ്കിലും പുതിയനിയമ വിശ്വാസി രക്ഷ പ്രാപിക്കുന്നതു പ്രവൃത്തിയാലല്ല കൃപയാൽ വിശ്വാസം മൂലമാണ്. പഴയനിയമത്തിലെ ശബത് ആചരണം പുതിയനിയമത്തിൽ ശബത് (സ്വസ്ഥത) അനുഭവമായി മാറുന്നു. (എബ്രാ.4:1-3) പക്ഷേ ശനിയാഴ്ചത്തെ ശബത് ഞായറാഴ്ചയിലേക്കു മാറ്റി എന്ന വാദം ശരിയല്ല. പുതിയനിയമകാലത്ത് ആഴ്ചയിലെ ഏഴു ദിവസവും ഒന്നുപോലെയാണ്. ഞായറാഴ്ചയ്ക്ക് ഒരു പ്രത്യേകതയുമില്ല. ഞായറാഴ്ച അവധി ലഭിക്കുന്നതുകൊണ്ട് അന്നു സഭായോഗം നടത്തുന്നു എന്നുമാത്രം.




## ഡിഫെൻഡർ ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കുന്നു

അഭ്യുദയകാംഷികളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് ഡിഫെൻഡർ വീണ്ടും ആയുഷ്ക്കാല വരിസംഖ്യ സ്വീകരിക്കാൻ തീരുമാനിക്കുകയാണ്. (ആയുഷ്ക്കാലം എന്നതുകൊണ്ട് വരിക്കാരന്റെ ആയുഷ്ക്കാലമെന്നല്ല റ്റി.എസ്. ബാലന്റെ ആയുഷ്ക്കാലമെന്നാണ് അർത്ഥമാക്കുന്നതെന്ന് വ്യക്തമാക്കട്ടെ. കാരണം, റ്റി.എസ്.ബാലൻ മരിക്കുന്നതോടെ ഡിഫെൻഡറും ഇല്ലാതാകും.)

ഡിഫെൻഡറിന്റെ ആയുഷ്ക്കാല വരിക്കാരാകുവാൻ ആഗ്രഹിക്കുന്നവർ 1000 (ആയിരം) രൂപ രണ്ടാം പേജിൽ കാണുന്ന വിലാസത്തിൽ ചെക്ക്/ഡി.ഡി/മണിയോഡർ അയയ്ക്കുക. ചെക്ക്/ഡി.ഡി. എന്നിവ T.S.Balan എന്ന പേരിൽ മാത്രം എടുക്കാൻ ശ്രദ്ധിക്കുക. കൂടുതൽ വിവരങ്ങൾക്ക്:

**Ph: 0484-3232356. Mob: 9447414608**

# പോൾ ഗോപാലകൃഷ്ണൻ: വിശുദ്ധി മൂത്ത നിർഗ്ഗുണൻ

2012 ജനുവരി ലക്കം ക്രൈസ്തവചിന്തയുടെ മൂന്നാം പേജിൽ ''പോൾ ഗോപാലകൃഷ്ണൻ കനിഞ്ഞില്ല, ഗുഡ്ന്യൂസിനുവേണ്ടി മടക്കയാത്ര ചാണക വണ്ടിയിൽ'' എന്ന തലക്കെട്ടിൽ കെ.എൻ.റസ്സൽ എഴുതിയ ലേഖനമാണ് ഈ പ്രതികരണത്തിന് ആധാരം. മേല്പടി ലേഖനം വായിച്ചിട്ടില്ലാത്തവർ ആദ്യമായി അതു വായിക്കുക:
http://tsbalan.com/ccjan.pdf



പരമ പുണ്യാളനായ പോൾ ഗോപാലകൃഷ്ണനിൽ നിന്നു റസ്സലിലുണ്ടായ രണ്ട് അനുഭവങ്ങളാണ് റസ്സൽ വിവരിക്കുന്നത്. ഇവ ക്രൈസ്തവചിന്തയിൽ നിന്നു മനസ്സിലാക്കാൻ കഴിയുമെന്നതിനാൽ ഇവിടെ ആവർത്തിക്കുന്നില്ല. പോൾ ഗോപാലകൃഷ്ണനും റസ്സലും റ്റി.എസ്. ബാലനെന്ന ഈയുള്ളവനും വണ്ടൻമേട് പഞ്ചായത്തുകാരാണ്. മാത്രമല്ല, സഹപാഠികളും ഏകദേശം ഒരേ പ്രായക്കാരുമാണ്. നല്ലകാലം വരുമ്പോൾ പലരും പഴയതൊക്കെ മറക്കും, അല്ലെങ്കിൽ മറന്നതായി നടിക്കും. പക്ഷേ എനിക്ക് പഴയതൊന്നും മറക്കാൻ പറ്റില്ല. അഥവാ, മറന്നാൽ അതു ദൈവത്തെ മറക്കുന്നതിനു തുല്യമായിരിക്കും. അതുകൊണ്ട് അല്പം പഴമ്പുരാണം പറയുകയാണ്. റസ്സലും പോൾ ഗോപാലകൃഷ്ണനും ക്ഷമിക്കണം.

എന്റെ സ്വദേശം കോട്ടയം ജില്ലയിലെ ചെറുവള്ളിയാണ്. അവിടെനിന്ന് 1968ൽ ഞങ്ങൾ വണ്ടൻമേട്ടിലെത്തി. അന്നു ഞാൻ ഏഴാം ക്ലാസ്സിൽ പഠിക്കുകയാണ്. വണ്ടൻമേട്ടിലുള്ള സെന്റ് ആന്റണീസ് സ്ക്കൂളിൽ പഠിച്ചാണ് ഞാൻ ഏഴാം ക്ലാസ്സ് പൂർത്തിയാക്കിയത്. അപ്പോൾ റസ്സലും പോൾ ഗോപാലകൃഷ്ണനും ആറാം ക്ലാസ്സിൽ ഉണ്ടായിരുന്നു. ഞാൻ പുറ്റടിയിലുള്ള പഞ്ചായത്ത് ഹൈസ്ക്കൂളിലാണു തുടർന്നു പഠിച്ചത്. റസ്സൽ പഠിച്ചതും അവിടെത്തന്നെ. പക്ഷേ പോൾ ഗോപാലകൃഷ്ണന്റെ പഠനം വണ്ടൻമേട്ടിൽ, ആറോ ഏഴോ ക്ലാസ്സുകൊണ്ട് അവസാനിച്ചു.

പത്താം ക്ലാസ്സ് കഴിഞ്ഞ് ഞാൻ കൂലിപ്പണിക്കാരനായി. രണ്ടു രൂപ ദിവസ ശമ്പളത്തിലായിരുന്നു തുടക്കം. ഏലക്കാ പറിക്കുക, ഏലത്തിനു മരുന്ന് (വിഷം) അടിക്കുക, കിളയ്ക്കുക, വിറകു ചുമക്കുക തുടങ്ങി ഏലത്തോട്ടത്തിലും തേയിലത്തോട്ടത്തിലും ഉള്ള എല്ലാ ജോലികളും ഞാൻ ചെയ്തു. റസ്സലിന് ഉണക്കമീൻ കച്ചവടമായിരുന്നു ആദ്യകാലത്തു പണി. പിന്നീട് വളവും വിഷവും മറ്റും വിൽക്കുന്ന ഒരു കടയിൽ ജോലികിട്ടി. പോൾ ഗോപാലകൃഷ്ണൻ ബീഡി തെറുപ്പുകാരനായിരുന്നു. കൊച്ചറയിലുള്ള ഒരു കടയുടെ തിണ്ണയിലിരുന്ന് ബീഡി തെറുക്കും.

ഞങ്ങൾ മൂന്നു പേരും വിശ്വാസത്തിൽ വന്നത് ഏറെക്കുറെ ഒരേകാലത്താണ്. പോൾ ഗോപാലകൃഷ്ണനു മൂന്നു ജ്യേഷ്ഠൻമാർ ഉണ്ടായിരുന്നതുകൊണ്ട് കുടുംബഭാരം ഏൽക്കേണ്ടിയിരുന്നില്ല. അതുകൊണ്ട് വീടുവിട്ട് ശാരോൻ ബൈബിൾ കോളേജിൽ പോകാനും പിന്നീട് ഗ്രേസിൽ പഠിക്കാനും കഴിഞ്ഞു. പക്ഷേ അതായിരുന്നില്ല എന്റെ സ്ഥിതി. എനിക്ക് അഞ്ചു വയസ്സുള്ളപ്പോൾത്തന്നെ എന്റെ പിതാവു മരിച്ചു പോയതുകൊണ്ട് ഞാനായിരുന്നു കുടുംബനാഥൻ. എന്റെ ഇളയവരായി ഒരു സഹോദരിയും സഹോദരനും എനിക്കുണ്ടായിരുന്നു. അതുകൊണ്ട് വീടുവിട്ട് എങ്ങും പോകാൻ പറ്റാത്ത സ്ഥിതിയിലായിരുന്നു ഞാൻ. റസ്സലും വീടുവിട്ടു പോയില്ല.

ശാരോൻ ബൈബിൾ കോളേജ്, ഗ്രേസ് ബൈബിൾ കോളേജ് എന്നീ സ്ഥാപനങ്ങളിലായി ആറു വർഷം പഠിച്ചതോടെ പോൾ ഗോപാലകൃഷ്ണൻ മഹാപണ്ഡിതനായി, വലിയ ആളായി. നാട്ടിൽ മടങ്ങിയെത്തിയ ഗോപാലകൃഷ്ണൻ വിവാഹം കഴിച്ചു. ഏറെ താമസിയാതെ കുഴിക്കാല ശാരോനിലെ പാസ്റ്ററായി. അവിടെനിന്നു പൊടിയാടിയിലെത്തി. പിന്നീടു മുണ്ടിയപ്പള്ളിയിലുമെത്തി. ഒടുവിൽ അവിടെ വേരുറച്ചു. ആകാശവും ഭൂമിയും മാറിപ്പോയാലും പോൾ ഗോപാലകൃഷ്ണൻ മുണ്ടിയപ്പള്ളി ശാരോനിൽ നിന്ന് മാറുകയില്ല, ഇളകുകയുമില്ല.

റസ്സൽ കുറെക്കാലം ഡോ.ജോൺ താന്നിക്കലുമായി സഹകരിച്ചു പ്രവർത്തിക്കുകയുണ്ടായി. അക്കാലത്താണ് ഞാൻ നാഗാലാന്റിലേക്കു പോയത്. ബി.എ. പാസ്സായശേഷമാണ് ഞാൻ നാഗാലാന്റിൽ എത്തിയത്. തുടർന്നുള്ള ഒൻപതു വർഷം ഞാൻ നാഗാലാന്റിയിൽ ആയിരുന്നു. 1993ൽ മടങ്ങിയെത്തി. അതിനിടയിൽ റസ്സൽ വിവാഹം കഴിച്ചു. ഭാര്യയുടെ ജോലിയോടുള്ള ബന്ധത്തിൽ മുണ്ടക്കയത്തേക്കു താമസം മാറ്റുകയും ചെയ്തിരുന്നു. എന്തു ചെയ്യണം, എവിടെ താമസിക്കണം എന്നൊന്നും നിശ്ചയമില്ലായിരുന്ന ഞാൻ പഴയ പരിചയം വച്ച് പോൾ ഗോപാലകൃഷ്ണനെ സമീപിച്ചു. മുണ്ടിയപ്പള്ളി സഭയിലുള്ള ഒരു വിശ്വാസിയുടെ ഉടമസ്ഥതയിലുള്ള ഒരു വീട് എനിക്കു താമസിക്കാനായി ലഭിച്ചത് അങ്ങനെയാണ്. തുടർന്നുള്ള മൂന്നു വർഷക്കാലം ഞാൻ താമസിച്ചത് അവിടെയാണ്. മാസം ആയിരം രൂപയായിരുന്നു എന്റെ വരുമാനം.

മുണ്ടിയപ്പള്ളിയിൽ താമസിക്കുന്ന കാലത്താണ് ഞാൻ പുതിയ ഗോപാലകൃഷ്ണനെ അടുത്തറിഞ്ഞത്. പഴയ ബീഡി തെറുപ്പുകാരനിൽ നിന്നു വളരെ വളർന്നു കഴിഞ്ഞിരിക്കുന്നു പാസ്റ്റർ ഗോപാലകൃഷ്ണൻ. ബീഡി എന്നാൽ എന്തെന്നുപോലും അറിഞ്ഞുകൂടാത്ത 'കാച്ചിൽ കൃഷ്ണപിള്ള' കോംപ്ലക്സ് പിടിപെട്ട ഗോപാലകൃഷ്ണനെയാണു ഞാൻ അവിടെ കണ്ടത്. അപ്രമാദിത്വം, അനുപേക്ഷണീയത്വം, ശുദ്ധ അഹന്ത തുടങ്ങി ഒരു ദൈവദാസനുണ്ടാകാൻ പാടില്ലാത്ത കുറെ ദുർഗ്ഗുണങ്ങളുടെ വിളഭൂമിയായി ഗോപാലകൃഷ്ണൻ മാറിക്കഴിഞ്ഞിരുന്നു. വിശുദ്ധിയുടെ നിറകുടമാണു ഗോപാലകൃഷ്ണൻ. കുറ്റമോ കുറവോ അശേഷമില്ല. ഗോപലകൃഷ്ണന് ഇഷ്ടമുള്ളവരെല്ലാം നല്ല ദൈവദാസൻമാരാണ്. ഗോപാലകൃഷ്ണൻ വെറുക്കുന്നു എന്നു പറഞ്ഞാൽ ദൈവം വെറുക്കുന്നു എന്നർത്ഥം.

94-96 കാലത്ത് ഞാൻ മല്ലപ്പള്ളി - ആനിക്കാട് ശാരോൻ സഭയുടെ പാസ്റ്ററായിരുന്നു. അതുകൊണ്ട് മുണ്ടിയപ്പള്ളി സഭയുമായി വലിയ ബന്ധം ഉണ്ടായിരുന്നില്ല. എങ്കിലും എന്റെ കുടുംബാംഗങ്ങളെല്ലാം മുണ്ടിയപ്പള്ളി ശാരോനിലായിരുന്നു ആരാധനയ്ക്കു പോയിരുന്നത്. അതുകൊണ്ട് സഭയിൽ നടക്കുന്ന കാര്യങ്ങൾ ഞാൻ അറിഞ്ഞിരുന്നു.

അല്പമെങ്കിലും ആത്മാഭിമാനമുള്ള ആർക്കും സഹിക്കാവുന്ന കാര്യങ്ങളല്ല മുണ്ടിയപ്പള്ളി സഭയിൽ നടന്നിരുന്നത്, ഇപ്പോഴും നടക്കുന്നത്. അവിടെ ഒരു ദൈവമേയുള്ളൂ: അതു പോൾ ഗോപാലകൃഷ്ണനാണ്. ശാരോൻ സഭയാണ് എന്നു പറയപ്പെടുന്നുണ്ടെങ്കിലും ആ സഭ ഫലത്തിൽ ഗോപാലകൃഷ്ണന്റെ സ്വന്തം പോലെയാണ്. എന്നെന്നും അങ്ങനെതന്നെ ആയിരിക്കുകയും ചെയ്യും.

ഗോപാലകൃഷ്ണൻ, അല്ലെങ്കിൽ അളിയൻ ക്രിസ്തുദാസ്, ഇവർ മാത്രമാണ് ആ സഭയുടെ ജീവാത്മാവും പരമാത്മാവും. വിശ്വാസികൾ വെറും അടിമകൾ മാത്രം. ഗോപാലകൃഷ്ണന്റെ അവഹേളനം സഹിക്കാവുന്നതിലും അധികമായപ്പോൾ കുറെ വിശ്വാസികൾ മുണ്ടിയപ്പള്ളി ശാരോൻ വിട്ട് കുന്നന്താനത്തു മറ്റൊരു ശാരോൻ സഭയുണ്ടാക്കി. അതോടെ അവരെല്ലാം ഗോപാലകൃഷ്ണന്റെ നിത്യശത്രുക്കളായി. മുണ്ടിയപ്പള്ളി സഭയിലെ വിശ്വാസികൾക്ക് കുന്നന്താനം സഭയിലെ വിശ്വാസികളോടു കുശലം പറയാൻ പോലും അനുവാദമില്ല. വിവാഹം പോലുള്ള ചടങ്ങുകൾക്ക് കുന്നന്താനം സഭയിലുള്ള ആരെയെങ്കിലും വിളിച്ചാൽ ഗോപാലകൃഷ്ണൻ ആ ചടങ്ങു ബഹിഷ്ക്കരിക്കും.

ഗിരിപ്രഭാഷണമാണ് ഗോപാലകൃഷ്ണന്റെ ഇഷ്ട പ്രസംഗവിഷയം. പക്ഷേ ഇത്ര കൊടിയ പകയുള്ള ഒരു മനുഷ്യനെ അപൂർവ്വമായേ കണ്ടെത്താൻ കഴിയൂ. ''ചെകുത്താന്റെ ഹൃദയമുള്ള പുണ്യവാളൻ'' എന്നു പറഞ്ഞാൽ പോൾ ഗോപാലകൃഷ്ണനായി. മുണ്ടിയപ്പള്ളി സഭയിലുള്ള സാധുക്കളെയും ഇയാൾ ഈ വിധത്തിൽ ബ്രെയിൻവാഷ് ചെയ്തിരിക്കയാണ്. കിണറ്റിലെ തവളകളാണവർ. മുണ്ടിയപ്പള്ളി ശാരോനു പുറത്ത് ഒരു ലോകമുണ്ടെന്ന് അവർക്കറിഞ്ഞുകൂടാ.

ഗോപാലകൃഷ്ണന്റെ ലീലാവിലാസങ്ങൾ ഒന്നൊന്നായി വിവരിക്കാൻ തുനിഞ്ഞാൽ നിരവധി പേജുകൾ അതിനായി നീക്കി വയ്ക്കേണ്ടതായി വരും. അതുകൊണ്ട് വിശദാംശങ്ങളിലേക്കു കടക്കുന്നില്ല. റസ്സലിന്റെ അനുഭവങ്ങൾ സാമ്പിൾ മാത്രം. 'പരമ നിർഗ്ഗുണൻ' എന്നാൽ എന്തോ അതാണു പോൾ ഗോപാലകൃഷ്ണൻ. പത്തു വർഷം മുമ്പ് ഒരു ദിവസം പോലും ഒഴിവില്ലാതെ കൺവൻഷൻ പ്രോഗ്രാമുകൾ ലഭിച്ചിരുന്നെങ്കിലും ഇപ്പോൾ പോൾ ഗോപാലകൃഷ്ണനെ ശാരോനിലുള്ളവർക്കുപോലും വേണ്ട. ജനം ഇയാളെ വിവേചിച്ചറിഞ്ഞിരിക്കുന്നു.

അല്പന് അർത്ഥം കിട്ടിയാൽ അർദ്ധരാത്രിക്കും കുടപിടിക്കും എന്നാണല്ലോ ചൊല്ല്. ഗോപാലകൃഷ്ണന്റെ ജീവിതത്തിൽ സംഭവിച്ചതും അതുതന്നെ. വിദേശപര്യടനങ്ങൾ നടത്തി കുറെ പണമുണ്ടാക്കി. പണക്കാരനായതോടെ പഴയതെല്ലാം മറന്നു. അങ്ങനെ ഗോപാലകൃഷ്ണൻ ഒരു ദൈവമായി. ആർക്കും തിരുത്താനോ രക്ഷിക്കാനോ പറ്റാത്ത സ്ഥിതിയിലാണിയാളിപ്പോൾ.





# ഡോ.മുരളീധറിനും വഴി തെറ്റുന്നോ?




ഡോ.കെ.മുരളീധറിനും വഴി തെറ്റുകയാണോ? പത്തനംതിട്ട ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പ്രത്യക്ഷപ്പെട്ടിരിക്കുന്ന പരസ്യ ബോർഡുകൾ കണ്ടാൽ അതാണു തോന്നുക. വെഷപ്പ് കെ.പി.യോഹന്നാന്റെ സഭയുടെ നിരണം ഭദ്രാസനം വഹയായി ഫെബ്രുവരി ആദ്യ ആഴ്ചയിൽ തോട്ടഭാഗത്തുവച്ചു കൺവൻഷൻ നടക്കുകയാണ്. ഈ കൺവൻഷനിൽ ഡോ.കെ.മുരളീധറും പ്രസംഗിക്കുന്നു. (ഹാ കഷ്ടമേ!)

ഏതാനും വർഷം മുമ്പ് ഡോ.ഡി.ജോഷ്വ കെ.പി.യോഹന്നാന്റെ കൺവൻഷനിൽ പ്രസംഗിച്ചിരുന്നു. അതിനെതിരെ ഡിഫെൻഡർ എഴുതുകയും ചെയ്തു. അതിനുശേഷം അദ്ദേഹം ആ തെറ്റ് ആവർത്തിച്ചിട്ടില്ല. ഇപ്പോഴിതാ മുരളീധർ ബിലെയാമിന്റെ വഴിയിലൂടെ നടക്കുന്നു.

മുരളീധർ ഐ.സി.പി.എഫിന്റെ പ്രസിഡന്റാണെന്നു കേൾക്കുന്നു. അതു ശരിയാണെങ്കിൽ ആ പദവി രാജി വച്ചിട്ടാകട്ടെ ഇത്തരം അപഥസഞ്ചാരം. പിൻമാറ്റക്കാരനായ കെ.പി.യോഹന്നാന് ഓശാന പാടുന്നവർ ഐ.സി.പി.എഫിൽ വേണ്ട.



# ഐ.പി.സി അങ്കം: കഥ ഇതുവരെ

രാഷ്ട്രീയക്കാരെയും സാക്ഷാൽ ചെകുത്താനെത്തന്നെയും ലജ്ജിപ്പിക്കുന്നത്ര ഹീനമായ രാഷ്ട്രീയക്കളികളാണ് ഇപ്പോൾ ഐ.പി.സിയിൽ നടക്കുന്നത്. ഏഴോ എട്ടോ മാസം കഴിഞ്ഞ് നടക്കാൻ പോകുന്ന ഐ.പി.സി ജനറൽ ഇലക്ഷൻ മുന്നിൽ കണ്ട് നേതാക്കൻമാരും മറ്റു കസേരമോഹികളും കരുക്കൾ നീക്കുകയും തമ്മിലടിക്കുകയും ചെയ്യുകയാണ്.

വൽസൻ പക്ഷം, കെ.സി. ജോൺ പക്ഷം എന്നിങ്ങനെ രണ്ടു പക്ഷങ്ങളാണ് കേന്ദ്രത്തിലുള്ളത്. കേരളത്തിൽ ഫിലിപ്പ് പി പക്ഷം, എം.പി.ജോർജ്കുട്ടി പക്ഷം എന്നിവയാണു പ്രമുഖ പക്ഷങ്ങൾ. രണ്ടു പക്ഷത്തിലും ചേരാത്തവരും രണ്ടു വള്ളത്തിൽ കാലു വയ്ക്കുന്നവരും ഏതു പക്ഷത്തു ചേരണമെന്നു തീരുമാനമെടുത്തിട്ടില്ലാത്തവരും എക്സ്ട്രാ. 2012ന്റെ ആരംഭ ദിവസങ്ങളിൽ നടന്ന ഗ്രൂപ്പ് യോഗങ്ങളുടെ ഫലമായി ഉണ്ടായ പാനൽ താഴെ പറയുന്ന വിധമായിരുന്നു:

ജനറൽ കൗൺസിൽ:
പ്രസിഡന്റ് - വൽസൻ തമ്പുരാൻ
വൈസ്- കെ.എം.ജോസഫ്
സെക്രട്ടറി- ചുമ്മാ ഡോ. കെ.സി.
ജോ.സെക്രട്ടറി- സാം ജോർജ്
ഖജനാവ്- ജോൺ ജോസഫ്

ഇത് ഒരു പാനലിന്റെ തീരുമാനം. രണ്ടാമത്തെ പാനൽ ഒന്നും തീരുമാനിച്ചിട്ടില്ല. മൂന്നാമത്തെ പാനൽ ഉണ്ടോ എന്ന് പറയാറായിട്ടുമില്ല.

കേരള സ്റ്റേറ്റ് കൗൺസിൽ:

പാനൽ - ഒന്ന്
പ്രസിഡന്റ്- കെ.സി.തോമസ്
വൈസ്- രാജു പൂവക്കാല
സെക്രട്ടറി- എം.പി.ജോർജ്കുട്ടി
ജോ.സെക്രട്ടറിമാർ- വർഗീസ് മത്തായി& വർഗീസ് മരത്തിനാൽ
ഖജനാവ്- കുര്യൻ ജോസഫ്

പാനൽ - രണ്ട്
പ്രസിഡന്റ്- കെ.സി.തോമസ്
വൈസ്- ജോർജ് ഉമ്മൻ
സെക്രട്ടറി- ഫിലിപ്പ് പി. തോമസ്
ജോ.സെക്രട്ടറിമാർ- ഷിബു നെടുവേലിൽ& സണ്ണി മുളമൂട്ടിൽ
ഖജനാവ്- കുര്യൻ ജോസഫ്

ഐ.പി.സിയുടെ കാര്യമായതുകൊണ്ടും ഇലക്ഷൻ നടക്കാൻ പോകുന്നത് ഏഴെട്ടുമാസം കഴിഞ്ഞായതുകൊണ്ടും ഇതൊക്കെ അന്തിമമാണെന്നു പറയാൻ പറ്റില്ല എന്നറിയാമായിരുന്നു. പക്ഷേ കുമ്പനാട് കൺവൻഷൻ തുടങ്ങി രണ്ടു രാത്രി പിന്നിട്ടപ്പോൾത്തന്നെ ഈ പാനൽ തകിടം മറിഞ്ഞു. പിന്നീടുള്ള സ്ഥിതി:

1. കെ.എം.ജോസഫിനെ വൽസൻ കുമ്പനാടു കൺവൻഷനിൽ അവഗണിച്ചതിൽ പ്രതിഷേധിച്ച് കെ.എം.ജോസഫ് വൽസനെതിരെ ജനറൽ പ്രസിഡന്റായി മൽസരിക്കാൻ ആലോചിക്കുന്നു.
2. ജനറൽ വൈസ് പ്രസിഡന്റായി വിൽസൻ ജോസഫ് മൽസരിക്കും. ജനറൽ ട്രഷറാർ ആയി ജോൺ ജോസഫ് മൽസരിക്കുന്നില്ല. ജനുവരി 12ന് (വ്യാഴം) പാസ്റ്റർ വി.റ്റി.ജോസഫിന്റെ ജീവചരിത്രം കൺവൻഷൻ സ്റ്റേജിൽ വച്ച് പ്രകാശനം ചെയ്യാൻ കെ.സി.ജോൺ സമ്മതിക്കുന്നില്ല എന്നതാണു പ്രകോപനഹേതു.
3. ജനറൽ വൈസ് പ്രസിഡന്റായി ബേബി വർഗീസും മൽസരിച്ചേക്കാം.
4. കുര്യൻ ജോസഫ് സ്റ്റേറ്റ് ട്രഷറാർ സ്ഥാനം വിട്ട് ജനറൽ ട്രഷറാർ സ്ഥാനത്തേക്കു മൽസരിക്കാൻ സാധ്യത ഏറുന്നു.
5. ജോയി താനവേലിൽ സ്റ്റേറ്റ് ട്രഷറാർ ആയി മൽസരിക്കും.
6. കെ.സി.ജോൺ സ്റ്റേറ്റ് പ്രസിഡന്റാകാൻ മോഹിക്കുന്നു. കെ.സി.തോമസിന് ജനറൽ സെക്രട്ടറിയാകാം എന്നാണ് ഓഫർ. കെ.സി.തോമസ് സമ്മതിച്ചാൽ കെ.സി.ജോണിന്റെ ഈ മോഹം പൂവണിഞ്ഞേക്കും. പക്ഷേ കെ.സി.തോമസ് സമ്മതിക്കുമോ? കണ്ടറിയണം.

കുമ്പനാട് കൺവൻഷൻ അവസാനിക്കുന്നതിനു മുമ്പാണ് ഈ കുറിപ്പെഴുതുന്നത്. അതുകൊണ്ട് ഈ ലക്കം ഡിഫെൻഡർ വായനക്കാരുടെ കൈകളിൽ എത്തുന്നതിനു മുമ്പായി വീണ്ടും മാറ്റങ്ങളുണ്ടായേക്കാം. ചുരുക്കിപ്പറഞ്ഞാൽ മാറ്റമില്ലാത്തത് ഒന്നേയുള്ളൂ: മാറ്റത്തിന്.



# അച്ചൻകുഞ്ഞ് ഇലന്തൂർ പെന്തക്കോസ്തുകാരൻ

പാമ്പിന്റെ കൂട്ടത്തിൽ ചെല്ലുമ്പോൾ തലയും മീനുകളുടെ കൂട്ടത്തിൽ ചെല്ലുമ്പോൾ വാലും കാണിക്കുന്ന ഒരുതരം മീനിനെക്കുറിച്ചു കേട്ടിട്ടുണ്ട്. അച്ചൻകുഞ്ഞ് ഇലന്തൂർ ഇത്തരത്തിലുള്ള ഒരു അദ്ഭുതജീവിയാണ്. സമുദായക്കാരുടെ ഇടയിൽ ചെല്ലുമ്പോൾ അത്യുഗ്രൻ സമുദായക്കാരൻ. പെന്തക്കോസ്തുകാരുടെ ഇടയിൽ ഒന്നാംതരം പെന്തക്കോസ്തുകാരൻ. എല്ലാവർക്കും എല്ലാമാണ് ഈ വിരുതൻ. സംശയമുള്ളവർ ജനുവരി 5 ലക്കം മരുപ്പച്ച നോക്കുക.



കുമ്പനാട് കൺവൻഷൻ ഉൾപ്പെടെയുള്ള പെന്തക്കോസ്ത് കൺവൻഷനുകളിൽ വിതരണം നടത്താനുള്ള ലക്കമാണ് ജനുവരി 5ന് പ്രസിദ്ധീകരിക്കുന്നത്. അതിൽ അച്ചനും തിരുമേനിയും മറ്റും ഉണ്ടായാൽ സംഗതി കുഴയും. അതുകൊണ്ട് ജനുവരി 5 ലക്കത്തിൽ തിരുമേനിയുമില്ല അച്ചനുമില്ല. ലേഖകരെല്ലാം പെന്തക്കോസ്തുകാർ, അല്ലെങ്കിൽ പെന്തക്കോസ്തുകാർക്ക് അത്ര വിരോധമില്ലാത്തവർ.

വിഷയങ്ങളോ? അതും പെന്തക്കോസ്തുകാർക്കു രസിക്കുന്നവ തന്നെ. കൺവൻഷൻ വാർത്തകളാണ് ഒന്നാം പേജിൽ. മറ്റു പേജുകളിലുമുണ്ട് കൺവൻഷൻ വാർത്തകൾ. ഉൾപ്പേജിൽ കർത്താവിന്റെ രണ്ടാം വരവിനെക്കുറിച്ചുള്ള ശുദ്ധ പെന്തക്കോസ്ത് വ്യാഖ്യാനം. അച്ചൻകുഞ്ഞ് ദുരുപദേശക്കാരനാണെന്നു ഡിഫെൻഡർ പറഞ്ഞാൽ അതു വിശ്വസിക്കുന്നതെങ്ങനെ? അജ്ഞന്റെ പുത്തി കൊള്ളാം.

# അവറാൻ എവിടെ

ഒരു സംശയം: ശ്രീമാൻ അവറാൻ ഇപ്പോൾ എവിടെ? കക്ഷിക്കു കാര്യമായ പരിപാടികളൊന്നുമില്ലെന്നറിയാം. എങ്കിലും അഡ്രസ്സുപോലുമില്ലാത്ത സ്ഥിതിയിലാകുമെന്നു കരുതിയില്ല. കഴിഞ്ഞ വർഷം തിരുവനന്തപുരം ഭാഗത്ത് കുറെ പ്രോഗ്രാമുകൾ കിട്ടിയിരുന്നു. ഈ വർഷം അതുമില്ലാതായി.

'ഏറ്റം വന്നാൽ ഇത്ര വരാമോ' എന്നു നമ്പ്യാർ ചോദിച്ചതുപോലെ ഗതികേടുണ്ടായെന്നു കരുതി ഇത്ര വലിയ ഗതികേടുണ്ടാകുമോ? വല്ലപ്പോഴും ഒരു പ്രോഗ്രാം - അതാണ് ഇപ്പോൾ കിട്ടുന്നത്. ഗായകസംഘത്തിനു ശമ്പളം കൊടുക്കാനുള്ള വഹപോലും കിട്ടുന്നില്ല. മറ്റു ചെലവുകൾക്കും പണം കണ്ടെത്തണം. പണ്ടു പ്രോഗ്രാമിനു വിളിച്ചിട്ടുള്ളവരെ അങ്ങോട്ടു വിളിച്ചു പ്രോഗ്രാം ചോദിക്കയാണിപ്പോളെന്നു കേൾക്കുന്നു. സൗജന്യമായി പരിപാടി നടത്താനും തയ്യാറാണത്രേ. സാക്ഷാൽ സാത്താനുപോലും ഇത്ര വലിയ ഗതികേടു വന്നിട്ടുണ്ടാകില്ല.

# ഞങ്ങൾ വിശ്വസിക്കുന്നു – ചാപ്മാന്റെ കല്ലറയിലും –

അസംബ്ലീസ് ഓഫ് ഗോഡിന്റെ മാവേലിക്കര സഭാഹാൾ പ്രതിഷ്ഠിക്കുന്ന പരിപാടിയുമായി ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച മാർക്കറ്റിംഗ് സപ്ലിമെന്റ് (മനോരമ) കണ്ടു. സംഗതി കലക്കി, ട്ടോ. പെന്തക്കോസ്തുകാരായാൽ ഇങ്ങനെ വേണം. കപ്പയും മീനും തിന്നാൻ മാത്രമല്ല ലക്ഷങ്ങൾ മുടക്കി സഭാഹാളുണ്ടാക്കാനും മാർക്കറ്റിംഗ് സപ്ലിമെന്റിറക്കാനും പെന്തക്കോസ്തുകാർക്കു കഴിയും എന്നു മാലോകർ കാണട്ടെ. പുതിയ സഭാഹാളിന്റെ ഫോട്ടോ മാത്രമല്ല പഴയ സഭാഹാളിന്റെ ഫോട്ടോയും കൊടുത്തതു നന്നായി. വളർച്ച എത്രത്തോളമെന്നു ജനം അറിയട്ടെ.

''ഞങ്ങൾ വിശ്വസിക്കുന്നു'' എന്ന തലക്കെട്ടോടെ വിശ്വാസപ്രമാണം എഴുതിയത് ഒന്നാംതരമായി. പെന്തക്കോസ്തുകാരുടെ വിശ്വാസം എന്തെന്നു പൊതുജനം വായിക്കട്ടെ. അങ്ങനെ നാലാം പേജിൽ എത്തുമ്പോൾ അതാ കാണുന്നു വിശുദ്ധ മേരി ചാപ്മാന്റെ കല്ലറ. മേരി ചാപ്മാൻ കുറഞ്ഞ ആളൊന്നുമല്ലെന്നു നമുക്കറിയാം. കേരളത്തിൽ എ.ജി. സ്ഥാപിച്ചത് അവരല്ലേ. അവരുടെ കല്ലറ മാവേലിക്കര എ.ജിയുടെ സെമിത്തേരിയിലാണു സ്ഥിതി ചെയ്യുന്നത് എന്ന വസ്തുത രോമാഞ്ചത്തോടെ മാത്രമേ ഓർക്കാൻ കഴിയൂ. ആ കല്ലറയുടെ ചിത്രം സഹിതം വാർത്ത കൊടുത്തത് എന്തുകൊണ്ടും നന്നായി. ലോകമെമ്പാടുമുള്ള എ.ജിക്കാരുടെ തീർഥാടനകേന്ദ്രമായി ഈ കല്ലറ വളർത്തിക്കൊണ്ടു വരാൻ ശ്രമിക്കേണ്ടതാണ്. ഇവിടെ മെഴുകുതിരി കത്തിക്കാനും കുന്തിരിക്കം പുകയ്ക്കാനുമുള്ള ക്രമീകരണങ്ങൾ എത്രയും വേഗം ചെയ്യേണ്ടതാണ്.

# മണ്ഡല വിഭജനം 17ന് (നടന്നാൽ കൊള്ളാം)

കുമ്പനാടു കൺവൻഷൻ കഴിഞ്ഞു വരുന്ന ചൊവ്വാഴ്ച (ജനുവരി 17) ഐ.പി.സി. കേരള സ്റ്റേറ്റ് കൗൺസിലിന്റെ യോഗം നടക്കും. നിയോജകമണ്ഡലം തിരിച്ചു തെരഞ്ഞെടുപ്പു നടത്താനുള്ള സാധ്യത ആരായുക എന്നതാണ് മുഖ്യ അജണ്ട. പക്ഷേ ഈ പരിപാടിക്കു ശക്തമായ എതിർപ്പുമുണ്ട്. അതുകൊണ്ടു വാക്യമത്സരവും മറുഭാഷയും പ്രതീക്ഷിക്കാം. കൈവയ്പ്പുണ്ടാകുമോ എന്നു പറയാറായിട്ടില്ല. അടിപ്പീസിയല്ലേ, എന്തും സംഭവിക്കാം.

# വീണ്ടും മോഷണായി

മോഷണായി വീണ്ടും പണി പറ്റിച്ചു, അതായത് പുസ്തകമെഴുതി. '701 പ്രസംഗക്കുറിപ്പുകൾ' എന്നതാണു വിഷയം. ഏതു പുസ്തകമാണ് ഇത്തവണ കോപ്പിയടിച്ചതെന്നു വ്യക്തമല്ല. ഈ വിദ്വാൻ മൂന്നു ഡസനിലധികം പുസ്തകങ്ങൾ എഴുതിയിട്ടുണ്ടെന്നാണ് ഐതിഹ്യം. എല്ലാം കോപ്പിയടിതന്നെ. വചനപോഷിണിയിൽ നിന്നു ലേഖനങ്ങൾ കോപ്പിയടിച്ച് 'ഉപവാസം' പ്രസിദ്ധീകരിച്ച കഥ കുപ്രസിദ്ധമാണല്ലോ. സംഗതി ഇങ്ങനെയൊക്കെയാണെങ്കിലും പ്രസംഗക്കുറിപ്പുണ്ടാക്കാൻ എളുപ്പമാണ്. പ്രസംഗക്കുറിപ്പുകൾ നിറഞ്ഞ ഇംഗ്ലീഷ് പുസ്തകങ്ങൾ ലഭിക്കും. അതു പെണ്ണുമ്പിള്ളയെക്കൊണ്ടു തർജ്ജമ ചെയ്യിച്ചാൽ മതി. മറ്റൊരു പോംവഴിയുമുണ്ട്. ഏതെങ്കിലും കൺകോഡൻസ് എടുക്കുക. നോക്കി, കണ്ടു, തുമ്മി, ചീറ്റി എന്നൊക്കെയുള്ള ഓരോ വാക്കിനും ഓരോ പ്രസംഗം തയ്യാറാക്കാനുള്ള വഹ കൺകോഡൻസിൽ നിന്നു ലഭിക്കും. മോഷണായിക്കു കുശാൽ.






RNI No. 68089 / 97
2012 January 16

THE DEFENDER

REGISTERED
KL/ALY/0031/2012-2014

# ബിലെയാമിന്റെ പിൻമുറക്കാർ



''നമ്മുടെ ദൈവത്തിന്റെ കൃപയെ ദുഷ്കാമവൃത്തിക്കു ഹേതുവാക്കി ഏകനാഥനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ നിഷേധിക്കുന്ന അഭക്തരായ ചില മനുഷ്യർ നുഴഞ്ഞ് വന്നിരിക്കുന്നു; അവരുടെ ഈ ശിക്ഷാവിധി പണ്ടു തന്നേ എഴുതിയിരിക്കുന്നു'' (4) എന്നു പറഞ്ഞിട്ട് യൂദാ ഇത്തരക്കാരുടെ ചില പ്രത്യേകതകൾ വിവരിക്കുന്നത് ഇങ്ങനെയാണ്: ''അവർക്ക് അയ്യോ കഷ്ടം! അവർ കയീന്റെ വഴിയിൽ നടക്കുകയും കൂലി കൊതിച്ച് ബിലെയാമിന്റെ വഞ്ചനയിൽ തങ്ങളെത്തന്നേ ഏല്പിക്കുകയും കോരഹിന്റെ മത്സരത്തിൽ നശിച്ചുപോകുകയും ചെയ്യുന്നു'' (11). കയീന്റെ വഴികളിൽ നടക്കുക (തന്നേക്കാൾ നല്ലവനും ദൈവപ്രസാദം പ്രാപിച്ചവനുമായ സഹോദരനെ കൊല്ലുക), കൂലി കൊതിച്ച് ബിലെയാമിന്റെ വഞ്ചനയിൽ തങ്ങളെത്തന്നെ ഏല്പിക്കുക, കോരഹിന്റെ മൽസരത്തിൽ പങ്കാളികളാകുക തുടങ്ങിയതൊക്കെ ഇവർ ചെയ്യുന്നു. ഇവയിൽ ബിലെയാമിന്റെ വഞ്ചന എന്ന വിഷയമാണ് ഈ ലേഖനത്തിൽ വിശദീകരിക്കുന്നത്.

യിസ്രായേൽ ജനങ്ങളെ യുദ്ധം ചെയ്തു കീഴ്പ്പെടുത്താൻ പറ്റില്ല എന്നു മനസ്സിലാക്കിയ ബാലാക് മറ്റു പോംവഴികളാലോചിച്ചു. ബിലെയാമിനെ വിളിച്ചുകൊണ്ടുവന്ന് യിസ്രായേലിനെ ശപിപ്പിക്കുക എന്ന തന്ത്രമാണ് ബാലാക് പ്രയോഗിക്കാൻ തീരുമാനിച്ചത്. ബിലെയാം ശപിക്കുകയോ അനുഗ്രഹിക്കുകയോ ചെയ്താൽ അത് അങ്ങനെതന്നെ ഫലിക്കും എന്നായിരുന്നു വിശ്വാസം. ബിലെയാമിനു പണം കൊടുത്ത് പ്രീതിപ്പെടുത്താമെന്നും ദ്രവ്യാഗ്രഹിയായ ബിലെയാം യിസ്രായേലിനെ ശപിച്ചുകൊള്ളുമെന്നും ബാലാക് കണക്കുകൂട്ടി. അങ്ങനെ ബാലാക് ബിലെയാമിനെ കൂട്ടിക്കൊണ്ടുവരാൻ ആളെ അയച്ചു. പണം കിട്ടുമെന്നറിഞ്ഞപ്പോൾ ബിലെയാമിനു കൊതിയായി. എങ്കിലും യഹോവ പറയുന്നതു മാത്രമേ പറയൂ എന്നു വീമ്പിളക്കി. യിസ്രായേലിനെ ശപിക്കുന്നതു ദൈവഹിതമല്ല എന്നു ദൈവം ഒരു വട്ടം പറഞ്ഞെങ്കിലും ബിലെയാമിനു വിശ്വാസം വന്നില്ല. പണക്കൊതി മൂത്ത് അവൻ വീണ്ടും ചോദിച്ചു. ദൈവം അനുവദിക്കുകയും ചെയ്തു. പക്ഷേ ബിലെയാം പോകുന്നതു ദൈവത്തിന് ഇഷ്ടമല്ലായിരുന്നു. അതുകൊണ്ടാണ് അവനെ വധിക്കുവാൻ ദൈവം ദൂതനെ അയച്ചത്. യിസ്രായേലിനെ ശപിക്കുന്നതു ദൈവഹിതമല്ലെന്നു



വ്യക്തമായിട്ടും അവൻ അവരെ ശപിക്കാൻ പലവട്ടം തുനിഞ്ഞു. പണക്കൊതി ഒന്നു മാത്രമാണ് ഇതിനു കാരണം. യിസ്രായേലിനെ ശപിക്കാൻ സാധ്യമല്ല എന്നു വ്യക്തമായപ്പോൾ അവൻ മടങ്ങിപ്പോകേണ്ടതായിരുന്നു. പക്ഷേ അവൻ അതിനു തയ്യാറായില്ല. ദൈവജനത്തെക്കൊണ്ടു പാപം ചെയ്യിക്കാനുള്ള തന്ത്രം അവൻ ബാലാക്കിന് ഉപദേശിച്ചു കൊടുത്തു. അങ്ങനെയാണ് യിസ്രായേല്യർ മൊവാബ്യരുമായി പരസംഗം തുടങ്ങിയത്. ഇതുമൂലം യിസ്രായേലിനുണ്ടായ ദോഷം എത്രത്തോളമെന്ന് സംഖ്യ 25ൽ വായിക്കാം. ഈ ദോഷങ്ങൾക്കെല്ലാം കാരണമായത് ബിലെയാമിന്റെ പണക്കൊതിയാണ്. ''ഭക്തൻമാർ മരിക്കുന്നതുപോലെ ഞാൻ മരിക്കട്ടെ'' (സംഖ്യ 23:10) എന്നു ബിലെയാം ആഗ്രഹിച്ചെങ്കിലും അതല്ല നടന്നത്. ദൈവകല്പനപ്രകാരം യിസ്രായേല്യർ മിദ്യാനോടു പ്രതികാരം ചെയ്തപ്പോൾ ബിലെയാമും വധിക്കപ്പെട്ടു. (സംഖ്യ 31:8)

ബിലെയാമിന്റെ അനുഭവം പുതിയ നിയമ വിശ്വാസികൾക്ക് ഒരു പാഠമാണെന്നത്രേ യൂദാ പറയുന്നത്. ദൈവദാസൻമാർ ദ്രവ്യദാസൻമാരായാൽ ബിലെയാമിനു തുല്യരാകും. ദൈവഹിതപ്രകാരമല്ലാത്ത യാത്രകൾ അവർ നടത്തും. ഉരിയാടാക്കഴുത സംസാരിച്ചാലും അവർ പാഠം പഠിക്കുകയില്ല. ബാലാക്കിന്റെ പണം തട്ടാനായി അവർ സകല അടവുകളും പ്രയോഗിക്കും. ഒടുവിൽ അത് അവരുടെ നാശത്തിനു കാരണമാകുകയും ചെയ്യും.

ബിലെയാമിന്റെ പിൻമുറക്കാരായ ചിലർ ഇപ്പോൾ പത്രപ്രവർത്തന രംഗത്തേക്കും കടന്നിരിക്കുന്നു. പണം ലഭിച്ചാൽ അവർ ആർക്കെതിരെയും എഴുതും. എത്ര വലിയ ഭോഷ്ക്കും എഴുതും. ഏതു സർപ്പസന്തതിയെയും പാടിപ്പുകഴ്ത്തും. സപ്ലിമെന്റ് ഇറക്കും. മുഴുപ്പേജ് പരസ്യമിടും.

ഇത്തരക്കാരെ സഭാകേന്ദ്രങ്ങളിലും കാണാം. നേതാക്കൻമാരുടെ മഹത്വം വാഴ്ത്തിപ്പാടുക, വിമത പക്ഷത്തെ അവഹേളിക്കുക തുടങ്ങിയതൊക്കെയാണ് ഇവരുടെ മുഖ്യ പരിപാടി. ധനസമ്പാദനം മാത്രമാണ് ഇവരുടെ ലക്ഷ്യം. എങ്കിലും ഈ വൈതാളികരെ സഭാനേതൃത്വം തിരിച്ചറിഞ്ഞ് ഒഴിവാക്കാറില്ല.

ഇത്തരക്കാരുടെ വഴിവിട്ട പോക്കിനെതിരെ ശബ്ദമുയർത്തുന്നവർ കഷ്ടത്തിലാകുമെന്നു തീർച്ച. ദർശനം കണ്ട കഴുത സംസാരിച്ചു. പ്രവാചകന്റെ വഴിവിട്ട പോക്കിനെതിരെ പ്രതികരിച്ചു. എന്നിട്ടെന്തുണ്ടായി? കഴുതയ്ക്കു കുറെ അടി കിട്ടി. പ്രവാചകൻ തെറ്റു തിരുത്തിയതുമില്ല.

ഭക്തൻമാർ മരിക്കുന്നതുപോലെ മരിക്കാൻ കഴിയും എന്ന പ്രതീക്ഷയിലാണ് ബിലെയാമിനെപ്പോലുള്ളവർ ശപിക്കാനിറങ്ങുന്നത്. പക്ഷേ കൂലിക്കു ശപിക്കാനോ അനുഗ്രഹിക്കാനോ നടക്കുന്നവൻ ഭക്തനല്ലെന്നു മാത്രമല്ല അവനു ഭക്തൻമാരെപ്പോലെ മരിക്കാനും കഴിയുന്നതല്ല.

ബാലാക്കിന്റെ പണം കണ്ടു കണ്ണു മഞ്ഞളിച്ചുപോയാൽ പ്രവാചകനു വഴിതെറ്റും. പണക്കാരന്റെ കൂലിക്കാരൻ എന്ന നിലവാരത്തിലേക്കു ദൈവദാസൻമാർ അധഃപതിക്കും. ദൈവമക്കളെ തിരിച്ചറിയാനുള്ള കഴിവ് നഷ്ടമാകും. കാരണം കൂടാതെ ശപിക്കും. സമനിലപോലും നഷ്ടമാകും. ഒടുവിൽ ബിലെയാമിനെപ്പോലെ വാളിന്നിരയാകും.

## വീട്ടിൽ ഒരു ബൈബിൾസ്ക്കൂൾ

വീട്ടിലിരുന്ന്, പരസഹായം കൂടാതെ, ദൈവവചനം പഠിക്കാൻ സഹായകമായ എം.പി.3 ഓഡിയോ സീഡികൾ. കമ്പ്യൂട്ടറിലും വി.സി.ഡി./ഡി.വി.ഡി പ്ലെയറിലും ഉപയോഗിക്കാം. ഒരു സി.ഡിയിൽ 10 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. 10 സി.ഡികളിലായി 100 മണിക്കൂർ ദൈർഘ്യമുള്ള ക്ലാസ്സ്. വില: 900 രൂപ.

**വിഷയവിവരം:**

സി.ഡി.-1: അടിസ്ഥാന വേദോപദേശങ്ങൾ (രക്ഷ, സ്നാനം, പരിശുദ്ധാത്മസ്നാനം, വേർപാട്, കൂട്ടായ്മ, തിരുവത്താഴം, പ്രാർത്ഥന, വിശ്വാസജീവിതം തുടങ്ങിയവ).
സി.ഡി.-2: കൾട്ടുകൾ (കൾട്ടിന്റെ ലക്ഷണങ്ങൾ, യഹോവാസാക്ഷികൾ, ശാബതുകാർ, ബ്രൻഹാമിസം, റ്റി.പി.എം, മൊർമോൺ, ആത്മാവ്, നരകം, ത്രിത്വം.....).
സി.ഡി.-3: ആത്മലോകം (അദൃശ്യലോകം, കൃപാവരങ്ങൾ, ആത്മവിവശത, ദൈവദൂതൻമാർ, സാത്താന്യ തന്ത്രങ്ങൾ, ഭൂതബാധ, ഒക്കൾട്ട്, വഞ്ചിക്കുന്ന പിശാച്).
സി.ഡി.-4: ദുരുപദേശങ്ങൾ (ഉപദേശവും ദുരുപദേശവും, സ്വർഗ്ഗരാജ്യം, പൗരോഹിത്യം, കൂദാശകൾ, കന്യാമറിയം, വിശുദ്ധൻമാർ, സെന്റ് തോമസ്, പെരുന്നാളുകൾ).
സി.ഡി.5: ലോക മതങ്ങൾ (മതങ്ങളുടെ ഉത്ഭവം, ഹിന്ദുമതം, പ്രജാപതിപ്രശ്നം, ഇസ്ലാംമതം, ബുദ്ധമതം, ജൈനമതം, സിക്ക് മതം, സൊരവാസ്ട്രിയൻ മതം.....).
സി.ഡി.-6: വ്യാഖ്യാനശാസ്ത്രം (പഴയനിയമവ്യാഖ്യാനം, പുതിയനിയമവ്യാഖ്യാനം).
സി.ഡി.-7: ഭാവികാലശാസ്ത്രം (ഭാവികാലവും ബൈബിളും, മരണാനന്തരജീവിതം, യേശുവിന്റെ മടങ്ങിവരവ്, 70 ആഴ്ചവട്ടം, വെളിപ്പാടുപുസ്തകം, ന്യായവിധികൾ).
സി.ഡി.-8: ബൈബിളിൽ തെറ്റുണ്ടോ? (ബൈബിളിൽ തെറ്റുണ്ടെന്നു വാദിക്കുന്നവർ ഉന്നയിക്കുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-9: ദൈവശാസ്ത്രപരമായ സംശയങ്ങൾ (ദൈവശാസ്ത്രവുമായി ബന്ധപ്പെട്ടുണ്ടാകുന്ന സംശയങ്ങൾക്കുള്ള മറുപടികൾ).
സി.ഡി.-10: ധാർമ്മിക പ്രശ്നങ്ങൾ (ആത്മാവിന്റെ പ്രമാണം, വൈവാഹിക പ്രശ്നങ്ങൾ, കുടുംബജീവിതം, മദ്യവും മയക്കുമരുന്നും, ആഭരണപ്രശ്നം തുടങ്ങിയവ).

## നിങ്ങൾക്കും പ്രസംഗകനാകാം

പുതിയനിയമത്തിൽ നിന്ന് 100 പ്രസംഗങ്ങളാണ് ഈ സി.ഡികളിൽ ഉള്ളത്. എം.പി.3 ഫോർമാറ്റിൽ 10 സി.ഡികൾ. ദൈവവചനത്തെ ദുർവ്യാഖ്യാനം ചെയ്യുന്നത് ഒഴിവാക്കുന്നതിനും വസ്തുനിഷ്ഠമായി ദൈവവചനം പ്രസംഗിക്കുന്നതിനും സഹായകം. ദൈവവചനം പ്രസംഗിക്കുന്നവർക്കുവേണ്ടി തയ്യാറാക്കിയത്. വില: 900 രൂപ.
സി.ഡി.-1: പുതിയനിയമം, പ്രോഗ്രസ് റിപ്പോർട്ട്, അജ്ഞാതദേവൻ, പ്രാകൃതമനുഷ്യൻ, എല്ലാം നൻമക്കായി, നിർമ്മല കന്യക, അധർമ്മത്തിന്റെ മർമ്മം, പരിശോധന, ഇവയിലധികമായി, നല്ല ശമര്യാക്കാരൻ.... തുടങ്ങിയവ.
സി.ഡി.-2: സ്നാപകൻ, കള്ളൻമാരുടെ ഗുഹ, മറുരൂപമലയിൽ, ധനവാനും ലാസറും, വചനംജഡമായി, ജീവജലം, സാക്ഷികൾ, എലീമാസ്, ചെന്നായ്ക്കൾ, സുവിശേഷം.
സി.ഡി.-3: നസ്രായൻ, നഷ്ടപ്പെട്ടവ, കാനായിൽ, വേലക്കാർ, ഓഡിനേഷൻ, വിപ്ലവം, പത്തുകന്യകമാർ, സത്യസുവിശേഷം, ന്യായവിധി, സാത്താന്റെ ദൂതൻ.
സി.ഡി.-4: ആത്മീയയുദ്ധം, വേർപാട്, ഓട്ടക്കളത്തിൽ, ഏക മദ്ധ്യസ്ഥൻ, ദുരുപദേശം, ഒനേസിമൊസ്, ഏകലക്ഷ്യം, മരിച്ചവരോടും, പ്രതിരോധം, വ്യാജൻമാർ.
സി.ഡി.-5: ദുരുപദേശക്കാർ, ദൈവമക്കൾ, ദുഷ്ടഹൃദയം, അടിസ്ഥാനം, ശുശ്രൂഷകർ, ഇണയല്ലാപ്പിണ, ശുദ്ധവും അശുദ്ധവും, പിതൃദേശം, ദൃഷ്ടാന്തങ്ങൾ, നല്ല ഇടയൻ.
സി.ഡി.-6: വെളിച്ചം, അത്ഭുതവിടുതൽ, ബലവാൻ, തൈലാഭിഷേകം, അടയാളങ്ങൾ, ദൈവംനട്ടത്, പൂർണ്ണസുവിശേഷം, ദേഹിയും ആത്മാവും, ശരിയായ സ്നാനം......
സി.ഡി.-7: പോരാട്ടം, യേശു ആര്?, സഭയെന്ന ദൈവാലയം, പാതാള ഗോപുരങ്ങൾ, സ്വർഗ്ഗരാജ്യം, ഇടർച്ചക്കാരൻ, പിൻമാറ്റം, മൂപ്പൻമാർ, തിരുവചനം, സൈമണി.
സി.ഡി.-8: മുന്തിരിവള്ളി, തിൻമയ്ക്കെതിരേ, നിത്യജീവൻ, അയയ്ക്കപ്പെട്ടവർ, എഴുന്നേറ്റുനടക്ക, പുനരുത്ഥാനം, നിത്യ പൗരോഹിത്യം, വീണ്ടുംജനനം......
സി.ഡി.-9: സത്യനമസ്ക്കാരം, ഉപവാസം, പാപം ചെയ്യാത്തവർ, കരുണയിൽ, തെറ്റിയൊഴിയുമോ, കുരുടൻമാർ, ശുശ്രൂഷകർ, മൂന്നു പരീക്ഷകൾ, തലീഥ കുമി....
സി.ഡി.-10: മാനസാന്തരപ്പെടുക, മരണപര്യന്തം, സാത്താന്റെ സിംഹാസനം, എല്ലാം കാണുന്നവൻ, ഉണരുക, തുറന്ന വാതിൽ, വാതിൽക്കൽ, ദൈവം മനുഷ്യരോടൊപ്പം.

വില: (ഇന്ത്യയിൽ) 10 സി.ഡികളുടെ സെറ്റ് - 900 രൂപ. രണ്ടു സെറ്റുകളും ചേർത്ത്-1800 രൂപ. പോസ്റ്റേജ് സൗജന്യം. വിദേശ രാജ്യങ്ങളിലേക്ക് സി.ഡികൾ പോസ്റ്റിൽ അയയ്ക്കുന്നതിനു നിയന്ത്രണമുണ്ട്. ആകയാൽ വിദേശ രാജ്യങ്ങളിലുള്ളവർ ഇന്ത്യയിലെ വിലാസം അറിയിക്കുക. (വിദേശത്തേക്കു സി.ഡി. അയയ്ക്കുന്നതല്ല.) എന്നാൽ ഗൾഫ് രാജ്യങ്ങൾ ഒഴികെയുള്ള വിദേശ രാജ്യങ്ങളിലേക്ക് യു.എസ്.ബി. ഡ്രൈവിലുള്ള പ്രസംഗങ്ങൾ അയയ്ക്കുന്നതാണ്. വില: (200 മണിക്കൂർ)-100 ഡോളർ. കൂടുതൽ വിവരങ്ങൾക്ക് tsbalan@yahoo.com എന്ന ഈമെയിലിൽ ബന്ധപ്പെടുക. വില T.S.Balan എന്ന പേരിൽ ചെക്ക്/ഡി.ഡി./മണിയോഡർ ആയി താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക. ഡിഫെൻഡറിന്റെ പേരിൽ ചെക്ക്/ഡിഡി അയയ്ക്കരുത്.

**Address: T.S.Balan, Anand Bhavan, Near: KSRTC, Perumbavoor P.O., Ernakulam Dist. Pin. 683 542**

Printed, Published and Owned by T.S.Balan, Anand Bhavan, Valayanchirangara P.O., Ernakulam District, Kerala, Pin. 683556. Printed at: Perumbavoor Printers, Best Complex, Perumbavoor P.O., Ernakulam Dist., Kerala, 683542. Published at Anand Bhavan, Valayanchirangara P.O., Ernakulam District, Kerala, Pin. 683556. Editor: T.S.Balan